# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പന്തളം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**പത്തനംതിട്ട-689645**

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി.2/91/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 28/03/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പന്തളം മുനിസിപ്പാലിറ്റി

സർ,

**വിഷയം : പന്തളം മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്തളം മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (എയിംസിൽ)
2.ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട
3.കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി.2/91/2025 തീയ്യതി: 28/03/2025

## പത്തനംതിട്ട ജില്ലയിലെ പന്തളം മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പന്തളം മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2024 മുതൽ 31-12-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-01-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സ്നിഗ്ധ എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 22-01-2025 | 31-01-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-01-2025 | 31-01-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ചന്ദ്രശേഖരൻ ജി , ഓഡിറ്റ് ഓഫീസർ

വീണ സി, ഓഡിറ്റ് ഓഫീസർ

മുഹമ്മദ് സലിം റ്റി, ഓഡിറ്റ് ഓഫീസർ

മഹേഷ് കുമാർ കെ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ഹരികുമാർ എം അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

അരുൺ കുമാർ എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സ്മിത റ്റി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

അശ്വതി വി നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

മുഹമ്മദ് ഷാഫി, ഓഡിറ്റർ

സിന്ധുമോൾ വി. എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുശീല സന്തോഷ് | ചെയർപേഴ്സൺ | 01-04-2023 | 31-03-2024 |
| ശ്രീമതി അനിത ഇ.ബി. | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രാധിക എസ്. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡോ. നിതിൻ എ. സലാം | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | 01-04-2023 | 31-03-2024 |
| ഡോ. ശാന്തി | മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | 01-04-2023 | 31-03-2024 |
| ഡോ. നിഷ | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2023 | 31-03-2024 |
| ഡോ. അനീസ് സി .എ. | സീനിയർ വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി സൗമ്യ ശേഖർ | കൃഷി ഫീൽഡ് ഓഫീസർ | 01-04-2023 | 05-05-2023 |
| ശ്രീമതി ചന്ദന ആർ. | കൃഷി ഫീൽഡ് ഓഫീസർ | 06-05-2023 | 05-07-2023 |
| ശ്രീ.വിപിൻ വി. | കൃഷി ഫീൽഡ് ഓഫീസർ | 06-07-2023 | 31-03-2024 |
| ശ്രീമതി മായ എൽ. | പ്രിൻസിപ്പൽ ജി.എച്ച്. എസ്. എസ് | 01-04-2023 | 27-10-2023 |
| ശ്രീ.സുനിൽ കുമാർ ജി. | പ്രിൻസിപ്പൽ ജി.എച്ച്. എസ്. എസ് | 28-10-2023 | 31-03-2024 |
| ശ്രീ. പുഷ്പകുമാർ കെ. | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2023 | 17-07-2023 |
| ശ്രീ.കൃഷ്ണകുമാർ വി. | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 18-07-2023 | 31-03-2024 |
| ശ്രീമതി ഗിരിജാകുമാരി കെ. എസ്. | സൂപ്രണ്ട് (പട്ടികജാതി വികസന ഓഫീസറുടെ ചാർജ്ജ്) | 01-04-2023 | 31-03-2024 |
| ശ്രീ. സലിം | ക്ലീൻ സിറ്റി മാനേജർ | 01-04-2023 | 11-07-2023 |
| ശ്രീ. ബിനോയി ബി.ജി. | ക്ലീൻ സിറ്റി മാനേജർ | 12-07-2023 | 31-03-2024 |
| ശ്രീമതി ശരണ്യ എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി സുനിത ബീഗം ഇ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി രഞ്ജിനി പി.കെ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കെ-സ്മാർട്ട് ആപ്ലിക്കേഷനിലെ അപാകതകൾ– വാർഷിക കണക്കുകളുടെ സുതാര്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല | 1-1-1 |
| 3 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-2 |
| 4 | വസ്തു നികുതി -ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ സംക്ഷിപ്തം തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല | 1-1-3 |
| 5 | വിവിധ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഇല്ല | 1-1-4 |
| 6 | ഗ്രാന്റുകളുടെ നീക്കിയിരുപ്പ്- B-4, B-17, ഷെഡ്യൂളുകളിലെ തുകകൾ പൊരുത്തപ്പെടുത്തുന്നില്ല | 1-1-5 |
| 7 | ഡെപ്പോസിറ്റ് ഇനത്തിലുള്ള ബാധ്യത തുകകളുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-6 |
| 8 | ഷെഡ്യൂൾ ബി-9 - ബാധ്യത തുകകളുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-7 |
| 9 | ചെലവുകൾ തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി | 1-1-8 |
| 10 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-9 |
| 11 | ബാങ്ക് റീക്കൺസിലിയേഷൻ നടത്തിയിട്ടില്ല | 1-1-10 |
| 12 | ബാങ്ക് അക്കൗണ്ട് - സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിക്കാനായില്ല | 1-1-11 |
| 13 | നിക്ഷേപ പ്രവൃത്തികൾ - നീക്കിയിരിപ്പ് തുക കൃത്യമല്ല | 1-1-12 |
| 14 | ഷെഡ്യൂൾ ബി-18 -നീക്കിയിരിപ്പ് തുകകൾ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-13 |
| 15 | ജീവനക്കാർക്ക് നൽകുന്ന മുൻകൂറുകൾ - വാർഷിക കണക്കിലെ തുകയും രജിസ്റ്ററിലെ തുകയും പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | തൊഴിലുറപ്പ് പദ്ധതിയുടെ വരവ്, ചെലവ് കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | ലോൺ ഇനത്തിലുള്ള നീക്കിയിരുപ്പ്- വാർഷിക കണക്കിലെ തുക യഥാർത്ഥ തുകയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-16 |
| 18 | Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിച്ചിട്ടില്ല | 1-1-17 |
| 19 | ജേണൽ എൻട്രികൾക്കു ആധികാരികതയില്ല | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | സാമ്പത്തിക വിശകലനം | 1-3 |
| 22 | ഗ്രാന്റ് വിനിയോഗം | 1-4 |
| 23 | പദ്ധതി അവലോകനം | 1-5 |
| 24 | അയ്യങ്കാളി നഗര തൊഴിലുറപ്പ പദ്ധതി | 1-6 |
| 25 | ക്ഷേമ പെൻഷൻ | 1-7 |
| 26 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 27 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 28 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 29 | നഗരസഭയുടെ 1.28 കോടി രൂപ പലിശരഹിത അക്കൗണ്ടിൽ | 1-11 |
| 30 | ഓൺലൈൻ മുഖേനയുള്ള വരവ് കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല | 1-12 |
| 31 | തനത് ഫണ്ട് പിരിച്ചെടുക്കുന്നതിൽ വീഴ്ച-പ്ലാൻ ഫണ്ട് അലോട്ട് മെന്റിൽ നിന്നും തുക നഷ്ടപ്പെട്ടു | 1-13 |
| 32 | പൊതു ലേലം- ലേല തുക ഒടുക്കിയത് സംബന്ധിച്ച് വ്യക്തതയില്ല | 1-14 |
| 33 | വസ്തുനികുതി പരിഷ്കരണം - നടപടികൾ പൂർത്തിയായില്ല, പിരിച്ചെടുക്കാനുള്ളത് 5.4 കോടി | 1-15 |
| 34 | ഡിമാന്റിൽ ഉൾപ്പെടാതെ മൊബൈൽ ടവറുകളും, സർക്കാർ കെട്ടിടങ്ങളും | 1-16 |
| 35 | ത്രിലോക് സിനിമാസ് -തിയേറ്റർ കോംപ്ളക്സിന്റെ വസ്തു നികുതി ഇനത്തിൽ 25ലക്ഷം കുടിശ്ശിക | 1-17 |
| 36 | തൊഴിൽ നികുതി- വിവരശേഖരണം മുതൽ നികുതി പിരിവു വരെയുള്ള നടപടിക്രമങ്ങൾ | 1-18 |

| | | |
|---|---|---|
| | കൃത്യമായി പാലിക്കുന്നില്ല | |
| 37 | ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്യപ്പെടാത്ത സ്ഥാപനങ്ങൾ | 1-18-1 |
| 38 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-18-2 |
| 39 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യപ്പെടാത്ത സ്ഥാപനങ്ങൾ | 1-18-3 |
| 40 | സ്വയംതൊഴിൽ ചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച | 1-18-4 |
| 41 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-18-5 |
| 42 | റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല | 1-18-6 |
| 43 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ -നടപടിക്രമങ്ങളിലെ അപാകങ്ങൾ | 1-19 |
| 44 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1- 19-1 |
| 45 | വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 1-19-2 |
| 46 | റേഷൻ കടകളുടെ ലൈസൻസ് ഫീസ് പിരിവ് കാര്യക്ഷമമല്ല | 1-19-3 |
| 47 | ത്രിലോക് സിനിമാ കോംപ്ളക്സ് - വിനോദനികുതി ഒടുക്കാതെ പ്രവർത്തനം നടത്തുന്നു | 1- 20 |
| 48 | രജിസ്ട്രേഷൻ ഇല്ലാതെ സ്വകാര്യആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-21 |
| 49 | ഡി.ഡി മുഖേന തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റായ തുക ബാങ്ക് ഡെബിററ് ചെയ്തു | 1-22 |
| 50 | വാടക കുടിശികയിനത്തിൽ ഈടാക്കാനുള്ളത് 41.63 ലക്ഷം രൂപ | 1-23 |
| 51 | കൗൺസിൽ യോഗങ്ങളുടെ മിനിട്ട്സ് അംഗീകരിക്കുന്നതിൽ ചട്ട പ്രകാരമുള്ള സമയ പരിധി പാലിച്ചില്ല. | 1-24 |
| 52 | പൊതുടാപ്പുകളുടെ വെള്ളക്കരം പ്രതിവർഷം 1.20 കോടി രൂപ- ചെലവ് ചുരുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 1-25 |
| 53 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല- പ്രതിവർഷ ചെലവ് 40 ലക്ഷം രൂപ | 1-26 |
| 54 | വാഹനങ്ങളുടെ പരിപാലനം - ചട്ടങ്ങൾ പാലിക്കുന്നില്ല | 1-27 |
| 55 | കേടായ വാഹനങ്ങൾ അറ്റകുറ്റപണി നടത്താത്തതുമൂലം നശിക്കുന്നു | 1-28 |
| 56 | ഓരേ പ്രോജക്റ്റിൽ വ്യത്യസ്ത നിരക്കിൽ ധനസഹായം നൽകിയത് ക്രമപ്രകാരമല്ല. | 1-29 |
| 57 | വീട് വാസയോഗ്യമാക്കൽ പദ്ധതി- ഗുണഭോക്താക്കൾ പണി പൂർത്തിയാക്കാൻ അവശേഷിക്കുന്നു | 1-30 |
| 58 | വീട് വാസയോഗ്യമാക്കൽ ജനറൽ - പ്രോജക്റ്റിന്റെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല | 1-31 |
| 59 | എൽ.പി.സ്കൂളിന് ഉപകരണങ്ങൾ വാങ്ങൽ - പ്രോജക്ട് ലക്ഷ്യം കണ്ടില്ല | 1-32 |
| 60 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - പ്രോജക്റ്റ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. | 1-33 |
| 61 | DPR തയ്യാറാക്കുന്നതിനുള്ള തുക യഥാസമയം നൽകാത്തതിനാൽ ക്രിമറ്റോറിയം നിർമ്മാണം നടപ്പായില്ല | 1-34 |
| 62 | അമൃത് കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം. | 1-35 |
| 63 | അങ്കണവാടി നിർമ്മിക്കുന്നതിനു മുന്നോടിയായുള്ള ചുറ്റമതിൽ നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചു. | 1-36 |
| 64 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ സമയബന്ധിതമായി വേതനം നൽകുന്നില്ല. | 1-37 |
| 65 | റോഡ് ടാറിംങ്/റീ ടാറിംങ് പ്രവൃത്തികളിൽ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നില്ല. | 1-38 |
| 66 | ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല- | 1-39 |
| 67 | പോർട്ടബിൾ ബയോകമ്പോസ്റ്റർ ബിൻ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-40 |
| 68 | ദുരിതാശ്വാസ നിധി നിർജ്ജീവം | 1-41 |
| 69 | സിവിൽ നിക്ഷേപങ്ങൾ–കാലഹരണപ്പെട്ട 20.25 ലക്ഷം രൂപ നഗരസഭയുടെ ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-42 |
| 70 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗം വർദ്ധിപ്പിക്കുന്നതിനു നടപടി ഊർജ്ജിതപ്പെടുത്തേണ്ടതാണ് | 1-43 |
| 71 | മുൻകൂർ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു | 1-44 |
| 72 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ– അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം | 1-45 |

| | | |
|---|---|---|
| 73 | മുട്ടാർ നീർച്ചാലിലെ മാലിന്യം നീക്കം ചെയ്യൽ - പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ. | 1-46 |
| 74 | വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചത് -പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച | 1-47 |
| 75 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കുന്നില്ല | 1-48 |
| 76 | ഹരിത കർമ്മ സേന - അവലോകനം | 1-49 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മുട്ടാർ നീർച്ചാലിലെ മാലിന്യം നീക്കം ചെയ്യൽ–പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ മുൻകറുകൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പന്തളം മുനിസിപ്പാലിറ്റിയുടെ 2024 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 30-7-2024 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 3-09-2024 തീയ്യതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1 & 11.3, എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മിഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭാ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) സി& എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി, ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടുകൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പന്തളം മുനിസിപ്പാലിറ്റിയുടെ 2023-24 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

**സീനിയർഡെപ്യൂട്ടിഡയറക്ടർ**

**പത്തനംതിട്ട**

**28/03/2025**

## 1-1-1 കെ-സ്മാർട്ട് ആപ്ലിക്കേഷനിലെ അപാകതകൾ- വാർഷിക കണക്കുകളുടെ സുതാര്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല

സംസ്ഥാനത്തെ നഗരപാലിക സ്ഥാപനങ്ങൾക്കായി ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) തയ്യാറാക്കിയിട്ടുള്ള കെ-സ്മാർട്ട് (Kerala Solutions For Managing Administrative Reformation And Transformation) ആപ്ലിക്കേഷനിൽ അനുവദിച്ചിട്ടുള്ള ഓഡിറ്റർ ലോഗിൻ മുഖേന നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള അപാകതകളും ന്യൂനതകളും ചുവടെ ചേർക്കുന്നു.

1. കേരള മുനിസിപ്പാലിറ്റി നിയമങ്ങളിലും ചട്ടങ്ങളിലും നിർവചിച്ചിട്ടുള്ള വിവിധ ഫോമുകളുടേയും രജിസ്റ്ററുകളുടേയും മാതൃകയിൽ മാറ്റം വരുത്തി കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

2. കെ-സ്മാർട്ടിൽ നിന്നും 01.01.2024 മുതൽ 31.03.2024 വരെയുള്ള ഡാറ്റാ സാംഖ്യയിലേക്ക് പോർട്ട് ചെയ്താണ്

2023-24 വർഷത്തെ ധനകാര്യ പത്രിക തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ പോർട്ട് ചെയ്ത ഇടപാടുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന യാതൊരു രേഖകളോ, അവ പരിശോധിക്കാനുള്ള സംവിധാനങ്ങളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 01.01.2024 മുതൽ 31.03.2024 വരെ കെ-സ്മാർട്ടിലൂടെ നടത്തിയിട്ടുള്ള മുഴുവൻ വരവ്-ചെലവുകളും 2023-24 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തുവാൻ സാധിച്ചിട്ടില്ല.

3. 2023-24 വാർഷിക കണക്ക് പ്രകാരമുള്ള ആകെ വരവ്/ചെലവ് എന്നത് സാംഖ്യ പ്രകാരം 01.04.2023 മുതൽ 31.12.2023 വരെയുള്ള വരവ്/ചെലവിന്റെയും കെ-സ്മാർട്ട് പ്രകാരം 01.01.2024 മുതൽ 31.03.2024 വരെയുള്ള വരവ്/ചെലവിന്റേയും ആകെ തുകയാകേണ്ടതാണ്. എന്നാൽ പല ഇനങ്ങളിലും സാംഖ്യപ്രകാരം 01.04.2023 മുതൽ 31.12.2023 വരെയുള്ള വരവിന്റെയും കെ-സ്മാർട്ട് പ്രകാരം 01.01.2024 മുതൽ 31.03.2024 വരെയുള്ള വരവിന്റെയും ആകെ തുകയല്ല വാർഷിക ധനകാര്യ പത്രിക പ്രകാരം 31.03.2024 ലെ വരവ് തുക എന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്. കൂടാതെ 01.01.2024 മുതൽ 31.03.2024 വരെ ചില ഇനങ്ങളിലുള്ള ചെലവുകൾ കെ-സ്മാർട്ടിലോ സാംഖ്യ ലഡ്ജറിലോ ഉൾപ്പെട്ടിട്ടില്ല.

4. സാംഖ്യയിൽ ഹെഡുകൾ അനുവദിച്ചിരുന്ന പല ഇനങ്ങൾക്കും കെ-സ്മാർട്ടിൽ ഹെഡുകൾ അനുവദിക്കപ്പെട്ടിട്ടില്ല. കൂടാതെ പല ഇനങ്ങളുടെയും സാംഖ്യ പ്രകാരമുള്ള ഹെഡ് ഓഫ് അക്കൗണ്ടും കെ-സ്മാർട്ടിലെ ഹെഡ് ഓഫ് അക്കൗണ്ടും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5. കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ വസ്തു നികുതി പിരിക്കുന്നതിനായി ഉപയോഗിക്കുന്ന ഇ-പോസ് മെഷീനുകളുടെ കൺസോളിഡേഷൻ സ്റ്റേറ്റ്മെന്റ്, ഇ-പോസ് മെഷീനുമായി ബന്ധപ്പെടുത്തിയിട്ടുള്ള ബാങ്ക് ബുക്ക്, പ്രസ്തുത ബാങ്കിന്റെ സ്റ്റേറ്റ്മെന്റ് എന്നിവ പൊരുത്തപ്പെടുന്നില്ല.

6. കെ-സ്മാർട്ട് നിലവിൽ വന്നശേഷം വിവിധ അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക് തുകകൾ ബാങ്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തുന്നതിനായി മുൻമാസങ്ങളിലെ/വർഷങ്ങളിലെ റിക്കൺസിലിയേഷനു കളിൽ ഉൾപ്പെട്ട തുകകൾ പരിശോധന കൂടാതെ സാംഖ്യയിൽ അഡ്ജസ്റ്റ്മെന്റ് എൻടികൾ നൽകി ക്രമീകരിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഐ.കെ.എം. പേമെന്റ് ഗേറ്റ് വേയിലൂടെ അതാത് തദ്ദേശ സ്ഥാപനത്തിന്റെ വരവ് തുക ലഭിക്കുന്നതിലെ നീണ്ട കാലതാമസവും ഇനം തിരിച്ച് വരവ് ലഭിക്കാത്തതും റീകൺസിലേഷന് കാര്യമായ തടസ്സം സൃഷ്ടിക്കുന്നുണ്ട്. ആയതിനാൽ സ്ഥാപനത്തിന്റെ വരവിലെ ഇനം തിരിച്ചുള്ള കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

7. ഒരു നികുതിദായകൻ ഒരു ചെക്ക് ഉപയോഗിച്ച് ഒന്നിലേറെ ഡിമാന്റ് തുകകൾ ഒടുക്കി രസീതുകൾ കൈപ്പറ്റുന്ന സംഗതികളിൽ പലപ്പോഴും എല്ലാ രസീതുകൾ പ്രകാരമുള്ള തുകയും ചെക്ക് റിസീവ്ഡ് രജിസ്റ്ററിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ ചെക്ക് റീസിവ്ഡ് രജിസ്റ്റർ, ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയിൽ പൊരുത്തക്കേട് നിലനിൽക്കുന്നു.

8. ഒരു നികുതിദായകൻ ഒരു ഡിമാന്റ് തുകയുടെ ഒരു ഭാഗം ചെക്ക് മുഖേനയും ശേഷിക്കുന്നത് ക്യാഷ് മുഖേനയും ഒടുക്ക് വരുത്തുന്ന സന്ദർഭത്തിൽ ചെക്ക് റീസീവ്ഡ് രജിസ്റ്ററിൽ ആകെ വരവ് തുക ചെക്കും ക്യാഷും കൂടി ചേർന്ന തുകയാണ് രേഖപ്പെടുത്തുന്നത്. എന്നാൽ ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെൻ്റ് എന്നിവയിൽ ചെക്ക് പ്രകാരമുള്ള തുക മാത്രമാണ് വരവായി രേഖപ്പെടുത്തുന്നത്.

9. ഒരു നികുതിദായകൻ ഒന്നിലേറെ ചെക്കുകൾ ഉപയോഗിച്ച് ഒരു ഡിമാൻ്റ് ഒടുക്കി രസീത് കൈപ്പറ്റുന്ന സംഗതിയിൽ ചെക്ക് റീസീവ്ഡ് രജിസ്റ്ററിൽ സമർപ്പിക്കപ്പെട്ട ചെക്കുകളുടെ ആകെ തുക ഓരോ ചെക്കിനു നേരെയും രേഖപ്പെടുത്തുന്നു. ആയതിനാൽ ചെക്ക് റീസീവ്ഡ് രജിസ്റ്റർ, ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെൻ്റ് എന്നിവയിൽ പൊരുത്തക്കേട് നിലനിൽക്കുന്നു.

10. ഓരോ ശീർഷകങ്ങൾക്കുമെതിരെയുള്ള ഹെഡ് വൈസ് കൺസോളിഡേഷൻ റിപ്പോർട്ട് ലഭ്യമല്ലാത്തതിനാൽ ഡിമാൻ്റ് തുക പൂർണ്ണമായി പിരിച്ചെടുക്കപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

11. കെ-സ്മാർട്ടിൽ നിന്നും ജനറേറ്റ് ചെയ്ത് ലഭിക്കുന്ന റിപ്പോർട്ടുകളിലെ വിവരങ്ങൾ ചില അവസരങ്ങളിൽ കൃത്യമല്ലാത്തതും അരിത്മെറ്റിക്കൽ ആക്കുറസി ഇല്ലാത്തതുമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരേ റിപ്പോർട്ട് തന്നെ 'വ്യൂ' ചെയ്യുമ്പോൾ ലഭിക്കുന്ന വിവരങ്ങളും 'ഡൗൺലോഡ്'' ചെയ്തെടുക്കുമ്പോൾ ലഭിക്കുന്ന വിവരങ്ങളും തമ്മിൽ ചില അവസരങ്ങളിൽ പൊരുത്തക്കേടുകൾ കാണുന്നു.

12. തൊഴിൽ നികുതിക്ക് കെ-സ്മാർട്ടിൽ നിലവിലും മൊഡ്യൂൾ സജ്ജമായിട്ടില്ലാത്തതും ലൈസൻസ് മൊഡ്യൂൾ പ്രവർത്തന സജ്ജവുമാണ്. ആയതിനാൽ ട്രേഡ്സ് തൊഴിൽനികുതി-ലൈസൻസ് ബന്ധപ്പെടുത്തിയുള്ള പരിശോധന കെ-സ്മാർട്ടിലൂടെ സാധിക്കുന്നില്ല. ഐ.കെ.എം. പേമെന്റ് ഗേറ്റ് വേ വഴി പണം മുനിസിപ്പൽ

അക്കൗണ്ടിൽ ക്രഡിറ്റ് വരുന്നതിലുള്ള കാലതാമസവും, കെ സ്മാർട്ട് എന്ന സാങ്കേതിക സംവിധാനത്തിൽ നിലനിൽക്കുന്ന മേൽ പരാമർശ അപാകതകളും സ്ഥാപനത്തിന്റെ അക്കൗണ്ടിംഗിന്റെ സുതാര്യത ഉറപ്പാക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുന്നു. അപാകതകൾക്ക് പരിഹാരം കണ്ടെത്തി വരവ് ചെലവുകളിലെ കൃത്യതയും സുതാര്യതയും ഉറപ്പാക്കുന്ന വിധത്തിൽ ആവശ്യമായ മാറ്റങ്ങൾ സാങ്കേതിക സംവിധാനങ്ങളിൽ അടിയന്തിരമായി നടപ്പിലാക്കേണ്ടതുണ്ട്.

**1-1-2 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല**

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, വാടക, ലേലം എന്നീ വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്തി അക്കൗണ്ട് ചെയ്തിട്ടില്ല. വിവിധ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. വരവിനങ്ങളുടെ എല്ലാ ഡിമാന്റ് എൻട്രികളും മാർച്ച് 31-നാണ് വാർഷിക കണക്കിൽ ബുക്ക് ചെയ്തിരിക്കുന്നത്.

**1-1-3 വസ്തു നികുതി -ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ സംക്ഷിപ്തം തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല**

വസ്തു നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ സംക്ഷിപ്തം രേഖപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വസ്തു നികുതി, സർവ്വീസ് ടാക്സ്, ലൈബ്രറിസെസ്സ് എന്നിവയുടെ ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ്, അഡ്വാൻസ് ക്രമീകരിച്ചത്, ബാക്കി, മുൻകൂർ ലഭിച്ചത്, മുൻകൂർ ലഭിച്ച തുകയിൽ ക്രമീകരിച്ച ശേഷം ബാക്കി തുക എന്നിവ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

**1-1-4 വിവിധ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഇല്ല**

ഷെഡ്യൂൾ ബി-4: Grants And Contributions For Specific Purposes- വിവിധ ഹെഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടാനാവശ്യമായ എ.സി.ആർ., മറ്റ് അനുബന്ധ രേഖകൾ എന്നിവ സൂക്ഷിച്ചിട്ടില്ല.

**1-1-5 ഗ്രാന്റുകളുടെ നീക്കിയിരുപ്പ്- B-4, B-17, ഷെഡ്യൂളുകളിലെ തുകകൾ പൊരുത്തപ്പെടുത്തുന്നില്ല**

വിവിധ ഗ്രാന്റുകളുടെ നീക്കിയിരുപ്പായി വാർഷികകണക്കിലെ B-4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയും, B-17 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

| | B-4 ഷെഡ്യൂൾ പ്രകാരം | B-17 ഷെഡ്യൂൾ പ്രകാരം | വ്യത്യാസം |
|---|---|---|---|
| ധനകാര്യകമ്മീഷൻ-ടൈഡ് | 21540132+ 12342093 | 32886633 | 995592 |
| ധനകാര്യകമ്മീഷൻ-അൺ ടൈഡ് | ആകെ 33882225 | | |
| ഹെൽത്ത് ഗ്രാന്റ് | 3135000 | 3156350 | 21350 |
| ഹെൽത്ത് ആന്റ് വെൽനെസ്സ് ഗ്രാന്റ് | 3593336 | 3553546 | 39790 |

**1-1-6 ഡെപ്പോസിറ്റ് ഇനത്തിലുള്ള ബാധ്യത തുകകളുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല**

ഷെഡ്യൂൾ ബി-7: Deposits Received- രജിസ്റ്ററുകളുടെ അഭാവത്തിൽ, വിവിധ ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

**1-1-7 ഷെഡ്യൂൾ ബി-9 - ബാധ്യത തുകകളുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല**

ഷെഡ്യൂൾ ബി-9: Other Liabilities- ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനാവശ്യമായ രേഖകൾ ലഭ്യമല്ല.

**1-1-8 ചെലവുകൾ തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി**

ഷെഡ്യൂൾ I-4(b) : Water Charge (140500100), Electricity Charge (140500400)- ഈ ഇനത്തിലുള്ള ചെലവ് വരവ് ഹെഡിൽ തെറ്റായി ബുക്ക് ചെയ്തിരിക്കുന്നു. ആയതിനാൽ തുക (-) ആയി രേഖപ്പെടുത്തിയിരിക്കുന്നു.

**1-1-9 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല**

ഷെഡ്യൂൾ ബി-11: ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല. Capital Work-in Progress- ഫർണ്ണീച്ചറുകളും ഉപകരണങ്ങളും വാങ്ങിയത് തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു. ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവായ തുക കാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടില്ല.

## 1-1-10 ബാങ്ക് റീക്കൺസിലിയേഷൻ നടത്തിയിട്ടില്ല

ഷെഡ്യൂൾ ബി-17: Cash And Bank Balance- മുഴുവൻ ബാങ്ക് അക്കൗണ്ടുകളും റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല. നടത്തിയവയിൽ തന്നെ പലതിലും കൃത്യതയില്ല. മൂന്ന് വർഷം മുൻപ് നൽകിയ ചെക്ക് തുകകൾ വരെ ക്രമീകരിക്കാൻ അവശേഷിക്കുന്നു. ശരിയായ രീതിയിൽ ബാങ്ക് റിക്കൺസിലിയേഷൻ നടത്താത്ത ബാങ്ക് അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നം. | എ.എഫ്.എസ്. പ്രകാരം നീക്കിയിരിപ്പ് | പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|---|
| Canara Bank Own Fund | 2495101068623 | 6303460 | 7137656 | 834196 OK |
| SBI- Kurdfc | 38098167704 | 6096513 | 6095214 | -1299 |
| Provident Fund TSB | | 34319 | 340 | -33979 |
| Canara Bank K-Smart Online | 110160816378 | 2486024 | 1571011 | -915013 |
| New LGTSB | 0132 | (1548) | 0 | 1548 |
| SBI Epf Account | 035952258845 | 329486 | 330786 | 1300 |
| Kerala Gramina Bank SSA | 40316100100444 | 74490 | 0 | -74490 |
| Cananara Bank Health Wellness Account | 110049448351 | 3553546 | 4942151 | 1388605 |
| ICICI- CFC Grant | 210701000257 | 32886633 | 35472888 | 2586255 |
| Sbi D&O Licence Account | 39982776577 | 2793516 | 6646594 | 385307 |

## 1-1-11 ബാങ്ക് അക്കൗണ്ട് - സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിക്കാനായില്ല

ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ്/പാസ്സ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| | | |
|---|---|---|
| HDFC | 50200028759316 | 787240 |

## 1-1-12 നിക്ഷേപ പ്രവൃത്തികൾ - നീക്കിയിരിപ്പ് തുക കൃത്യമല്ല

ഷെഡ്യൂൾ ബി-18: Loans, Advances And Deposits- Electricity Deposits, Water Deposits- നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല. ഷെഡ്യൂൾ പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിച്ചിട്ടില്ല.

## 1-1-13 ഷെഡ്യൂൾ ബി-18 -നീക്കിയിരിപ്പ് തുകകൾ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

ഷെഡ്യൂൾ ബി-18: Other Advances-Municipal Funds, Other Deposits With External Agencies- തുകകൾ (-)ആയി രേഖപ്പെടുത്തിയിരിക്കുന്നു.

## 1-1-14 ജീവനക്കാർക്ക് നൽകുന്ന മുൻകൂറുകൾ - വാർഷിക കണക്കിലെ തുകയും രജിസ്റ്ററിലെ തുകയും പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി-18: Miscellaneous Advance- ജീവനക്കാർക്ക് നൽകുന്ന മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല. വാർഷിക കണക്കിലെ തുകയും ബന്ധപ്പെട്ട രജിസ്റ്ററിലെ തുകയും തമ്മിൽ വലിയ അന്തരമുണ്ട്.

### 1-1-15 തൊഴിലുറപ്പ് പദ്ധതിയുടെ വരവ്, ചെലവ് കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകളിലെ I-14 ഷെഡ്യൂൾ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ ചെലവ് തുകയായി (250200100 On Poverty Eradication Programme ) ചേർത്തിരിക്കുന്നത് 40,65,684 രൂപയാണ്. ഇതേ തുക തന്നെയാണ് വരവിലും (I-6 Revenue Grants-160109900-Other Revenue Grants) ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ഓഡിറ്റ് ചെയ്യപ്പെട്ട കണക്കുകൾ പ്രകാരം ചെലവ് 2,20,51,720 രൂപയാണ്.

### 1-1-16 ലോൺ ഇനത്തിലുള്ള നീക്കിയിരുപ്പ്- വാർഷിക കണക്കിലെ തുക യഥാർത്ഥ തുകയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു

ഷെഡ്യൂൾ ബി-5: Loan From KURDFC എന്ന ശീർഷകത്തിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള വായ്പ ഇനത്തിലുള്ള ബാധ്യത തുകയും (₹68,241,667) യഥാർത്ഥ തുകയും തമ്മിൽ (₹ 68,266,666) 24999 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

### 1-1-17 Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിച്ചിട്ടില്ല

ഷെഡ്യൂൾ I-18: Prior Period Expenditure & Income: രേഖപ്പെടുത്തിയിട്ടുള്ള തുകയ്ക്ക് ആധികാരിക രേഖകളുടെ പിൻബലമില്ല.

### 1-1-18 ജേണൽ എൻട്രികൾക്കു ആധികാരികതയില്ല

ജേണലുകൾ വഴി രേഖപ്പെടുത്തുന്ന എൻട്രികൾക്ക് ആധികാരികതയില്ല. അംഗീകൃത വൗച്ചറുകളോ രേഖകളോ സൂക്ഷിച്ചിട്ടില്ല.

### 1-2 ബജറ്റ്

| | |
|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് പാസ്സാക്കിയ തീയതി | 10.03.2023 |
| നഗരസഭ കൗൺസിൽ ബജറ്റ് പാസ്സാക്കിയ തീയതി | 17.03.2023 |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയതി | 07.02.2024 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവു കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള തുക |
|---|---|
| മുന്നിരിപ്പ് | 53797246 |
| വരവ് | 886214000 |
| ആകെ | 940011246 |
| ചെലവ് | 870687000 |
| നീക്കിയിരിപ്പ് | 69324246 |

### 1-3 സാമ്പത്തിക വിശകലനം

| ഇനം | റസീറ്റ് ആൻഡ് പേയ്മെന്റ് പ്രകാരം | ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 88563932.28 | |
| വരവ് | 18224953 | 331251094 |

| | | |
|---|---|---|
| ആകെ | 270813471.28 | |
| ചെലവ് | 189145698 | 341963953 |
| നീക്കിയിരിപ്പ് | 81667773.28 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് പ്രകാരം) | ആകെ | ചെലവ് | നീക്കി യിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | -- | 35231130 | 35231130 | 29456040 | -- | 5775090 |
| വികസന ഫണ്ട്- എസ്.സി.പി. | -- | 37320000 | 37320000 | 22135496 | -- | 15184504 |
| വികസന ഫണ്ട്- റ്റി.എസ്.പി. | -- | Xx | Xx | Xx | -- | Xx |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 9067729 | 19758900 | 28826629 | 7286497 | 21540132 | -- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- (അൺ-ടൈഡ്) | 5035383 | 13172400 | 19203375 | 6861282 | 12342093 | -- |
| | പലിശ | 995592 | | | | |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | -- | 45120650 | 45120650 | 6238572 | -- | 38882078 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | -- | 10381400 | 10381400 | 5412377 | -- | 4969023 |
| സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഐ.സി.ഡി.എസ്. | 3944107 | 2656490 | 6600597 | 1762104 | 4838493 | |
| പ്രത്യേക ഗ്രാന്റ്/അവാർഡ് | | | | | | |
| ശബരിമല | 3682070 | -- | 3682070 | 3682070 | 0 | |

* നികുതി പിരിവിലെ കുറവു മൂലം 355870 രൂപ, പൊതുവിഭാഗം വികസനഫണ്ടിന്റെ മൂന്നാം ഗഡുവിൽനിന്നും കുറച്ചാണ് ലഭിച്ചിട്ടുള്ളത്.

* 2023-24 സാമ്പത്തിക വർഷം ജനറൽ പർപ്പസ് ഗ്രാന്റ് 9 ഗഡുക്കളായി 1,88,91,900 രൂപ ലഭിച്ചിട്ടുണ്ട്.

### ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

1. ലൈഫ് മിഷൻ വായ്പ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം | സ്രോതസ്സിൽ കുറവ് ചെയ്ത തുക |
|---|---|---|
| വികസന ഫണ്ട്- ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 50,13,333 |
| വികസന ഫണ്ട്- ജനറൽ | അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം | 21,02,400 |
| വികസന ഫണ്ട്- എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 18,13,333 |

2. സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തി എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. നഗരസഭയുടെ സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ്വെയറിൽ സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഇനം തിരിച്ച് പ്രത്യേകം ഹെഡുകളും ഇല്ല. ആയതിനാൽ ഗ്രാന്റുകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഹെൽത്ത് ഗ്രാന്റ്, പി.എം.എ.വൈ. ശുചിത്വമിഷൻ അക്കൗണ്ടുകളിലായി ചുവടെ ചേർക്കും പ്രകാരം ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പ്

ഉണ്ട്.

| | | |
|---|---|---|
| ICICI Suchitwa Mission | 210705000241 | 15,184 |
| PMAY Kerala Gramina Bank | 40316101017450 | 2,22,43,494 |
| Canara Bank Health Grant | 110049436894 | 31,56,350 |
| Cananara Bank Health Wellness Account | 110049448351 | 3553546 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 533 | 263606882 | 201 | 92104450 | 332 | 37.71 |

**നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും**

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 10 | 9 | 9776500 | 5180080 | 52.99 |
| 2 | വെറ്ററിനറി സർജൻ | 10 | 7 | 4432500 | 1378134 | 31.09 |
| 3 | പ്രോജക്റ്റ് ഓഫീസർ, ദാരിദ്ര്യ നിർമ്മാജ്ജന സെൽ | 12 | 10 | 12545860 | 3194525 | 25.46 |
| 4 | ഹെൽത്ത് ഓഫീസർ | 20 | 9 | 14123978 | 2346454 | 16.61 |
| 5 | മെഡിക്കൽ ഓഫീസർ - ആയുർവേദം | 02 | 2 | 875000 | 828181 | 94.65 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 16 | 15 | 10636026 | 8436043 | 79.32 |
| 7 | സെക്രട്ടറി | 38 | 25 | 34957004 | 24106425 | 68.96 |
| 8 | മുനിസിപ്പൽ എഞ്ചിനീയർ | 383 | 87 | 136115930 | 23588438 | 17.33 |
| 9 | പ്രിൻസിപ്പാൾ, ഹയർ സെക്കണ്ടറി സ്കൂൾ | 5 | 5 | 2400000 | 2377827 | 99.08 |
| 10 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 100000 | 54000 | 54 |
| 11 | ക്ഷീര വികസന ഓഫീസർ | 8 | 7 | 7775000 | 2523928 | 32.46 |
| 12 | മെഡിക്കൽ ഓഫീസർ. പി.എച്ച്.സി | 12 | 11 | 9714884 | 7050817 | 72.58 |
| 13 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 3 | 3 | 450000 | 368827 | 81.96 |
| 14 | പട്ടികജാതി വികസന ഓഫീസർ | 12 | 9 | 19704200 | 10670771 | 54.15 |
| | **ആകെ** | 533 | 201 | 263606882 | 92104450 | |

തൻവർഷം പദ്ധതി പ്രവർത്തനങ്ങൾ തീരെ കാര്യക്ഷമമല്ലായിരുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥരായി ആവിഷ്കരിച്ച പ്രോജക്ടുകളിലെ 22% മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. പ്രോജക്ടുകൾ നടപ്പാക്കുന്നതിലുള്ള അലംഭാവം സർക്കാർ ഗ്രാന്റുകളുടെ ചെലവിൽ കുറവ് വരുന്നതിനും, നിശ്ചിത ചെലവ്ശതമാനം കൈവരിക്കാൻ സാധിക്കാത്തതിനാൽ വികസന ഫണ്ട്, ആസ്തി സംരക്ഷണ ഗ്രാന്റ് (റോഡ്, റോഡിതരം) എന്നിവയിൽ അടുത്ത സാമ്പത്തിക വർഷം ലഭിക്കേണ്ട ഗ്രാന്റിൽ കുറവ് വരുന്നതിനും കാരണമാകും. പദ്ധതിപ്രവർത്തനങ്ങൾ

ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7597 | 790 (പലിശ) 3694512 (Municipality) | 3702899 | 3695444 | 7455 |
| തൊഴിലാളികൾക്കുള്ള വേതനം | 311418 | 23935000 (Directorate) | 24246418 | 18667694 | 5578724 |

## 1-7 ക്ഷേമ പെൻഷൻ

| പെൻഷൻ ഇനം | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 78284600 | 4574 |
| വിധവാ പെൻഷൻ | 20727000 | 2188 |
| കർഷക തൊഴിലാളി പെൻഷൻ | 4258800 | 326 |
| മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 6048900 | 496 |
| അവിവാഹിതരായ 50 വയസ്സിന് മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 842400 | 65 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.01.2025 4 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ **4747** (നാലായിരത്തി എഴുനൂറ്റി നാല്പത്തിയേഴ് രൂപാ മാത്രം) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച പൊതുവായ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) 2015 നവംബർ മാസം ഗ്രാമ പഞ്ചായത്ത് നഗരസഭയായി ഉയർത്തപ്പെട്ടുവെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ, ജീവനക്കാരുടെ എണ്ണം എന്നിവ ആനുപാതികമായി വർദ്ധിച്ചിട്ടില്ലാത്തതു സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. നിലവിലുള്ള ഓഫീസ് കെട്ടിടത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഒരു പോലെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങൾക്കു മതിയായ ഇരിപ്പിടങ്ങൾ, കുടിവെള്ളം, ശുചിമുറി, തുടങ്ങിയ സൗകര്യങ്ങളും ജീവനക്കാർക്ക് മതിയായ ഇരിപ്പിടവും ഒരുക്കി നൽകുന്നതിന് സാധിച്ചിട്ടില്ല. ജീവനക്കാരുടെ ഇരിപ്പിടങ്ങളോടനുബന്ധിച്ച് പേര്, തസ്തിക, കൈകാര്യം ചെയ്യുന്ന സെക്ഷന്റെ ചുമതലകൾ എന്നിവ പ്രദർശിപ്പിച്ചിട്ടില്ല. വിവിധ സേവനങ്ങൾക്കായി ഏതൊക്കെ സെക്ഷനുകളെ സമീപിക്കണം എന്നുള്ള വിവരം പൊതുജനങ്ങൾക്കു ലഭ്യമാകുന്ന തരത്തിൽ നോട്ടീസ് ബോർഡുകളും സ്ഥാപിച്ചിട്ടില്ല. നഗരസഭയുടെ ചുമതലകൾക്ക് ആനുപാതികമായി ജീവനക്കാരുടെ എണ്ണം വർദ്ധിച്ചിട്ടില്ലാത്തതും, ഫയലുകൾ സൂക്ഷിക്കുന്നതിനു മതിയായ സൗകര്യങ്ങൾ ഇല്ലാത്തതും ജീവനക്കാർക്ക് ജോലി സമ്മർദവും, ബുദ്ധിമുട്ടുകളും വർദ്ധിക്കുന്നതിന് ഇടയാക്കുന്നുണ്ട്. മേൽ പരാമർശിച്ച വിഷയങ്ങളിൽ കൗൺസിലിന്റെ ഭാഗത്തു നിന്നും ഉചിതമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

2) തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും അവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങളെയും 35 മോഡ്യൂളുകളായി തിരിച്ച്

അവയെല്ലാം ഒറ്റ പ്ലാറ്റ്ഫോമിലൂടെ ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള **കേരള സൊല്യൂഷൻസ് ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റിഫോമേഷൻ ആൻഡ് ട്രാൻഫൊമേഷൻ (കെ-സ്മാർട്ട്)** നഗരസഭയിൽ 2024 ജനവരി ഒന്ന് മുതൽ വിന്യസിച്ചിട്ടുണ്ട്. എന്നാൽ കെ-സ്മാർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇപ്പോഴും പൂർത്തീകരിക്കപ്പെട്ടില്ല. ആയതിനാൽ പൊതു ജനങ്ങൾക്കു കെ-സ്മാർട്ട് അധിഷ്ഠിതമായ ഓൺലൈൻ സേവനങ്ങൾ പൂർണ്ണ തോതിൽ ലഭ്യമായിട്ടില്ല.

3) ഒക്യുപ്പെൻസി നൽകുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി അസ്സസ്സ്മെന്റ് വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ യഥാസമയം രേഖപ്പെടുത്തിയിരുന്നില്ല. 01/04/2023-ന് ശേഷമാണ് അസ്സസ്സ്മെന്റ് വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തി തുടങ്ങിയത്. ഫീൽഡു തല വിവരശേഖരണം നടത്തിയതു പ്രകാരം 15658 കെട്ടിടങ്ങൾ നിലവിലുണ്ട്. ഇതിൽ 13593 കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി മാത്രമാണ് പൂർത്തിയായിട്ടുള്ളത്. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം വസ്തു നികുതി ഇനത്തിൽ 5.4 കോടി രൂപ കുടിശ്ശിക നിലനിൽക്കുന്നു. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനു തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗരസഭാ പരിധിയിലുള്ള വ്യാപാര സ്ഥാപനങ്ങളുടെ കൃത്യമായ ഡേറ്റാ ബേസ് ഇല്ലാത്തതിനാൽ തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നീ ഇനങ്ങളിലുള്ള ഡിമാന്റ് കൃത്യമല്ല. സ്ഥാപനങ്ങളുടെ മേലുള്ള ഫലപ്രദമായ നിയന്ത്രണവും സാധ്യമാകാതെ വരുന്നു.

4) ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ടി ഗ്രാന്റുകളുടെ വരവ് ചെലവുകളുടേയും 31/03/2024-ലെ നീക്കിയിരിപ്പിന്റെയും കൃത്യത വ്യക്തമാക്കുന്ന രേഖകളില്ല. വിവിധ വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഡെപ്പോസിറ്റ് ഇനത്തിൽ ബാധ്യത കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെട്ടില്ല. പെൻഷൻ ഫണ്ടിനത്തിൽ നഗരസഭയ്ക്ക് ലഭിക്കാനുള്ള തുക സംബന്ധിച്ച് രേഖകൾ സൂക്ഷിച്ചിട്ടില്ല. ജീവനക്കാർക്കു നൽകിയിട്ടുള്ള അഡ്വാൻസ് തുകകൾ ദീർഘകാലമായി ക്രമീകരിക്കാതെ നിലനിർത്തിയിട്ടുള്ളത് ഗുരുതരമായ വീഴ്ചയാണ്.

5) വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗപ്രദമല്ലാത്ത 75 പൊതു കുടിവെള്ള ടാപ്പുകൾ വിച്ഛേദിച്ചിട്ടുണ്ടെങ്കിലും പൊതു ടാപ്പുകളുടെ വാട്ടർചാർജ്ജ് വർദ്ധനവ് 2023 മാർച്ച് മാസം മുതൽ നിലവിൽ വന്നതിനാൽ ഈയിനത്തിലുള്ള ബാധ്യത ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. നഗരസഭയിൽ നടപ്പാക്കി വരുന്ന അമൃത് പദ്ധതി മുഖേന എല്ലാ വീടുകളിലും ഗാർഹിക കണക്ഷൻ നൽകി വരുന്ന സാഹചര്യത്തിൽ രണ്ടാം ഘട്ട പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം പുനർ നിർണ്ണയിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് ഇതേവരെ കഴിഞ്ഞിട്ടില്ല. പ്രതിമാസ വൈദ്യുത ചാർജ് 3.42 ലക്ഷം രൂപയാണ്. ഈയിനത്തിലുള്ള ചെലവു കുറയ്ക്കുന്നതിനു പര്യാപ്തമായ ഇടപെടലുകൾ ഉണ്ടായിട്ടില്ല.

6) മരണപ്പെട്ട സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കിയില്ല. ചില ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് മരണശേഷവും ക്ഷേമപെൻഷൻ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ജീവനക്കാർക്കു നൽകിയിട്ടുള്ള മുൻകൂറുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ ചെലവു രേഖകൾ ഹാജരാക്കി ക്രമീകരിക്കുകയോ, തിരികെ ഈടാക്കുകയോ ചെയ്തിട്ടില്ല.

7) പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. നഗരസഭയിൽ വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുകയും വീതം വയ്ക്കുന്ന ഫണ്ട് ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കി വിഭജിച്ച് നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ നൽകുന്നതു കാരണം ഓരോ വാർഡിലുമുള്ള ഗുണഭോക്താക്കൾക്ക് വ്യത്യസ്ത നിരക്കിൽ സബ്സിഡി നൽകാൻ ഇടവരുന്നു. പട്ടികജാതി വികസന ഓഫീസർ, പ്രോജക്ട് ഓഫീസർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായ പ്രോജക്ടുകളിലാണ് ഇത്തരത്തിൽ വ്യത്യസ്ത നിരക്കിൽ സബ്സിഡി നൽകിയിട്ടുള്ളത്. മുൻവർഷം കരാർ ഏൽപ്പിച്ച ഒട്ടേറെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നാളിതുവരെയും ആരംഭിച്ചിട്ടില്ല. കരാർ ഏൽപിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് യാതൊരു മോണിട്ടറിംഗും നടക്കുന്നില്ല. പദ്ധതികളുടെ ആസൂത്രണം, മോണിട്ടറിംഗ് എന്നിവയിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകാത്തതും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടത്തിന്റെ അഭാവവും ആണ് പദ്ധതി നിർവ്വഹണത്തിലെ മേൽസൂചിപ്പിച്ച അപാകങ്ങൾക്ക് കാരണം.

8) 1.1995-ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 14(3), ചട്ടം 14(4) എന്നിവ പ്രകാരം മിനിട്ട്സ് തയ്യാറാക്കി അദ്ധ്യക്ഷന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിലും, അദ്ധ്യക്ഷൻ മിനിട്ട്സ് അംഗീകരിക്കുന്നതിലും ചട്ട പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല .

2.1997 ലെ കേരള മുനിസിപ്പിലാറ്റി ( പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(1) പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 1 മാസത്തിനുള്ളിൽ കൗൺസിലിന്റെ പ്രത്യേക യോഗം കൂടേണ്ടതും റിപ്പോർട്ട് ചർച്ച ചെയ്ത് തീരുമാനം എടുക്കേണ്ടതുമാണ്. എന്നാൽ 2022-23 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് 03/2024 ൽ നഗരസഭയിൽ ലഭിച്ചുവെങ്കിലും നാളിതു വരെ കൗൺസിൽ ചർച്ച ചെയ്ത് ഓഡിറ്റിന് മറുപടി നൽകിയിട്ടില്ലാത്തത് ഗുരുതരമായ വീഴ്ചയാണ്.

9) കെ- സ്മാർട്ട് നിലവിൽ വന്നതിനു ശേഷം അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തപ്പെടുന്നില്ല. ബാങ്ക്ബുക്കിലെ ബാലൻസും പാസ് ബുക്കിലെ ബാലൻസും തമ്മിലുള്ള വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കുന്നതാണ് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്. ആയത് നടത്തപ്പെടാത്ത പക്ഷം ഒടുക്കൽ, പിൻവലിക്കലുകൾ എന്നിവയുടെ

ആധികാരികത ഉറപ്പാക്കാൻ സാധിക്കില്ല. കെ-സ്മാർട്ട് ആരംഭിച്ച 2024 ജനുവരി മുതൽ മാർച്ച് മാസം വരെയുള്ള പണം ഒടുക്കൽ, പിൻവലിക്കലുകൾ എന്നിവ കെസ്മാർട്ടിലെ ബാങ്ക്ബുക്കിൽ വന്നിട്ടില്ല. എന്നാൽ 2023-24 വർഷത്തെ ഓഡിറ്റിന് വേണ്ടി വാർഷികകണക്ക് സമർപ്പിക്കുന്നതിനായി കെ സ്മാർട്ടിനൊപ്പം സമാന്തരമായി 2024 മാർച്ച് 31 വരെ സാംഖ്യ സോഫ്റ്റ് വെയർ തുടർന്നതിനാൽ മാർച്ച് 31 വരെയുള്ള ഒടുക്കൽ, പിൻവലിക്കൽ, റിക്കൺസിലിയേഷൻ എന്നിവ സാംഖ്യയിലാണ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ തുടർന്ന് 2024-25 സാമ്പത്തിക വർഷം മുതൽ കെ സ്മാർട്ട് മാത്രം തുടരുന്നതിനാലും ആയതിൽ റിക്കൺസിലിയേഷൻ ലഭ്യമല്ലാത്തതിനാലും 2024 ഏപ്രിൽ 1 മുതൽ നാളിതുവരെയുള്ള അക്കൗണ്ടുകളിൽ നിന്നുള്ള ഒടുക്കൽ, പിൻവലിക്കലുകൾ എന്നിവയുടെ ആധികാരികത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. അപാകതകൾ തുടരുന്ന സാഹചര്യത്തിൽ വരും വർഷങ്ങളിൽ കെ-സ്മാർട്ട് പ്രകാരമുള്ള ഇടപാടുകൾ ബാങ്കുമായി എങ്ങനെ ക്രമീകരിക്കുമെന്നതിൽ വ്യക്തതയില്ല. വിഷയം ഐ.കെ.എം. ന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടോയെന്നും സാമ്പത്തിക വർഷത്തിന്റെ മധ്യത്തിൽ നടത്തിയ സോഫ്റ്റ് വെയർ മാറ്റത്തിൽ കാര്യങ്ങൾ എങ്ങനെ ക്രമീകരിക്കണമെന്നത് സംബന്ധിച്ച് ഓർഡർ/നിർദ്ദേശം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല. അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റിന്റെ വിവരം | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.1.2021 - 12.2.2021 | 2017-18 മുതൽ 2019-20വരെ | 26.3.2021 |

## 1-11 നഗരസഭയുടെ 1.28 കോടി രൂപ പലിശരഹിത അക്കൗണ്ടിൽ

നഗരസഭയുടെ ഓൺലൈൻ വഴിയുള്ള തനത് വരുമാന ശേഖരണത്തിനായി ആരംഭിച്ച രണ്ട് അക്കൗണ്ടുകളിലായി നിലവിൽ 1.28 കോടി രൂപ അവശേഷിക്കുന്നു. അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നം. | ഉദ്ദേശ്യം | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | എസ്.ബി.ഐ. | 39982776577 | ഡി&ഒ. ലൈസൻസ് | 71,46,220 |
| 2 | കാനറ ബാങ്ക് | 110160816378 | K-Smart Online | 56,95,595 |
| | **ആകെ** | | | **1,2,841,815** |

എസ്.ബി.ഐ. യിലുള്ള അക്കൗണ്ടിൽ അവസാനമായി ഇടപാടുകൾ നടന്നിട്ടുള്ളത് 16-11-2024 ലാണ്. നിലവിൽ ഇടപാടുകൾ ഇല്ലാത്തതിനാൽ ഈ അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്. പലിശ രഹിത അക്കൗണ്ട് (കറന്റ് അക്കൗണ്ട്) ആയതിനാൽ രണ്ട് അക്കൗണ്ടുകളിലുമായി ഏകദേശം 10 ലക്ഷം രൂപ പ്രതിവർഷം പലിശയിനത്തിൽ നഗരസഭയ്ക്ക് നഷ്ടപ്പെടുന്നുണ്ട്. ആയതിനാൽ പ്രസ്തുത അക്കൗണ്ടുകളിലെ തുക അടിയന്തിരമായി നഗരസഭയുടെ സ്ഥിര നിക്ഷേപമാക്കുന്നത് സ്ഥാപനത്തിന്റെ സാമ്പത്തിക താത്പര്യങ്ങൾക്ക് അനുഗുണമാകുമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-12 ഓൺലൈൻ മുഖേനയുള്ള വരവ് കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല

നഗരസഭയുടെ ഓൺലൈൻ വഴിയുള്ള തനത് വരുമാന ശേഖരണത്തിനായി രണ്ട് അക്കൗണ്ടുകളാണ് നിലവിലുള്ളത്. അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നം. | എ.എഫ്.എസ്. പ്രകാരം നീക്കിയിരിപ്പ് (31/03/2024) | പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|---|
| Canara Bank K-Smart Online | 110160816378 | 2486024 | 1571011 | -915013 |
| SBI D&O Licence Account | 39982776577 | 2793516 | 6646594 | 3853078 |

നഗരസഭയിൽ ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുള്ളത് പ്രകാരം വരവ് തുകകൾ ഇ-പേയ്മെന്റ് ഗേറ്റ് വേ

സംവിധാനത്തിലൂടെയാണ് ലഭ്യമാകുന്നത്. ഒരു അപേക്ഷകൻ ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ ആനുപാതികമായുള്ള വരവ് തുകകൾ ഐ.കെ.എം. പൂൾ അക്കൗണ്ടിൽ ക്രഡിറ്റാകുകയും 48 മണിക്കൂറിനുള്ളിൽ വരവ് തുക നഗരസഭയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്യുന്നതാണ് ഇ-പേയ്മെന്റ് ഗേറ്റ് വേ സംവിധാനം. ഇത്തരത്തിൽ പൂൾ അക്കൗണ്ടിൽ വരുന്ന വരവ് തുകകൾ കൃത്യമായി നഗരസഭ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള സംവിധാനം നിലവിൽ ഓഡിറ്റിന് ഇല്ല. ബാങ്ക് റിക്കൺസിലിയേഷൻ അതത് മാസങ്ങളിൽ കൃത്യമായി നടക്കുന്നില്ല. ആയതിനാലാണ് SBI D&O Licence Account-ൽ ബാങ്കിലെ നീക്കിയിരിപ്പ് 38,53,078 രൂപ അധികമായി കാണിക്കുന്നത്. ബാങ്കിൽ ക്രെഡിറ്റ് ആയിട്ടുള്ള തുക, നഗരസഭ വരവിൽ ഉൾപ്പെടുത്താതിരുന്നതുമൂലമാണ് ഇപ്രകാരം തുകകളിൽ വലിയ അന്തരം ഉണ്ടാകുന്നത്.

ബാങ്കിൽ ലഭിക്കുന്ന വരവുകൾ യഥാസമയം അക്കൗണ്ട് ചെയ്യുന്നതിനും ബാങ്ക് റിക്കൺസിലിയേഷൻ കുറ്റമറ്റരീതിയിൽ തയ്യാറാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-13 തനത് ഫണ്ട് പിരിച്ചെടുക്കുന്നതിൽ വീഴ്ച-പ്ലാൻ ഫണ്ട് അലോട്ട് മെന്റിൽ നിന്നും തുക നഷ്ടപ്പെട്ടു

മുൻ വർഷത്തെ തനത് ഫണ്ട് പിരിച്ചെടുക്കുന്നതിൽ വന്ന വീഴ്ചമൂലം ഓഡിറ്റ് വർഷത്തെ പ്ലാൻ(ജനറൽ) ഫണ്ട് അലോട്ട്മെന്റിന്റെ മൂന്നാം ഗഡുവിൽ നിന്ന് 3,55,870 രൂപ സർക്കാർ കുറവുവരുത്തിയിട്ടുണ്ട്. വിവിധയിനത്തിലുള്ള തനത് ഫണ്ട് വരുമാനങ്ങളുടെ ആകെ ഡിമാന്റിന്റെ 90 ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളുടേയും തുടർ വർഷത്തെ പ്ലാൻ(ജനറൽ) ഫണ്ട് അലോട്ട്മെന്റിൽ നിന്നും ഒരു ശതമാനമെങ്കിലും ശിക്ഷയായി കുറവുവരുത്തണമെന്ന ആറാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശം നടപ്പിലാക്കിക്കൊണ്ട് 18/10/2022-ൽ സർക്കാർ പുറപ്പെടുവിച്ച എം.എസ്. 179/2022/ഫിൻ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് തുക കുറവുവരുത്തിയിരിക്കുന്നത്. തനതു വരുമാന സമാഹരണം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിൽ വരുത്തിയ വീഴ്ചമൂലം ഗ്രാന്റിനത്തിൽ തുക നഷ്ടപ്പെടുത്തിയത് പ്രത്യേക ശ്രദ്ധ അർഹിക്കുന്ന വിഷയമാണ്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനു ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷത്തിലും തനത് ഫണ്ട്, ഡിമാന്റിന്റെ 90% പിരിച്ചെടുക്കാൻ സ്ഥാപനത്തിന് സാധിച്ചിട്ടില്ലെന്ന് വാർഷികകണക്കുകൾ സാക്ഷ്യപ്പെടുത്തുന്നു. ഇത് 2024-25 വർഷത്തെ അലോട്ട് മെന്റിൽ നിന്നും ഒരു ശതമാനം കുറവ് വരാനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. നഗരസഭയുടെ തനത് വരുമാന സമാഹരണം കാര്യക്ഷമമാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ജാഗ്രത കാണിക്കേണ്ടതാണ്.

## 1-14 പൊതു ലേലം- ലേല തുക ഒടുക്കിയത് സംബന്ധിച്ച് വ്യക്തതയില്ല

പൊതുലേലവുമായി ബന്ധപ്പെട്ട ലേലത്തുകകൾ പൂർണ്ണമായും ഒടുക്കുവരുത്തിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ പര്യാപ്തമായ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലേല ഇനം | അവകാശം നേടിയ ആൾ | തുകയുടെ വിശദാംശങ്ങൾ (രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരമുള്ളത് ) | റിമാർക്സ് |
|---|---|---|---|---|
| 1 | പന്തളം പൊതു മാർക്കറ്റിലെ മാട്ടിറച്ചി വ്യാപാരം (26 ആം നമ്പർ കടമുറി) | മുഹമ്മദ് റഫീക്ക്, കുഴിമണ്ണിൽ വടക്കേതിൽ | 299000 (Gst ഉൾപ്പെടെ) 42300007/10.04.23 | രജിസ്റ്ററിൽ തുക ഒടുക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രസീതിന്റെ പകർപ്പ് /ഡേബുക്ക് പരിശോധനയ്ക്ക് ലഭിച്ചില്ല. |
| 2 | പന്തളം പൊതു മാർക്കറ്റിലെ ആട്ടിറച്ചി വ്യാപാരം | മുഹമ്മദ് റഫീക്ക്, കുഴിമണ്ണിൽ വടക്കേതിൽ | 76700 ((Gst ഉൾപ്പെടെ) EMD 5500, Sol 100000 42300008/10.04.23 | രജിസ്റ്ററിൽ തുക ഒടുക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രസീതിന്റെ പകർപ്പ്/ഡേബുക്ക് പരിശോധനയ്ക്ക് ലഭിച്ചില്ല. |
| 3 | കുന്നിക്കുഴി പബ്ലിക്ക് മാർക്കറ്റിലെ ഗേറ്റ് ഫീസ് പിരിവ് നടത്തുന്നതിനുള്ള അവകാശം | എബി. കെ.ആർ കുന്നിക്കുഴി പുത്തൻ പുരയ്ക്കൽ | 97000/-രൂപ. + Gst=114460. ഒടുക്കിയതിന്റെയും വിവരങ്ങൾ കരാറിൽ ചേർത്തിട്ടില്ല. EMD2000, Solvency 75000 എന്നിവ സമർപ്പിച്ചിട്ടുണ്ട്. | 37460 രൂപ ഒടുക്കിയതിന്റെ രേഖകൾ ലഭ്യമായില്ല. |

| | | | | |
|---|---|---|---|---|
| | | | ബാക്കി 37460 ഒടുക്കിയതായി കാണുന്നില്ല. | |
| 4 | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഫീസ് പിരിവ് | പ്രസന്ന കുമാർ, കന്നിക്കുഴിയിൽ, മങ്ങാരം | 1317727 (Gst,IT ഉൾപ്പെടെ) 1107334+199320 Gst+11073(IT) = 1317727 /- Rt. 122020112374/13.03.23/ സോൾവൻസി, ഇ.എം.ഡി എന്നിവ സമർപ്പിച്ചതായി കാണുന്നില്ല. 122020112374/13.03.23പ്രകാരം 492727 രൂപ മാത്രമേ ഒടുക്കു വരുത്തിയിട്ടുള്ളൂ. | 825000 രൂപ ഒടുക്കു വരുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല. |
| 5 | പന്തളം പൊതു മാർക്കറ്റിലെ താൽക്കാലിക സ്റ്റാൾ 28 | സലീം, MAR മൻസിൽ | 1700 +Gst | കമ്മറ്റി തീരുമാനം, കരാർ, , തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമായില്ല. |
| 6 | പന്തളം പൊതു മാർക്കറ്റിലെ താൽക്കാലിക സ്റ്റാൾ 29 | സലീം, MAR മൻസിൽ | 1600+gst | കമ്മറ്റി തീരുമാനം, കരാർ, തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമായില്ല. |
| 7 | പന്തളം പൊതു മാർക്കറ്റിലെ താൽക്കാലിക സ്റ്റാൾ 30 | സലീം, MAR മൻസിൽ | 1850 +Gst | കമ്മറ്റി തീരുമാനം, കരാർ, തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമായില്ല. |

രേഖകൾ അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/27.01.25) മറുപടി ലഭ്യമാക്കിയില്ല.മേൽ പട്ടികയിലുൾപ്പെട്ട ഇനങ്ങളുടെ ലേലത്തുക ഒടുക്കിയത് സംബന്ധിച്ച് വ്യക്തത വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 വസ്തുനികുതി പരിഷ്കരണം - നടപടികൾ പൂർത്തിയായില്ല, പിരിച്ചെടുക്കാനുള്ളത് 5.4 കോടി

നഗരസഭയിൽ യഥാസമയം വസ്തു നികുതി പരിഷ്കരിക്കാതിരുന്നതിനാൽ തനതു വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. നഗരസഭയിൽ നിന്നും ലഭ്യമാക്കിയ പ്രകാരം 54071516 രൂപയാണ് വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് കുടിശ്ശിക ഉള്ളത്. ഇത് കൂടാതെ 2023-24 വർഷത്തെ ധനകാര്യ പത്രിക പ്രകാരം തൻവർഷത്തെ കുടിശ്ശിക 21255544 രൂപയുമാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

പന്തളം നഗരസഭ രൂപം കൊണ്ടത് 2015 നവംബർ മാസത്തിലാണ്. ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിൽ 13 റവന്യൂ വാർഡുകളാണ് ഉണ്ടായിരുന്നത്. പിന്നീട് ഇത് 23 വാർഡുകളായി പുനക്രമീകരിച്ചു. 1996-ന് ശേഷം വസ്തുനികുതി പരിഷ്കരണം സ്ഥാപനത്തിൽ നടന്നിരുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയർ 2011-12-ൽ നിലവിൽ വന്നിട്ടും ഒക്യുപ്പെൻസി നൽകുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി അസ്സസ്സ്മെന്റ് വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്താതെ രജിസ്റ്ററിൽ രേഖപ്പെടുത്തുകയാണ് ചെയ്തു വന്നിരുന്നത്. 2022-23 വരെയും ഇത് തുടർന്നു വന്നു. 01/04/2023-ന് ശേഷമാണ് അസ്സസ്സ്മെന്റ് വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തി തുടങ്ങിയത്. 13 റവന്യൂ വാർഡുകൾ അടിസ്ഥാനമാക്കിയുള്ള പഴയ കെട്ടിടങ്ങളുടെ ബേസ് ഡേറ്റ എൻട്രി സഞ്ചയ സോഫ്റ്റ്‌വെയറിൽ പൂർത്തീകരിച്ചുവെങ്കിലും 23 വാർഡുകളായി പുനക്രമീകരിച്ച ശേഷം 2011 വസ്തു നികുതി പരിഷ്കരണ ഉത്തരവ് പ്രകാരം വസ്തു നികുതി പുതുക്കി ഡേറ്റ എൻട്രി നടത്തിയിരുന്നില്ല. നഗരസഭകളിൽ വസ്തു നികുതി പരിഷ്കരണ പ്രാബല്യത്തീയതിയായി നിശ്ചയിച്ചിരുന്നത് 01/04/2016 ആണ്. വസ്തു നികുതി പരിഷ്കരിക്കുന്നതിനായി 22/07/2016-ലെ 5ാം നമ്പർ തീരുമാന പ്രകാരം വസ്തു നികുതി, സേവന നികുതി നിരക്കുകൾ നിശ്ചയിച്ചുവെങ്കിലും മറ്റ് നടപടികളൊന്നും തന്നെ സമയബന്ധിതമായി നടന്നില്ല. 01.04.2016 പ്രാബല്യത്തിൽ നടത്തിയ വസ്തുനികുതി പരിഷ്കരണത്തിന്റെ ഡാറ്റ എൻട്രി സംബന്ധിച്ച വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15, 27.01.2025) നൽകിയ മറുപടിയിൽ, നികുതി പരിഷ്കരണം 2024 ജനവരി ഒന്നുമുതലാണ് നടപ്പിൽ വരുത്താൻ കഴിഞ്ഞതെന്നും, വിവരശേഖരണം വഴി ലഭ്യമായ ആകെ 15658 കെട്ടിടങ്ങളുടെ വിവരങ്ങളിൽ 13593 കെട്ടിടങ്ങളുടെ വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തി അപ്‌ലോഡ് ചെയ്തിട്ടുണ്ട് എന്നും, അസസ് മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വിസ്തീർണ്ണത്തിൽ നിന്നും അധികമായി കൂട്ടിച്ചേർക്കലുകൾ നടത്തിയതായി കണ്ടെത്തിയ കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി പൂർത്തീകരിച്ച് 31.03.2025-നു മുൻപായി റിപ്പോർട്ട് സമർപ്പിക്കുന്നതാണ് എന്നും മറുപടി നൽകി..

നഗരസഭ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ആകെ കുടിശ്ശിക ഡിമാൻഡ് 66891284 രൂപയായിരുന്നു. ഇതിൽ നിന്നും 12819768 രൂപ മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. 54071516 രൂപ കുടിശ്ശികയായി അവശേഷിക്കുന്നു. വിവരശേഖരണം പൂർത്തിയാക്കി കുടിശ്ശിക തുക ഈടാക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ

സ്വീകരിക്കേണ്ടതാണ്.

**1-16 ഡിമാന്റിൽ ഉൾപ്പെടാതെ മൊബൈൽ ടവറുകളും, സർക്കാർ കെട്ടിടങ്ങളും**

നഗരസഭ പരിധിയിലുള്ള മൊബൈൽ ടവറുകൾ, സർക്കാർ കെട്ടിടങ്ങൾ എന്നിവയുടെ വിവരങ്ങൾ വസ്തുനികുതി നിർണ്ണയം പരിശോധിക്കുന്നതിന് ആവശ്യമായ മോഡ്യൂൾ കെ- സ്മാർട്ടിൽ ലഭ്യമല്ല. മൊബൈൽ ടവറുകൾ, സർക്കാർ കെട്ടിടങ്ങൾ എന്നിവയുടെ ഡിമാൻഡ് കളക്ഷൻ ബാലൻസ് വിവരങ്ങൾ ലഭ്യമാക്കുന്നതിനു ഓഡിറ്റ് എൻക്വയറി (നം.15, 27.01.2025) നൽകിയിരുന്നു. എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം, മൊബൈൽ ടവറുകൾ, സർക്കാർ കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച് യാതൊരു ഡേറ്റായും നിലവിൽ ലഭ്യമല്ല. രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ വിവരങ്ങൾ 2025 മാർച്ച് 31-ന് മുൻപായി ലഭ്യമാക്കുമെന്നാണ് മറുപടി നൽകിയിട്ടുള്ളത്. 2016 ഏപ്രിൽ 1 മുതൽ നടപ്പാക്കേണ്ടിയിരുന്ന വസ്തു നികുതി പരിഷ്കരണം 2024 ജനുവരി 1 മുതലാണ് നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടുള്ളതെന്നും ഇതിന്റെ ഭാഗമായി 90% കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രമേ അപ്ഡേറ്റ് ചെയ്ത് ഡിമാൻഡ് കൊണ്ടുവരാൻ സാധിച്ചിട്ടുള്ളൂ എന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യഥാസമയം വസ്തുനികുതി പരിഷ്കരണം നടത്താത്തതിനാൽ നഗരസഭയുടെ തനതു വരുമാനത്തിൽ ഗണ്യമായ കുറവു വരുന്നുണ്ട് . നഗരസഭ പരിധിയിലുള്ള എല്ലാ കെട്ടിടങ്ങളുടെയും വിവരശേഖരണം പൂർത്തിയാക്കി, വസ്തു നികുതി പരിഷ്കരണം നടത്തുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

**1-17 ത്രിലോക് സിനിമാസ് -തിയേറ്റർ കോംപ്ളക്സിന്റെ വസ്തു നികുതി ഇനത്തിൽ 25ലക്ഷം കുടിശ്ശിക**

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ത്രിലോക് സിനിമാസ് എന്ന സ്ഥാപനത്തിന്റെ വസ്തു നികുതിയിനത്തിൽ ആകെ 2565334 രൂപ കുടിശ്ശിക ഉണ്ട്. സ്ഥാപനത്തിന്റെ കെട്ടിടങ്ങളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21, 28.01.2025) ലഭ്യമാക്കിയ മറുപടി പ്രകാരം, ആകെ 1693.92 ച.മീ. വിസ്തീർണ്ണമുള്ള ഈ കോംപ്ലക്സിന് ആകെ 5 കെട്ടിട നമ്പറുകളാണ് അനുവദിച്ചിട്ടുള്ളത്. കെട്ടിട നമ്പർ, നികുതി കുടിശ്ശിക എന്നിവ സംബന്ധിച്ച വിവരങ്ങൾ (ഡിമാന്റ് നോട്ടീസ് പ്രകാരം) ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | അസസ്മെന്റ് വർഷം | വിസ്തീർണ്ണം (ച.മീ.) | ഉപയോഗക്രമം | വസ്തുനികുതി കുടിശ്ശിക (2023-24 വരെയുള്ളത്) |
|---|---|---|---|---|
| 26/163/2 | 2017-18 | 391.49 | ഷോപ്പിംഗ് മാൾ | 679111 |
| 26/163/3 | 2017-18 | 234.6 | ഷോപ്പിംഗ് മാൾ | 391882 |
| 26/163/4 | 2017-18 | 156.89 | ഷോപ്പിംഗ് മാൾ | 337780 |
| 26/163/5 | 2017-18 | 234.6 | ഷോപ്പിംഗ് മാൾ | 479841 |
| 26/163/6 | 2017-18 | 676.34 | സിനിമ തിയേറ്റർ | 676720 |
| **ആകെ** | | | | 2565334 |

കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-18 തൊഴിൽ നികുതി- വിവരശേഖരണം മുതൽ നികുതി പിരിവു വരെയുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നില്ല**

നഗരസഭയുടെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല. 1994 കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 245 പ്രകാരം നഗരസഭാ പരിധിയിൽ 60 ദിവസത്തിൽ കുറയാതെയുള്ള കാലയളവിൽ തൊഴിൽ ചെയ്യുന്ന വ്യക്തികളിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ വകുപ്പിന്റെയും, 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ, തൊഴിൽ നികുതി ഈടാക്കിയതിന്റെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം നഗരസഭയുടെ പരിധിയിലെ ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്നതിൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. ഭൂരിഭാഗം സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേര് വിവരങ്ങൾ, തസ്തിക, വരുമാനം എന്നിവ രേഖപ്പെടുത്തുന്നില്ല.

**വ്യക്തികൾ/സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ ശരിയായി സൂക്ഷിച്ചിട്ടില്ല.**

വ്യക്തികൾ/സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് ക്രമനമ്പർ നൽകി

ശരിയായി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന പല സ്ഥാപനങ്ങളിലെയും റിട്ടേണുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**തൊഴിൽ നികുതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല**

സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുത്തിട്ടുള്ളത്. ചില സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുമ്പോൾ അടവാക്കുന്ന ആകെ തുകയും ബന്ധപ്പെട്ട രസീത് നമ്പരും മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. തൊഴിൽനികുതിയുടെ രജിസ്റ്ററുകൾ - എഴുതി പൂർത്തിയാക്കുകയോ വാർഷിക സംഗ്രഹമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

**വ്യാപാരികളുടെ തൊഴിൽനികുതി ഇനത്തിൽ 26,78,597 ലക്ഷം രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു**

വാർഷിക ധനകാര്യ പത്രിക പ്രകാരം വ്യാപാരികളുടെ തൊഴിൽ നികുതി ഇനത്തിലുള്ള തൻവർഷ കുടിശ്ശിക 14,09,044 രൂപയും മുൻവർഷ കുടിശ്ശിക 12,69,553 രൂപയുമാണ്. തൊഴിൽ നികുതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ലാത്തതിനാലും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ലാത്തതിനാലും പിരിച്ചെടുത്തതും പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതുമായ തുകയുടെ ആധികാരികത ഉറപ്പാക്കുന്നതിനോ, കുടിശ്ശിക പിരിവിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനോ, നികുതി കാലഹരണം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനോ സാധിച്ചിട്ടില്ല. ഭീമമായ തുക പിരിഞ്ഞുകിട്ടാൻ അവശേഷിക്കുന്ന സാഹചര്യത്തിൽ ആയതിന്റെ കണക്ക് സൂക്ഷിക്കാതിരിക്കുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമാണ്. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും വിപുലമായ വ്യവസ്ഥകൾ കേരളാ മുനിസിപ്പാലിറ്റി നിയമത്തിലും തൊഴിൽ നികുതി ചട്ടങ്ങളിലും ഉണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാത്തതു മൂലം ഓരോ വർഷവും തനത് വരുമാനമായി ലഭിക്കേണ്ട തുക നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ ഫ്രണ്ട് ഓഫീസിൽ പ്രാഥമിക പരിശോധനയും ബന്ധപ്പെട്ട സെക്ഷനിൽ സൂക്ഷ്മ പരിശോധനയും നടത്തി, ഒടുക്കുന്ന തൊഴിൽ നികുതിയുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കേണ്ടതും ഓരോ ജീവനക്കാരന്റേയും വരുമാന വിവരം പരിശോധിച്ച് ആയത് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. തൊഴിൽ നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് തുടർവർഷങ്ങളിൽ ഈടാക്കേണ്ടതാണ്.

നഗരസഭ പരിധിയിലെ എല്ലാ സ്ഥാപനങ്ങളും ജീവനക്കാരും തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും നിയമാനുസൃതം പിരിച്ചെടുക്കേണ്ട നികുതികൾ സമയബന്ധിതമായി ഡിമാൻഡ് ചെയ്ത് പിരിച്ചെടുത്തുവെന്നും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

## 1-18-1 ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്യപ്പെടാത്ത സ്ഥാപനങ്ങൾ

**താഴെപറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2023-24 വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.**

| ക്രമ നം | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധ വർഷം |
|---|---|---|
| 1 | ബി.ആർ.സി ,പന്തളം | II |
| 2 | കെ.എസ്.ഡബ്ല്യ .എഞ്ചിനീയർ, കെ.എസ്.ഡബ്ല്യു.ഡി.പി | II |
| 3 | സി.എസ്.വി.എൽ.പി.സ്കൂൾ, ചേരിക്കൽ | II |
| 4 | ഗവ.എൽ.പി.സ്കൂൾ,തോട്ടക്കോണം | II |
| 5 | കെ.എസ്.എഫ്.ഇ, പന്തളം | II |
| 6 | എം.എസ്.എം.എൽ.പി.സ്കൂൾ | II |
| 7 | പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ ഓഫീസ് | II |
| 8 | ആക്സിസ് ബാങ്ക് , പന്തളം | I |
| 9 | എം.റ്റി.എൽ.പി.എസ്.മുടിയൂർക്കോണം | I |
| 10 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് | II |
| 11 | വലിയകോയിക്കൽ ദേവസ്വം | I |
| 12 | കേരള ബാങ്ക് | I |
| 13 | പഞ്ചാബ് നാഷണൽ ബാങ്ക് | I |
| 14 | വയോമിത്രം കോ-ഓർഡിനേറ്റർ | I |
| 15 | എമിനൻസ് പബ്ലിക് സ്കൂൾ | I |
| 16 | ബാങ്ക് ഓഫ് ബറോഡ | I |
| 17 | കൃഷി ഭവൻ, തോന്നല്ലൂർ | I |

| | | |
|---|---|---|
| 18 | കേരള യൂണിവേഴ്സിറ്റി ഇൻഫർമേഷൻ സെന്റർ | II |
| 19 | കെ.എസ്.ആർ.ടി.സി ജില്ലാ ഓഫീസ് (അസി.ട്രാൻസ്പോർട്ട് ഓഫീസർ) | I |
| 20 | കേരള യൂണിവേഴ്സിറ്റി സ്റ്റഡി സെന്റർ | II |
| 21 | പോസ്റ്റ് മാസ്റ്റർ,അടൂർ | II |
| 22 | കെ.എസ്.ഡി.സി. SC ST ജില്ലാ മാനേജർ | I |
| 23 | അക്കാദമി ഓഫ് പ്രീ.റിക്രൂട്ട്മെന്റ് ട്രയിനിംഗ് | I &II |
| 24 | ചാങ്ങേത്ത് ആയുർവ്വേദ ഹോസ്പിറ്റൽ, പന്തളം തോന്നല്ലൂർ | I &II |
| 25 | മോഡൽ കോളേജ് , തോന്നല്ലൂർ | I &II |
| 26 | കാരുണ്യ ഐ ഹോസ്പിറ്റൽ, പന്തളം | I &II |
| 27 | ഗവ.യു.പി.എസ്.,പന്തളം | II |
| 28 | ചിത്രാ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ,പന്തളം | I &II |
| 29 | എസ്.എം.ഹോസ്പിറ്റൽ,പന്തളം | I &II |
| 30 | കോളേജ് ഓഫ് കൊമേഴ്സ്,കൈപ്പുഴ | I &II |
| 31 | ധനലക്ഷ്മി ബാങ്ക്, പന്തളം | II |
| 32 | മന്നം ഹെറിറ്റേജ് അസിസ്റ്റഡ് ലിവിംഗ് പാർക്ക് | I |
| 33 | ബാബൂസ് മോട്ടോർ ഡ്രൈവിംഗ് സ്കൂൾ | I &II |
| 34 | ത്രിലോക് സിനിമാസ്, പന്തളം | I &II |
| 35 | ന്യൂട്രിമിക്സ് യൂണിറ്റ്, കുരമ്പാല | I &II |
| 36 | അഗ്മാർക്ക് ലബോറട്ടറി, പന്തളം | I |
| 37 | റിലയന്റ് ക്രഡിറ്റ് ഇൻഡ്യ | II |
| 38 | ചെമ്മണ്ണൂർ ക്രഡിറ്റ് &ഇൻവെസ്റ്റ്മെന്റ് | II |
| 39 | മുത്തൂറ്റ് മിനിഫിനാൻസ്, പന്തളം | I |
| 40 | പൂഴിക്കാട് ക്ഷീരോല്പാദക സഹകരണ സംഘം | I &II |
| 41 | മന്നം ഷുഗർ മിൽസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് | II |
| 42 | മന്നം ആയുർവ്വേദിക് ഫാർമസ്യൂട്ടിക്കൽസ് | II |
| 43 | ഉപജില്ലാ വിദ്യാഭ്യാസ വകുപ്പ് ഓഫീസ് | II |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നം.37/29.01.2025), 2023-24 സാമ്പത്തിക വർഷത്തെ രണ്ടാം അർദ്ധ വർഷം നഗരസഭയിൽ ഒടുക്കു വരുത്തിയിട്ടുള്ള തൊഴിൽ നികുതി തുകകൾ കെ-സ്മാർട്ട് സംവിധാനത്തിലൂടെയാണ് സ്വീകരിച്ചിട്ടുള്ളതെന്നും ടി തുകകൾ ഏത് അർദ്ധ വർഷങ്ങളിലേതാണെന്നുള്ള വിശദാംശം ഡീറ്റെയിൽഡ് ഹെഡ് വൈസ് റിപ്പോർട്ടിൽ ലഭ്യമാകാത്തതിനാൽ നികുതി ദായകരുടെ തൊഴിൽ നികുതി കുടിശ്ശികയുടെ കൃത്യത പരിശോധിക്കാൻ സാധിക്കാതെ വരുന്ന സാഹചര്യമാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. നഗരസഭയിൽ നിലവിൽ ആവശ്യത്തിനുള്ള ജീവനക്കാരില്ലാത്തതിനാൽ ഫീൽഡ് പരിശോധന നടത്തി തൊഴിൽ നികുതി പിരിവ് കാര്യക്ഷമമായി നടത്തുന്നതിന് സാധിക്കാത്ത സാഹചര്യമാണെന്നും സെക്രട്ടറി അറിയിച്ചു. എന്നാൽ നഗരസഭയിൽ കെ-സ്മാർട്ട് സംവിധാനം നിലവിൽ വന്നിട്ടുള്ളത് 01.01.2024 മുതലാണ്. അതിനു മുൻപും തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കാത്തതിനാലാണ് കുടിശ്ശിക സംബന്ധിച്ച വിശദാംശം ലഭ്യമാകാത്തത്.

ഫീൽഡ് തല പരിശോധനയ്ക്കായി ജീവനക്കാരെ നിയമിക്കേണ്ടതും, പരിശോധന നടത്തി നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ - സർക്കാരിതര സ്ഥാപനങ്ങളുടെയും വിവരം ശേഖരിച്ച് ഡേറ്റാബേസ് തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ വാർഡ് തിരിച്ചുള്ള തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. മുനിസിപ്പാലിറ്റി നിയമം തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും, അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതി ഒടുക്കുവാൻ അവശേഷിക്കുന്നവരിൽ നിന്നും പിഴപ്പലിശ സഹിതം നികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-18-2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്**

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ (പന്തളം) 31 ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതിയായി 38750 രൂപയാണ് അടവാക്കിയത്. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും രണ്ടാം അർദ്ധവർഷം 2500 രൂപയാണ് തൊഴിൽ

നികുതിയായി അടവാക്കിയിട്ടുള്ളത്. മന്നം ആയുർവ്വേദിക് കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് ഒന്നാം അർദ്ധവർഷം 87 ജീവനക്കാരുടെ തൊഴിൽ നികുതിയായി 109330 രൂപയും രണ്ടാം അർദ്ധവർഷം 2000 രൂപയുമാണ് തൊഴിൽ നികുതിയായി അടവാക്കിയിട്ടുള്ളത്. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-18-3 തൊഴിൽ നികുതി ഡിമാന്റ് ചെയ്യപ്പെടാത്ത സ്ഥാപനങ്ങൾ

**താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2023-24 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

| ക്രമ നം | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധ വർഷം |
|---|---|---|
| 1 | ധനലക്ഷ്മി ബാങ്ക്, പന്തളം | I |
| 2 | കെ.എസ്.ഇ.ബി | II |
| 3 | മന്നം ആയുർവ്വേദിക് കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് | II |
| 4 | മന്നം ഷുഗർ മിൽസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് | II |
| 5 | എൻ.എസ്.എസ്.മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ | II |
| 6 | റിലയന്റ് ക്രഡിറ്റ് ഇൻഡ്യ | II |
| 7 | കാനറാ ബാങ്ക്, പന്തളം | I&II |
| 8 | പോപ്പുലർ വെഹിക്കിൾസ് &സർവ്വീസസ് | I |

മേൽ സ്ഥാപനങ്ങളിൽനിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-18-4 സ്വയംതൊഴിൽ ചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3(2)-ൽ സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെയും, കമ്പനികളെയും, ബിസിനസ്സ് നടത്തുന്നവരെയും തൊഴിൽ നികുതി ചുമത്തേണ്ട ആവശ്യത്തിലേക്കായി ഏതെല്ലാം വിഭാഗങ്ങളായി തരംതിരിക്കണമെന്നുള്ളതും ഓരോ വിഭാഗത്തിനും ചുമത്താവുന്ന അർദ്ധവാർഷിക നികുതി എത്രയായിരിക്കണമെന്നും വിവരിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടത്തിൻ കീഴിൽ വരുന്നതും മുനിസിപ്പൽ പ്രദേശത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമായ എല്ലാ വിഭാഗങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. അഭിഭാഷകർ, ആധാരമെഴുത്തുകാർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ

2. ടൂറിസ്റ്റ് ടാക്സി കാറുകൾ, ബസുകൾ എന്നിവയുടെ ഉടമസ്ഥർ, മറ്റു വാഹന ഉടമകൾ, ടാക്സി കാർ, വാൻ, ജീപ്പ്, ലോറി, ട്രക്ക്, ബസ് ഇവ രണ്ടോ അതിൽ കൂടുതലോ ഉള്ളവർ, യാത്രക്കാരെ കയറ്റുന്നതിനോ, ചരക്കിറക്കുന്നതിനോ ഉള്ള ഓട്ടോറിക്ഷ മൂന്നെണ്ണമോ കൂടുതലോ ഉള്ളവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതുണ്ട്. 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3 (9) പ്രകാരം മോട്ടാർവാഹന നിയമപ്രകാരം വാടകയ്ക്ക് അല്ലെങ്കിൽ ഗുഡ്സ് കാരിയേജായി ഓടുന്നതിന് പെർമിറ്റ് അനുവദിക്കപ്പെട്ടിട്ടുള്ള വാഹനങ്ങളുടെ ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.
3.പെട്രോൾ,ഡീസൽ പമ്പുകൾ, സർവ്വീസ് സ്റ്റേഷൻ എന്നിവ നടത്തുന്നവർ

തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരെയും തൊഴിൽ നികുതി ഡിമാന്റിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതും ഈ ഇനത്തിലുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ കൗൺസിലിന്റെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18-5 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

2023-24 സാമ്പത്തിക വർഷത്തിൽ നഗരസഭ പരിധിയിൽ പൊതുമരാമത്ത് പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകളില്ല. ഇവർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും, മറ്റിടങ്ങളിൽ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്ത പക്ഷം ഇവരിൽനിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

## 1-18-6 റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല. റേഷൻ കടകൾ

വ്യാപാരസ്ഥാപനങ്ങൾ എന്ന നിലയിൽ തൊഴിൽ നികുതിയുടെ പരിധിയിൽ വരുന്നവയാണ്. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ -നടപടിക്രമങ്ങളിലെ അപാകങ്ങൾ

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 447 വകുപ്പ് പ്രകാരം, നഗരസഭ നൽകുന്ന ലൈസൻസ് കൂടാതെ (ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള ഒന്നോ അതിലധികമോ ആവശ്യങ്ങൾക്ക്) നഗരസഭ പ്രദേശത്തിനുള്ളിൽ ഒരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ അനുസരിച്ച് സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് എടുത്തുവെന്ന് നഗരസഭ ഉറപ്പ് വരുത്തേണ്ടതും അല്ലാത്തവയ്ക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതുമാണ്.

ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1- 19-1 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

സഞ്ചയ (റവന്യൂ ആന്റ് ലൈസൻസ്) സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തൽ അനുസരിച്ച് 2023-24 വർഷത്തിൽ നഗരസഭയിൽ ആകെ 830 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വാർഡ് അടിസ്ഥാനത്തിലുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | സ്ഥാപനങ്ങളുടെ എണ്ണം | വാർഡ് | സ്ഥാപനങ്ങളുടെ എണ്ണം | വാർഡ് | സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 18 | 12 | 48 | 23 | 3 |
| 2 | 43 | 13 | 35 | 24 | 3 |
| 3 | 54 | 14 | 0 | 25 | 1 |
| 4 | 18 | 15 | 13 | 26 | 4 |
| 5 | 64 | 16 | 12 | 27 | 1 |
| 6 | 219 | 17 | 9 | 28 | 2 |
| 7 | 147 | 18 | 0 | 29 | 1 |
| 8 | 57 | 19 | 4 | 30 | 2 |
| 9 | 28 | 20 | 0 | 31 | 0 |
| 10 | 18 | 21 | 0 | 32 | 0 |
| 11 | 24 | 22 | 2 | 33 | 0 |

സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ അനുസരിച്ച് നഗരസഭയിലെ ഏഴ് വാർഡുകളിൽ ഒരു സ്ഥാപനം പോലും ലൈസൻസ് എടുത്തിട്ടില്ല. 11 വാർഡുകളിൽ പത്തിൽ താഴെ സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. നഗരസഭ സ്ഥിതിചെയ്യുന്ന വാർഡ് 26 ൽ 4 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

ഹരിതകർമ്മസേനയുടെ ഹരിതമിത്രം ആപ്പിലെ വിവരങ്ങൾ പ്രകാരം ഷോപ്പ് - 1243, സലൂൺ/സ്പാ - 36, ഹെൽത്ത് കെയർ ഇൻസ്റ്റിറ്റ്യൂഷൻസ്- 50, ഹോട്ടൽ & ഫുഡ് കോർട്ട്- 30, ഫിഷ് സ്റ്റാൾ/പൗൾട്രി -2 എന്നിങ്ങനെ 1361 സ്ഥാപനങ്ങൾ നഗരസഭയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സഞ്ചയയിലെ രേഖപ്പെടുത്തൽ പ്രകാരം ആകെ 830 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ലൈസൻസ് എടുക്കുന്നതിൽ ഇത്തരത്തിൽ കുറവുണ്ടായതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 35/29.01.2025) ലഭ്യമാക്കിയ മറുപടിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നഗരസഭയിൽ 2015 അസസ്മെന്റ് വർഷം പ്രകാരമാണ് 33 വാർഡുകൾ ഉള്ളത്. 2023-24 സാമ്പത്തിക വർഷത്തിൽ ലൈസൻസ് പുതുക്കിയിരിക്കുന്നത് 1993, 2013 അസസ്മെന്റ് വർഷം പ്രകാരമുള്ള വാർഡുകൾ അടിസ്ഥാനമാക്കിയാണ്. നിലവിലുള്ള വാർഡ് നം. 26, മുൻ അസസ്മെന്റ് വർഷ പ്രകാരം വാർഡ് നം. 6 ആയിരുന്നതിനാൽ ഈ വാർഡ് നമ്പർ അടിസ്ഥാനമാക്കിയും സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടുണ്ട്. കൂടാതെ 2022-23 വർഷം 3, 5 വർഷത്തേയ്ക്ക് ഒരുമിച്ച് ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ ഉള്ളതിനാൽ അത്തരം സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കിയതിന്റെ വിവരങ്ങൾ മുൻവർഷത്തെ വിവരങ്ങളായാണ് ലഭ്യമാകുന്നതെന്നും അറിയിച്ചിട്ടുണ്ട്. നികുതി പരിഷ്കരണം നടന്നതിന്റെ ഭാഗമായി U A നമ്പർ നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. ഇക്കാരണങ്ങളാലാണ് 2023-24 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം സോഫ്റ്റ്‌വെയറിൽ കുറവായി കാണുന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എന്നാൽ നഗരസഭയിൽ ലൈസൻസ് എടുക്കാതെ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്നുള്ളത് വ്യക്തമാണ്. സെക്രട്ടറി ലഭ്യമാക്കിയ വിവരങ്ങൾ അടിസ്ഥാനമാക്കി ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 19/27.01.2025)

**എ) ത്രിലോക് സിനിമ കോംപ്ലക്സ്**

നഗരസഭാ പരിധിയിൽ 21.12.2017 മുതൽ പ്രവർത്തിക്കുന്ന ത്രിലോക് സിനിമാ കോംപ്ലക്സിന്റെ ലൈസൻസ് കാലാവധി 21.12.2020 ൽ അവസാനിച്ചിട്ടുള്ളതാണ്. ലൈസൻസ് പുതുക്കുന്നതിനായി 08.03.2021 ൽ നഗരസഭയിൽ അപേക്ഷ നൽകിയിരുന്നു. തീയറ്റർ കോംപ്ലക്സിന്റെ ഉടമകളിൽ ഒരാൾ മരണപ്പെട്ടതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിനായുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ച അനുബന്ധരേഖകൾ പരിശോധിച്ചതിൽ ടി സ്ഥലം നിലമാണെന്ന് രേഖപ്പെടുത്തിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടതിനാൽ, ഈ സ്ഥലം തരം മാറ്റി രേഖകൾ ലഭ്യമാക്കിയാൽ മാത്രമേ ഉടമസ്ഥാവകാശം മാറ്റി ലൈസൻസ് നൽകുന്നതിന് സാധിക്കുകയുള്ളൂ എന്ന് റിപ്പോർട്ട് ചെയ്തിരുന്നു. 26.05.2022-ൽ ഭൂമി തരം മാറ്റുന്നതിന് അപേക്ഷ നൽകിയിട്ടുള്ളതും, ഇതിന്മേലുള്ള നടപടിക്രമങ്ങൾക്ക് കാലതാമസം വരുന്നതിനാൽ തീയറ്റർ അടച്ചുപൂട്ടുന്നതിന് റവന്യൂ ഇൻസ്പെക്ടർ നൽകിയ ശുപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിനു മുൻപായി തീയറ്റർ ഉടമയെ ഹിയറിങ്ങിന് വിളിക്കുകയും ചെയ്തിരുന്നു. 04.08.2022 ൽ നഗരസഭാസെക്രട്ടറി മുൻപാകെ തീയറ്റർ ഉടമ സമർപ്പിച്ച ഹർജിയിൽ, ഈ കെട്ടിടത്തിന് നഗരസഭയിൽ നിന്ന് ഒക്യുപെൻസി സർട്ടിഫിക്കറ്റും ലൈസൻസും ലഭ്യമായത് അനുസരിച്ചാണ് തീയറ്റർ നാളിതുവരെ പ്രവർത്തിച്ചിരുന്നതെന്നും, സ്ഥലത്തിന്റെ തരം മാറ്റി ലഭിക്കുന്നതിനായി റവന്യൂ ഡിപ്പാർട്ട്മെന്റിൽ അപേക്ഷ നൽകി നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും, തീയറ്ററിന് താത്കാലിക ലൈസൻസ് അനുവദിക്കണമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തീയറ്റർ ഉടമ ഭൂമി തരം മാറ്റിയ രേഖകൾ ലഭ്യമാക്കുകയോ നഗരസഭയിൽ നിന്ന് ലൈസൻസ് പുതുക്കി നൽകുകയോ ചെയ്തിട്ടില്ല.

തുടർന്ന് കെ-സ്മാർട്ട് ഫയൽ നമ്പർ 2854542/2024 പ്രകാരം ഈ വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ റിപ്പോർട്ടുചെയ്തിട്ടുള്ളതായും, ആയതിൻപ്രകാരം ലൈസൻസ് പുതുക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചുവരുന്നതായും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**ബി) എച്ച്. പി. സി. പെട്രോൾ പമ്പ്**

നഗരസഭയിലെ ആറാം വാർഡിൽ ശ്രീ. പി.സി. അലക്സാണ്ടർ എന്ന വ്യക്തി നടത്തുന്ന എച്ച്. പി. സി. പെട്രോൾ പമ്പ് ലൈസൻസോടുകൂടിയല്ല പ്രവർത്തിക്കുന്നത്. ഈ പെട്രോൾ പമ്പിന്റെ ലൈസൻസിയും കെട്ടിട ഉടമയും തമ്മിലുള്ള കേസ് ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാലാണ് ഈ സ്ഥാപനത്തിന് ലൈസൻസ് പുതുക്കി നൽകാത്തതെന്നും അന്തിമവിധി വരുന്ന മുറയ്ക്ക് സ്ഥാപനത്തിന് ലൈസൻസ് പുതുക്കി നൽകുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**സി) നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ**

വാർഡ് 26-ൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 41 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഇതോടൊപ്പം 6 താത്കാലിക സ്റ്റാളുകളിൽ നിന്നും വാടക ഈടാക്കുന്നുണ്ട്. എന്നാൽ 2023-24 വർഷത്തിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ ഒന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല. പൊട്ടിപ്പൊളിഞ്ഞ നിലയിൽ ആയതിനാൽ ഈ കെട്ടിടം പുതുക്കിപ്പണിയുന്നു എന്ന വിവരം നഗരസഭയിൽ നിന്ന് നൽകിയതിനെത്തുടർന്നാണ് 2023-24 സാമ്പത്തിക വർഷത്തിൽ ഈ ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാത്തതെന്നും കെട്ടിടനിർമ്മാണത്തിന് കാലതാമസം നേരിടുന്നതിനാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഈ സ്ഥാപനങ്ങളിൽ നിന്നും പിഴപ്പലിശ ഉൾപ്പെടെ ഈടാക്കി ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

നഗരസഭ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെല്ലാം ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും കൂട്ടായ പ്രവർത്തനം ഉണ്ടാകേണ്ടതാണ്.

## 1-19-2 വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

1994-ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ 447, 448, 2011-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിന്റെ നിബന്ധനകൾക്ക് വിരുദ്ധമായും യാതൊരു സ്ഥലത്തും ഫാക്ടറിയോ വർക്ക്ഷോപ്പോ തൊഴിൽ സ്ഥലമോ നിർമ്മിക്കുവാൻ പാടുള്ളതല്ല. ആയതിനാൽ നഗരസഭാ പരിധിയിലുള്ള വ്യാപാരങ്ങളുടെയും ഫാക്ടറികളുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്) തയ്യാറാക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. നഗരസഭയിൽ പ്രവർത്തിക്കുന്ന എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടി സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ 2023-24 സാമ്പത്തിക വർഷത്തിൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ്

തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കൃത്യമായ ഫീൽഡ് തല പരിശോധന നടത്തി നഗരസഭയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യ കെട്ടിടങ്ങളുടെയും വിവരം ട്രേഡേഴ്സ് ലിസ്റ്റിൽ ചേർക്കുകയും പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ ഒന്നും തന്നെ ലൈസൻസ് ഇല്ലാതെയും ലൈസൻസിന്റെ നിബന്ധനകൾക്ക് വിരുദ്ധമായും പ്രവർത്തിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-19-3 റേഷൻ കടകളുടെ ലൈസൻസ് ഫീസ് പിരിവ് കാര്യക്ഷമമല്ല

1994-ലെ കേരള മുൻസിപാലിറ്റി ആക്ട് വകുപ്പ് 447, 2011-ലെ കേരള മുൻസിപാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ്സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ റേഷൻകടകളും ലൈസൻസ് എടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2023-24 സാമ്പത്തിക വർഷം നഗരസഭ പരിധിയിൽ പ്രവർത്തിച്ച 2 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. എല്ലാ റേഷൻ കടകളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

## 1- 20 ത്രിലോക് സിനിമാ കോംപ്ളക്സ് - വിനോദനികുതി ഒടുക്കാതെ പ്രവർത്തനം നടത്തുന്നു

നഗരസഭാ പരിധിയിൽ 21.12.2017 മുതൽ പ്രവർത്തിക്കുന്ന ത്രിലോക് സിനിമാ കോംപ്ലക്സിലെ മാധു, മാളു എന്നീ സിനിമാ തിയേറ്ററുകളിൽനിന്ന് 21.12.2020നുശേഷം വിനോദനികുതി ഈടാക്കുന്നില്ല.

സിനിമാ തിയേറ്ററുകളിലെ നൂറു രൂപയിൽ കുറവുള്ള ടിക്കറ്റിന് അഞ്ചു ശതമാനവും നൂറുരൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5ശതമാനവും വിനോദനികുതി ഈടാക്കുന്നതിന് സ.ഉ.(കൈ) നം.112/2019/ത.സ്വ.ഭ.വ. തീയതി 31.08.2019പ്രകാരം നിർദ്ദേശമുണ്ട്. 01.09.2019 മുതലാണ് ഇതിന് പ്രാബല്യം. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 2021 ഏപ്രിൽ മുതൽ 2021 ഡിസംബർ 31 വരെ വിനോദനികുതിക്ക് ഇളവ് ചെയ്തു കൊടുത്തിരുന്നെങ്കിലും 01.01.2022 മുതൽ വീണ്ടും നികുതി പ്രാബല്യത്തിലാക്കിയിട്ടുണ്ട്.

തിയേറ്റർ ഉടമ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് അതേപടി അംഗീകരിച്ച് 2019നവംബർ മാസം മുതൽ വിനോദനികുതി ഈടാക്കുന്നുണ്ടായിരുന്നു.സ്ഥാപനത്തിന്റെ ലൈസൻസ് 21.12.2020ൽ അവസാനിച്ചതിനെത്തുടർന്ന് ആയത് പുതുക്കുകയോ വിനോദനികുതി അടവാക്കുകയോ ചെയ്തിട്ടില്ല. കോവിഡ് നിയന്ത്രണങ്ങൾ അവസാനിച്ചതിനെ തുടർന്ന് 28.10.2021 മുതൽ തീയറ്ററുകൾ വീണ്ടും തുറന്നുപ്രവർത്തിക്കുന്നുണ്ടെങ്കിലും പിന്നീട് വിനോദനികുതി അടവാക്കിയിട്ടില്ല.

ലൈസൻസ് കാലാവധി അവസാനിച്ച 12/2020 മുതൽ നാളിതുവരെ പിരിച്ചെടുക്കാനുള്ള വിനോദനികുതി സംബന്ധിച്ച് പരിശോധന നടത്തി കുടിശ്ശിക ഡിമാൻഡ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. (നം.03/23.01.2025) ആയതിന് ലഭ്യമാക്കിയ മറുപടിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
സിനിമാ തീയറ്ററുകളിൽ നിന്ന് 2022 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വിനോദനികുതി തുകയായ 128354 രൂപയിൽ 100000 രൂപ 23.10.2024 തീയതിയിൽ നഗരസഭയിൽ അടവാക്കിയിട്ടുണ്ട്. തീയറ്റർ ഉടമ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചുവടെ ചേർക്കുന്ന തുക ഈടാക്കുന്നതിന് കെ-സ്മാർട്ട് ഫയൽ നം. 2854542/2024 പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

| കാലയളവ് | തുക(₹) |
|---|---|
| 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ | 512931 |
| 2023 ജനുവരി മുതൽ ഡിസംബർ വരെ | 591423 |
| 2024 ജനുവരി മുതൽ ഡിസംബർ വരെ | 589822 |
| **ആകെ** | **1694176** |

നിലവിൽ കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്നും ആയത് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2022 ജനുവരി മുതൽ 2024 ഡിസംബർ വരെ മാത്രം 1722530 രൂപ കുടിശ്ശിക നിലനിൽക്കുന്നതായി മേൽ പരാമർശിച്ച കണക്കുകൾ വ്യക്തമാക്കുന്നു. ത്രിലോക് സിനിമാ കോംപ്ലക്സിൽ നിന്നും 12/2020 മുതൽ പിരിച്ചെടുക്കാനുള്ള വിനോദനികുതി

സംബന്ധിച്ച് പരിശോധന നടത്തി, കുടിശ്ശിക ഡിമാൻഡ് വിവരങ്ങൾ കൃത്യമായി തയ്യാറാക്കേണ്ടതും തുക ഈടാക്കി അറിയിക്കേണ്ടതുമാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 രജിസ്ട്രേഷൻ ഇല്ലാതെ സ്വകാര്യആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന പ്രൈവറ്റ് ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ തൻവർഷം രജിസ്ട്രേഷൻ എടുത്തിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനം | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 1 | 6/1027, 1027/A, 1028, 1030, 1031,1032, 1032/A, 1032/B, 1032/E, 1032/F, 1032/G, 1032/H, 1032/I, 1032/J, K, 1033, 1034, 1034/A, 1035, | ക്രിസ്ത്യൻ മിഷൻ ഹോസ്പിറ്റൽ | ഡോ. റ്റി.ജി. വർഗീസ് |
| 2 | 6/939, 938 | ഫെയർ ലൈഫ് ആയുർ കെയർ | ഷാഫി എം.എസ് |
| 3 | 6/265/B | ഡോ. ബെൻസ് ഡെന്റൽ കെയർ | ബിനോയ് ജേക്കബ് തറയിൽ |
| 4 | 7/653/1, 653/2 | പേൾവൈറ്റ് ഫാമിലി ഡെന്റൽ ക്ലിനിക്ക് | ദീപു ചന്ദ്രൻ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.46/31.01.2025) സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭാപരിധിയിലുള്ള പ്രൈവറ്റ് ആശുപത്രികൾ/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച് വിവരശേഖരണം നടത്തേണ്ടതും ഇവയുടെ രജിസ്ട്രേഷൻ യഥാസമയം പുതുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-22 ഡി.ഡി മുഖേന തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റായ തുക ബാങ്ക് ഡെബിററ് ചെയ്തു

07.10.2024-ൽ തൊഴിൽ നികുതിയിനത്തിൽ DD മുഖേന വരവ് വന്ന 11870 രൂപ (DD No. 000739) 09.10.2024-ൽ കാനറാ ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തെങ്കിലും, Image Not Clear എന്ന കാരണം രേഖപ്പെടുത്തി ബാങ്ക് അക്കൗണ്ടിൽ അന്നേ ദിവസം തന്നെ തുക ഡെബിററ് ചെയ്തു. ടി തുക പിന്നിട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നം.38/29.01.2025) നൽകിയ മറുപടിയിൽ, DD റീവാലിഡേറ്റ് ചെയ്യുന്നതിനായി 29.01.2025-ൽ ബാങ്കിൽ സമർപ്പിച്ചിട്ടുണ്ടെന്നും 3 പ്രവൃത്തി ദിവസങ്ങൾക്ക് ശേഷം തുക അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെടുമെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. തുക അക്കൗണ്ടിൽ ക്രഡിറ്റ് ആകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-23 വാടക കുടിശികയിനത്തിൽ ഈടാക്കാനുള്ളത് 41.63 ലക്ഷം രൂപ

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ റൂമുകളുടെ വാടക ഈടാക്കുന്നത് സംബന്ധിച്ച ഡിമാന്റ് കളക്ഷൻ രജിസ്റ്റർ പ്രകാരം, 2018-19 മുതൽ 2023-24 വരെ അടിസ്ഥാന വാടകയും ജി.എസ്.റ്റി യും ഉൾപ്പെടെ **4163989** രൂപ കുടിശിക നിലനിൽക്കുന്നു. കോവിഡ്-19 വ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ അനുവദിച്ച ഇളവ് കിഴിച്ചതിനു ശേഷമുള്ള തുകയാണിത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേരും വിലാസവും | ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ, സ്ഥാപനം | 2023-24 വാടക തുക | കുടിശിക കാലയളവ് | കുടിശിക തുക (Gst ഉൾപ്പെടെ) |
|---|---|---|---|---|---|
| 1 | ഗീത സതീഷ്, സതീഷ് പൊയ്കയിൽ വീട്, പാറ്റൂർ, | നം.2 പോപ്പി ലതർ മാർട്ട് | 13805 +2485 Gst | 04/2018 മുതൽ 12/2023 വരെ | 841408 |
| 2 | നാസർ റാവുത്തർ, ഇളമയിൽ, തോന്നല്ലൂർ | 07 ജയകുമാർ ലോട്ടറി സെന്റർ | 11629+2093 Gst | 01/2019മുതൽ 12/2023 വരെ | 670174 |

| | | | | | |
|---|---|---|---|---|---|
| 3 | നാസർ റാവുത്തർ, ഇളമയിൽ, തോന്നല്ലൂർ | 8 | 13799 +2484 Gst | 09/2020 മുതൽ 12/2023 വരെ | 289714 |
| 4 | ഫക്കീർ മുഹമ്മദ് എം മൂപ്പരുവീട്ടിൽ,മങ്ങാരം | 11 Ancy Bakery | 7407+ 1333 Gst | 10/2022മുതൽ 12/2023 വരെ | 101634 |
| 5 | ഷാനവാസ് ഖാൻ C/o അരുൺനിവാസ്, വാസിംമൻസിൽ, മങ്ങാരം | 13 Sulthan Juicy | 7404+ 1332 Gst | 04/2019 മുതൽ 12/2023 വരെ | 363573 |
| 6 | അബ്ദുൾ സലാം നെടിയമണ്ണിൽദാറുൽസലാം തോന്നല്ലൂര് | 16 Vineeha Shopping Centre | 9131+ 1644 Gst | 04/2020മുതൽ 12/2023 വരെ | 348666 |
| 7 | കാസിംറാവുത്തർ ഇലവുങ്കൽപറമ്പിൽ, മങ്ങാരം | 17 Zeena Agencies | 7053+ 1270 Gst | 12/2018മുതൽ 12/2023 വരെ | 372202 |
| 8 | സത്താർ, മഠത്തിൽവീട്, തോന്നല്ലൂർ | 18 Madahil Stores | 9123+ 1642 Gst | 04/2019 മുതൽ 12/2023 വരെ | 429697 |
| 9 | അബ്ദുൾജബ്ബാർ ഉളയമഠംതാഴേതിൽ,തോന്നല്ലൂർ | 36 AS Cotton Garments | 3642+ 656 Gst | 11/2022മുതൽ 12/2023 വരെ | 45886 |
| 10 | ഇബ്രാഹിം റാവുത്തർ തേവാലയിൽ, മങ്ങാരം | 37 | 1736+ 312 Gst | 04/2020 മുതൽ 12/2023 വരെ | 65116 |
| 11 | ഷാജഹാൻ, തേവാലയിൽ, മങ്ങാരം | 38 KRS Lucky Centre | 2491+ 448 Gst | 07/2021 മുതൽ 12/2023 വരെ | 59971 |
| 12 | നസീമ, ജബ്ബാർമൻസിൽ, തോന്നല്ലൂർ | 40 | 3063+ 526 Gst | 04/2019 മുതൽ 12/2023 വരെ | 114825 |
| 13 | രവീന്ദ്രൻ നായർകിഴക്കേമണ്ണിൽ, മങ്ങാരം | 43 Lekshmi Lucky Center | 3223+ 580 | 04/2020 മുതൽ 12/2023 വരെ | 120873 |
| 14 | പുഷ്പലത, വാസുദേവൻ നിർമ്മാല്യം, മുടിയൂർകോണം | 45 | 3216+ 578 Gst | 06/2023 മുതൽ 03/2024 വരെ | 37940 |
| 15 | സത്താർ, മഠത്തിൽവീട് തോന്നല്ലൂർ | 46 MPR കമ്മ്യൂണിക്കേഷൻസ് | 3214+ 578 Gst | 04/2019 മുതൽ 12/2023 വരെ | 157780 |
| 16 | എച്ച്.എം. ബഷീർ, അനീഷ് എം.സെയ്താമൻസിൽ, കടയ്ക്കാട് | 52 | 5173+ 932 Gst | 10/2022മുതൽ 12/2023 വരെ | 70995 |
| 17 | എസ്. നിസാം മഠത്തിൽവീട്, മൻസൂർ മൻസിൽ, തോന്നല്ലൂർ | 54എച്ച്.എം.റ്റി ടൈം ഹൗസ് | 5665 +1020 Gst | മെയ് 23 മുതൽ മാർച്ച് 24 വരെ | 73535 |
| | | | | **ആകെ** | **4163989** |

തനതുവരുമാനത്തിൽ ഗണ്യമായ കുടിശികയുണ്ടാകുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെയും സാമ്പത്തിക സ്ഥിതിയെയും ദോഷകരമായി ബാധിക്കുന്നതാണ്.മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള പ്രോപ്പർട്ടികൾ വാടകയ്ക്ക് നൽകുന്നതിന് ഒരു അംഗീകൃത ബൈലോ ഇല്ലാത്തതും, വാടകക്കാരുമായി കരാർ ചമയ്ക്കാത്തതും ഇത്തരത്തിൽ കുടിശിക പെരുകുന്നതിന് കാരണമാകുന്നുണ്ട്. ബൈലായുടെ അഭാവത്തിൽ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ഗ്രൗണ്ട്/ സ്റ്റേഡിയം വാടകയ്ക്ക് നൽകുന്നതിന് തടസ്സമുണ്ടാകുന്ന സ്ഥിതിയാണ് നിലവിലുള്ളത്.

മറ്റ് അപാകതകൾ

- വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിരിക്കുന്ന തുകയെ സാധൂകരിക്കുന്ന രീതിയിൽ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തി രജിസ്റ്ററിൽ സൂക്ഷിച്ചിട്ടില്ല.
- മുൻവർഷങ്ങളിൽ കുടിശിക വരുത്തിയ ഉടമകൾക്ക് തന്നെ 2024-25-ലും മുറികൾ അനുവദിച്ചിട്ടുണ്ട്. കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കരാർ ചമച്ച് പഴയ ഉടമകൾ തന്നെ മുറികൾ അനുവദിക്കുകയാണുണ്ടായതെന്ന് ഈ വിഷയത്തിൽ നൽകിയ എൻക്വയറിയ്ക്ക് (17/27.01.25) മറുപടി ലഭ്യമാക്കിയത്. വാടക കുടിശ്ശികയുള്ള കരാറുകാർക്ക് മുറികൾ വീണ്ടും അനുവദിക്കുന്ന നടപടി നിരുത്സാഹപ്പെടുത്തേണ്ടതാണ്.
- 2024-25-ൽ 200 രൂപയുടെ മുദ്രപത്രത്തിലാണ് കരാർ എഴുതിയിരിക്കുന്നത്. പുതുക്കിയ സ്റ്റാമ്പ് ഡ്യൂട്ടി ആക്ട് പ്രകാരം നിയമപരമായി 500 രൂപയുടെ മുദ്രപ്പത്രമാണ് 2024-25 മുതൽ ഉപയോഗിക്കേണ്ടത്.
- ഷോപ്പിംഗ് കോംപ്ലക്സിലുള്ള ചില കടമുറികൾ ഉപയോഗിക്കാൻ കഴിയാത്ത വിധം പൊട്ടിപ്പൊളിഞ്ഞ സ്ഥിതിയിലാണുള്ളത്. ഉപയോഗക്ഷമമല്ലാത്തതിനാൽ ടി കടമുറികളിൽ നിന്ന് വാടക ഈടാക്കുന്നതിന് സാധിക്കുന്നില്ല.

കൃത്യമായ ഇടവേളകളിൽ കടമുറികൾക്ക് ആവശ്യമായ മെയിന്റനൻസ് ചെയ്ത് ഷോപ്പിംഗ് കോംപ്ലക്സിനെ കാലഘട്ടത്തിനനുസരിച്ചുള്ള അടിസ്ഥാന നിലവാരത്തിൽ എത്തിച്ച് കടമുറികൾ ഉപയോഗപ്രദമാക്കേണ്ടതാണ്.

വാടകക്കുടിശ്ശിക തുക ഈടാക്കേണ്ടതും കടമുറികൾ ഉപയോഗപ്രദമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-24 കൗൺസിൽ യോഗങ്ങളുടെ മിനിട്ട്സ് അംഗീകരിക്കുന്നതിൽ ചട്ട പ്രകാരമുള്ള സമയ പരിധി പാലിച്ചില്ല.

1995-ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 14(3) പ്രകാരം യോഗം കഴിഞ്ഞ് 24 മണിക്കൂറിനുള്ളിൽ സെക്രട്ടറി മിനിട്ട്സിന്റെ നക്കൽ തയ്യാറാക്കി അദ്ധ്യക്ഷന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും, ചട്ടം 14(4) പ്രകാരം അദ്ധ്യക്ഷൻ ആയതു 24 മണിക്കൂറിനുള്ളിൽ തിരുത്തലുകളോടെയോ അല്ലാതെയോ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ മിനിട്ട്സ് തയ്യാറാക്കി അദ്ധ്യക്ഷന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിലും, അദ്ധ്യക്ഷൻ മിനിട്ട്സ് അംഗീകരിക്കുന്നതിലും ചട്ട പ്രകാരമുള്ള സമയപരിധി പാലിച്ചില്ല . ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | യോഗ തീയതി | സെക്രട്ടറി അദ്ധ്യക്ഷന്റെ അംഗീകാരത്തിനായി അയച്ച തീയതി | അദ്ധ്യക്ഷൻ അംഗീകരിച്ച തീയതി |
|---|---|---|---|
| 1 | 05-04-2023 | 10-06-2023 | 16-06-2023 |
| 2 | 15-05-2023 | 25-05-2023 | 10-06-2023 |
| 3 | 06-06-2023 | 16-08-2023 | 12-09-2023 |
| 4 | 05-07-2023 | 19-09-2023 | 22-09-2023 |
| 5 | 04-08-2023 | 23-09-2023 | 23-09-2023 |
| 6 | 23-09-2023 | 10-10-2023 | 16-10-2023 |
| 7 | 19-10-2023 | 19-07-2024 | 21-07-2024 |
| 8 | 14-11-2023 | 09-03-2024 | 09-03-2024 |
| 9 | 08-12-2023 | 29-02-2024 | 29-02-2024 |
| 10 | 04-01-2024 | 19-02-2024 | 20-02-2024 |
| 11 | 02-02-2024 | 21-02-2024 | 24-02-2024 |
| 12 | 07-03-2024 | 06-05-2024 | 08-05-2024 |

സ്റ്റാഫുകളുടെ സ്ഥാനമാറ്റവും പരിചയക്കുറവും കാരണമാണ് ഇപ്രകാരമുള്ള വീഴ്ച സംഭവിച്ചിട്ടുള്ളതെന്നും, ന്യൂനത പരിഹരിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും മേൽ വിഷയത്തിൽ വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 6/ 24.01.2025 ) മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സമയ പരിധിക്കുള്ളിൽ മിനിട്ട്സ് തയ്യാറാക്കുന്നതിലും ആയതു യഥാസമയം അംഗീകരിക്കുന്നതിലും വീഴ്ച വന്നിട്ടുള്ളത് ഗൗരവത്തോടെ പരിഗണിക്കപ്പെടേണ്ടതാണ്. ഈ വിഷയത്തിലേക്കു കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 പൊതുടാപ്പുകളുടെ വെള്ളക്കരം പ്രതിവർഷം 1.20 കോടി രൂപ- ചെലവ് ചുരുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിവർഷം 1.20 കോടി രൂപ നഗരസഭ ചെലവഴിക്കുന്നു. 2023 മെയ് മാസം വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയുടെ റിപ്പോർട്ട് പ്രകാരം നഗരസഭയിലുള്ള പൊതുടാപ്പുകളുടെ എണ്ണം 625 ആണ്. ആയതിൽ 550 ടാപ്പുകൾ നിലനിർത്തി 75 എണ്ണം വിച്ഛേദിക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം 104400 രൂപ ഒടുക്കിയിട്ടുണ്ട്. ഈ ടാപ്പുകൾ വിച്ഛേദിക്കുന്ന പ്രവൃത്തി 20.06.2024-ൽ പൂർത്തീകരിച്ചിട്ടുള്ളതായി വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. 07/2024 മുതൽ 550 പൊതുടാപ്പുകളുടെ വാട്ടർചാർജ് കണക്കാക്കി പ്രതിമാസം 1000954 രൂപയാണ് ഡിമാന്റ് ചെയ്യുവരുന്നത്.

പൊതു ടാപ്പുകളുടെ വാട്ടർചാർജ്ജ് വർദ്ധനവ് 2023 മാർച്ച് മാസം മുതൽ നിലവിൽ വന്നതിനാൽ ഈയിനത്തിലുള്ള ബാധ്യത

ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ഇതനുസരിച്ച് പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിവർഷം 1,20,11,448 രൂപ ചെലവഴിക്കേണ്ടിവരും. പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിലൂടെ മാത്രമേ ഈയിനത്തിലെ ചെലവ് കുറയ്ക്കാൻ കഴിയുകയുള്ളൂ.

അമൃത് പദ്ധതിയുടെ ഭാഗമായി 3500 പുതിയ കണക്ഷനുകൾ നൽകുന്നതിനായി 10.45 കോടിയുടെ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. 2023-24, 2024-25 വർഷങ്ങളിലായി പദ്ധതി തയ്യാറാക്കി ആകെ 72 ലക്ഷം രൂപ അമൃത് മിഷൻ ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കുകയും ചെയ്ത് പൊതുടാപ്പുകളുടെ എണ്ണം കുറച്ചുകൊണ്ടുവരേണ്ടതാണ്.

## 1-26 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല- പ്രതിവർഷ ചെലവ് 40 ലക്ഷം രൂപ

നഗരസഭ പരിധിയിലെ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജിനത്തിൽ 1146147000362 നമ്പർ കൺസ്യൂമർ നമ്പരിൽ പ്രതിമാസം 341308 രൂപയാണ് ഒടുക്കുന്നത്. ഇതു പ്രകാരം ഒരുവർഷം ശരാശരി 40 ലക്ഷം രൂപ ഈയിനത്തിൽ ചെലവഴിക്കേണ്ടി വരുന്നു. നഗരസഭ പരിധിയിലെ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് വ്യക്തമായ കണക്കില്ലാതെയാണ് ഇത്രയും തുക ചെലവഴിക്കുന്നതെന്ന് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാട്ടിയിട്ടും പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം സ്ഥിരീകരിച്ച് ഈയിനത്തിലെ ചെലവ് കുറയ്ക്കുന്നതിന് യാതൊരു നടപടികളും ഉണ്ടായിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് 07.10.2010-ലെ 3742/ഡി.സി.3/2010/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് പാലിക്കാത്തത് സംബന്ധിച്ച് മുൻകാലങ്ങളിൽ ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്.

നഗരസഭ പരിധിയിലെ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി എണ്ണം തിട്ടപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബി. തയ്യാറാണെന്ന് പന്തളം ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ 12.11.2024-ലെ DB/AE/ES-Pdm/Letter/2024-24/129 നമ്പർ കത്ത് മുഖേന നഗരസഭയെ അറിയിച്ചിട്ടുണ്ട്. തെരുവ് വിളക്കുകൾക്ക് കണക്ഷൻ എടുത്ത് മീറ്റർ സ്ഥാപിക്കുന്നതിനാവശ്യമായ തുക നഗരസഭ ഇലക്ട്രിസിറ്റി ബോർഡിന് നൽകുന്ന മുറയ്ക്ക് ഇലക്ട്രിസിറ്റി ബോർഡ് മീറ്ററും സ്ട്രീറ്റ് ലൈറ്റ് കൺട്രോളറും സ്ഥാപിച്ചു നൽകുന്നതുമാണെന്നും അറിയിച്ചിട്ടുണ്ട്.

നഗരസഭ പരിധിയിലെ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി, തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തി വൈദ്യുത ചാർജിനത്തിലെ ചെലവ് ചുരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 വാഹനങ്ങളുടെ പരിപാലനം - ചട്ടങ്ങൾ പാലിക്കുന്നില്ല

നഗരസഭയിലെ വാഹനങ്ങളുടെ പരിപാലനത്തിലും രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും നടപടിക്രമങ്ങൾ പാലിക്കുന്നില്ല.
നിലവിൽ ഉപയോഗത്തിലുള്ള വാഹനങ്ങളുടെ വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം. | വാഹന നമ്പർ | വാഹനത്തിന്റെ തരം |
|---|---|---|
| 1 | KL-26 N-1671 | മാരുതി സുസുകി XL കാർ |
| 2 | KL-26-J-4669 | ടിപ്പർ |
| 3 | KL-26-J-4353 | മഹീന്ദ്ര ബൊലേറോ ജീപ്പ് |
| 4 | KL-26-H-3294 | ടോയോട്ട എറ്റിയോസ് കാർ |
| 5 | KL-26-N-2844 | പിക്ക് അപ്പ് വാൻ (ISUZU) |

നഗരസഭാ വാഹനങ്ങളുടെ ലോഗ് ബുക്കുകളും, ബന്ധപ്പെട്ട ഫയലുകളും, ചെലവ് വൗച്ചറുകളും പരിശോധിച്ചതിൽ നിന്നും വാഹനങ്ങളുടെ പരിപാലനത്തിൽ 2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും, പരിപാലനവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നില്ലെന്ന് കണ്ടു. വിവരം ചുവടെ ചേർക്കുന്നു.

| **ലോഗ് ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരമുള്ള വിവരങ്ങൾ** | KL-26N-1671 | KL-26-J-4669 | KL-26-J-4353 | KL-26-H-3294 | KL-26-N-2844 |
|---|---|---|---|---|---|
| യാത്ര ചെയ്തയാളിന്റെ ഒപ്പ് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| കസ്റ്റോഡിയൻ ഓഫീസറുടെ സാക്ഷ്യപ്പെടുത്തൽ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ഫ്യുവൽ അക്കൗണ്ട് വിവരങ്ങളുടെ | അപൂർണ്ണം | അപൂർണ്ണം | അപൂർണ്ണം | അപൂർണ്ണം | ഇല്ല |

| | | | | | |
|---|---|---|---|---|---|
| രേഖപ്പെടുത്തൽ | | | | | |
| ഫ്യുവൽ അക്കൗണ്ട് -കസ്റ്റോഡിയൻ ഓഫീസറുടെ സാക്ഷ്യപ്പെടുത്തൽ. | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| സംക്ഷിപ്ത കുറിപ്പ് - കസ്റ്റോഡിയൻ ഓഫീസറുടെ സാക്ഷ്യപ്പെടുത്തൽ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ഫ്യുവൽ കൺസംപ്ഷൻ സർട്ടിഫിക്കറ്റ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

1. വാഹന ഉപയോഗം സംബന്ധിച്ച് ലോഗ് ബുക്ക് മാത്രമാണ് നഗരസഭയിൽ സൂക്ഷിക്കുന്നത്. ചട്ടപ്രകാരമുള്ള താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

(1) പെട്രോൾ, ഡീസൽ, ഓയിൽ മുതലായവക്കുള്ള ഓർഡർ ബുക്ക്

(2) റിപ്പയർ രജിസ്റ്റർ

(3) സ്റ്റോക്ക് രജിസ്റ്റർ

(4) ഫ്യുവൽ രജിസ്റ്റർ

2. ലോഗ് ബുക്ക് സൂക്ഷിച്ചിട്ടുണ്ടെങ്കിലും കൃത്യമായി പരിപാലിക്കുന്നില്ല. ലോഗ് ബുക്കിൽ യാത്ര ചെയ്യുന്ന ആൾ ഒപ്പ് വയ്ക്കുകയോ കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ഇന്ധനം നിറയ്ക്കുമ്പോൾ വിവരങ്ങൾ രേഖപ്പെടുത്തി കസ്റ്റോഡിയൻ ഓഫീസർ ഒപ്പുവയ്ക്കുന്നില്ല.

3. ഓരോ അർദ്ധവർഷത്തിന്റെയും ആരംഭത്തിൽ മുൻ അർദ്ധവർഷത്തിൽ ഓരോ വാഹനത്തിനും ചെലവായ തുകയെ സംബന്ധിച്ച് (വാഹനത്തിന്റെ തരം, പെട്രോൾ, ഓയിൽ, സ്പെയർ പാർട്ട്സുകൾക്കുള്ള ചെലവ്, സ്പെയർ പാർട്ട്സ് ഇല്ലാതെയുള്ള റിപ്പയറുകളുടെ ചെലവ്, സർവ്വീസിംഗം മറ്റിനത്തിലുമുള്ള ചെലവ്) കസ്റ്റോഡിയൻ ഓഫീസർ ധകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന ചട്ടത്തിലെ വ്യവസ്ഥ പാലിക്കുന്നില്ല.

4. വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് വർഷത്തിൽ ഒരിക്കൽ നടത്തണമെന്ന സർക്കാർ ഉത്തരവ് പാലിക്കുന്നില്ല. വാഹനങ്ങളുടെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയത് സംബന്ധമായ യാതൊരുവിധ രേഖകളും സൂക്ഷിച്ചിട്ടില്ല. ഓരോ മാസവും ഉപയോഗിക്കുന്ന ഇന്ധനത്തിന്റെ അളവ് രേഖപ്പെടുത്തി മാസാന്ത്യ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല.

5. തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ തൻമാസം അവസാനത്തെ ദിവസം രേഖപ്പെടുത്തി കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

6. വാഹനത്തിൽ ഇന്ധനം നിറയ്ക്കുമ്പോൾ ഇന്ധനം നിറച്ച തീയതി, ടാങ്കിൽ ആകെയുള്ള ഇന്ധനത്തിന്റെ അളവ്, ആ സമയത്തെ കിലോമീറ്റർ റീഡിംഗ് ഇന്ധനം നിറയ്ക്കുമ്പോൾ ഹാജരായിട്ടുള്ള ആളിന്റെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തണമെന്ന വ്യവസ്ഥ പാലിക്കുന്നില്ല.

വാഹനങ്ങളുടെ പരിപാലനത്തിലുള്ള അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/25.01.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള രജിസ്റ്ററുകൾ പരിപാലിക്കുന്നതിനും മറ്റ് അപാകങ്ങൾ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-28 കേടായ വാഹനങ്ങൾ അറ്റകുറ്റപണി നടത്താത്തതുമൂലം നശിക്കുന്നു

കേടായ വാഹനങ്ങൾ അറ്റകുറ്റ പണി നടത്തി പ്രവർത്തനക്ഷമമാക്കുന്നതിന് യാതൊരു നടപടികളും നഗരസഭ യഥാസമയം സ്വീകരിച്ചില്ല. ഇക്കാരണത്താൽ വാഹനങ്ങൾ തുരുമ്പെടുത്ത് നശിക്കുന്ന അവസ്ഥയിലാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

1. കെ.എൽ.-03-1610- ടിപ്പർ ലോറി

2. കെ.എൽ.-26-എ-9666- ഓട്ടോ

3. കെ.എൽ. -26-ബി-1103- മിനി ടിപ്പർ ലോറി








ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ, കെ.എൽ.-03-1610- ടിപ്പർ ലോറി 15 വർഷം കഴിഞ്ഞതിനാൽ കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കെ.എൽ.-26-എ-9666- ഓട്ടോ കെ.എൽ.26 B1103 മിനി ടിപ്പർ ലോറി എന്നിവ 2018-ലെ വെള്ളപ്പൊക്കത്തിൽ വെള്ളം കയറിയിട്ടുള്ളതിനാൽ എഞ്ചിനും മറ്റും തകരാറിലായിട്ടുള്ളതും ആയതിനാൽ ഉപയോഗശൂന്യമാണെന്ന് അറിയിച്ചിട്ടുണ്ട്. ടി വാഹനങ്ങൾ യഥാക്രമം 9/2009 എന്നീ 10/2013 മോഡലുകൾ ആയതിനാൽ 15 വർഷം ആകുന്ന മുറയ്ക്ക് കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓട്ടോയും മിനി ടിപ്പർ ലോറിയും തുറസ്സായ സ്ഥലത്ത് ആണ് ഇട്ടിരിക്കുന്നത്. ഈ 3 വാഹനങ്ങളും നിയമപ്രകാരം കയ്യൊഴിയുന്നതിനു തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ഓരേ പ്രോജക്റ്റിൽ വ്യത്യസ്ത നിരക്കിൽ ധനസഹായം നൽകിയത് ക്രമപ്രകാരമല്ല.

പ്രോജക്റ്റ് ഡയറക്ടർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ ജനറൽ (503/23-24) എന്ന പ്രോജക്റ്റിൽ ഗുണഭോക്താക്കൾക്ക് വ്യത്യസ്ത നിരക്കിൽ ധനസഹായം വൽകിയതായി കാണുന്നു. പ്രോജക്റ്റിലെ ഭൂരിഭാഗം ഗുണഭോക്താക്കൾക്കും പരമാവധി 100000 രൂപ ധന സഹായം നൽകിയിട്ടുണ്ട്. എന്നാൽ അനിതാ കുമാരി, സുധ ആർ എന്നീ ഗുണഭോക്താക്കൾക്ക് 100000 രൂപക്ക് മുകളിലുള്ള തുകയുടെ മൂല്യനിർണ്ണയ രേഖ ഹാജരാക്കിയിട്ടും 60000 രൂപ മാത്രമാണ് ധനസഹായം നൽകിയത്. ഗുണഭോക്താക്കളോട് വിവേചനപരമായ നടപടി സ്വീകരിക്കുന്നതിനു പ്രത്യേക കാരണം ഉണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 33/29.1.2025) നൽകിയ മറുപടിയിൽ ഓരോ വാർഡിലേക്കും വ്യത്യസ്ത തുകകൾ പ്രത്യേകമായി വകയിരുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയതെന്നും ഓരോ വാർഡിലേക്കും വകയിരുത്തിയ തുകയുടെയും ഗുണഭോക്താക്കളുടെയും എണ്ണത്തിലെ വ്യത്യാസം കാരണമാണ് വ്യത്യസ്ത നിരക്കിൽ തുക നൽകേണ്ടിവന്നതെന്നും മറുപടി ലഭ്യമാക്കി. 2022-23-ൽ ധനകാര്യ കമ്മീഷൻ അവാർഡ് 2875000 രൂപ വകയിരുത്തി തയ്യാറാക്കിയ 362/2022-23 എന്ന പ്രോജക്ടിന്റെ സ്പിൽ ഓവർ ആണ് ഈ പ്രോജക്റ്റ്. 2024-2025 സാമ്പത്തിക വർഷത്തിലും ഈ പ്രോജക്ട് സ്പിൽ ഓവർ ആയി തുടരുന്നുണ്ട്. പ്രസ്തുത പ്രോജക്ടിൽ ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വിഹിതം വെച്ചതായി കാണുന്നു. ഒറിജിനൽ പ്രോജകറ്റിന്റെ പ്രോജക്റ്റ് രൂപികരണ ഫോറം 1 ൽ തന്നെ ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വിഹിതം വെച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം ഓരോ വാർഡിനും നൽകിയ വിഹിതത്തിന്റെ കണക്ക് താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ | തുക | വാർഡ് നമ്പർ | തുക |
|---|---|---|---|
| 1 | 75000 | 2 | 200000 |
| 3 | 100000 | 7 | 200000 |
| 9 | 200000 | 10 | 300000 |
| 11 | 200000 | 12 | 100000 |
| 17 | 100000 | 22 | 100000 |
| 23 | 100000 | 25 | 200000 |
| 27 | 180000 | 28 | 120000 |
| 29 | 200000 | 30 | 200000 |
| 32 | 100000 | 33 | 200000 |
| | | **ആകെ** | **2875000** |

തദ്ദേശ സ്ഥാപനത്തെ ഒറ്റ യൂണിറ്റായി കണ്ട് പ്രോജക്ട് തയ്യാറാക്കണം എന്ന പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശത്തിനും സാമാന്യ നീതിക്കും വിരുദ്ധമാണ് ഈ നടപടി. കവിയൂർ ഗ്രാമ പഞ്ചായത്ത്, 2023-24-ൽ ഭവന പുനരുദ്ധാരണത്തിനു വ്യത്യസ്ത നിരക്കിൽ ധനസഹായം നൽകുന്നതിനു പ്രോജക്റ്റുകൾ തയ്യാറാക്കിയത് തെറ്റായ നടപടിയാണെന്ന് 13.8.2024-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി വിലയിരുത്തി, പ്രസ്തുത പദ്ധതികൾക്ക് അനുമതി നിഷേധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രൊജക്ട് രൂപീകരണത്തിലുണ്ടായ അപാകം പരിഹരിച്ച് അർഹമായ എല്ലാ ഗുണഭോക്താക്കൾക്കും ഒരേ നിരക്കിൽ ധനസഹായം നൽകുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 വീട് വാസയോഗ്യമാക്കൽ പദ്ധതി- ഗുണഭോക്താക്കൾ പണി പൂർത്തിയാക്കാൻ അവശേഷിക്കുന്നു

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ (പ്രോജക്ട് നം 18/2024 )വീട് വാസയോഗ്യമാക്കൽ എസ്.സി., എന്ന പദ്ധതിയിലെ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തീയതി |
|---|---|---|---|
| 1 | രമേശ് എ, കൊല്ലംകടവിൽ മേലേതിൽ, പൂഴിക്കാട്, വാർഡ് 20 | 75000 | 31.12.2023 |
| 2 | മനോഹരൻ, വടക്കേചെറുകോണത്ത്, മുടിയൂർക്കോണം, വാർഡ് 33 | 65000 | 08.01.2024 |

മേൽ ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 വീട് വാസയോഗ്യമാക്കൽ ജനറൽ - പ്രോജക്ടിന്റെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

പ്രോജക്ട് ഡയറക്ടർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ ജനറൽ (503/23-24) എന്ന പ്രോജക്ടിനുവേണ്ടി ധനകാര്യ കമ്മീഷൻ അവാർഡ് 1530000 രൂപ വകയിരുത്തിയതിൽ 1010000 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റ്, ഓരോ ഗുണഭോക്താക്കളുടെയും വ്യക്തിഗത ഫയലുകൾ, അനുബന്ധ രേഖകൾ, രജിസ്റ്ററുകൾ എന്നിവ ലഭ്യമല്ലാത്തതിനാൽ ആയവ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നമ്പർ 12/25.1.2025) നൽകിയതിനെ തുടർന്ന് താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഫയലുകൾ മാത്രം പരിശോധനക്ക് ലഭ്യമാക്കി.

| ഗുണഭോക്താവ് | ബിൽ നമ്പർ/ബിൽ തുക | ഗുണഭോക്താവിനു നൽകിയ തുക | റിമാർക്സ് |
|---|---|---|---|
| ദേവകിയമ്മ, കൊച്ചാശാൻതുണ്ടിൽ (അനിൽ കുമാർ) | 589/23.3.2024 100000 | 50000 | രണ്ടാം ഗഡു |
| കനകമ്മാൾ അരുൺഭവനം | 370/02-02-2024 260000 | 50000 | രണ്ടാം ഗഡു |
| സുധ ആർ മുത്തുണിയിൽ | | 30000 | രണ്ടാം ഗഡു. ഒന്നാം ഗഡു 30000 രൂപ 2022-23 ൽ നൽകി. |
| ശാന്തമ്മ | | 50000 | രണ്ടാം ഗഡു |
| ബാബുഖാൻ | 245/8.12.2023 50000 | 50000 | രണ്ടാം ഗഡു |
| ഓമനയമ്മ | 150/09-10-2023 450000 | 50000 | രണ്ടാം ഗഡു |
| ഷീജ ഷാജഹാൻ | | 50000 | രണ്ടാം ഗഡു |
| അനിതാ കുമാരി | | 30000 | |
| ആകെ | | 360000 | |

1010000 രൂപ തൻവർഷം ചെലവഴിച്ചിട്ടുള്ള പ്രോജക്ടിൽ 360000 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയത്. 650000 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കാൻ അവശേഷിക്കുന്നു. ചെലവ് സംബന്ധമായ രേഖകൾ പൂർണ്ണമായും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അതു വരെ 650000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-32 എൽ.പി.സ്കൂളിന് ഉപകരണങ്ങൾ വാങ്ങൽ - പ്രോജക്ട് ലക്ഷ്യം കണ്ടില്ല

പ്രിൻസിപ്പൽ, തോട്ടക്കോണം ഗവ.ഹയർസെക്കന്ററി സ്കൂൾ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'കടയ്ക്കാട് സ്കൂളിലേക്ക് ഉപകരണങ്ങളും സാധനസാമഗ്രികളും വാങ്ങൽ' എന്ന പ്രോജക്ടിന്റെ ആസൂത്രണത്തിലും, നിർവ്വഹണത്തിലും അപാകങ്ങൾ വന്നിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ / ചെലവ് | ഇൻവോയ്സ് നമ്പർ | ട്രഷറി ബിൽ നമ്പർ, തീയതി, തുക |
|---|---|---|---|
| 544/2023-24 കടയ്ക്കാട് എസ്.വി.എൽ.പി | 300000/ 298858 | ARTCO KLM345/ 26.07.23 298858 | 60363/23.03.24 298858 രൂപ |

| | | | | |
|---|---|---|---|---|
| | സ്കൂളിലേക്ക് ഉപകരണങ്ങളും സാധനസാമഗ്രികളും വാങ്ങൽ | | | |

പ്രോജക്ട് ഫയൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ ഉപകരണങ്ങൾ കടയ്ക്കാട് എസ്.വി.എൽ.പി സ്കൂളിലെ പ്രധാനാധ്യാപിക കൈപ്പറ്റിയതായി നിർവഹണോദ്യോഗസ്ഥന്റെ സ്റ്റോക്ക് ആന്റ് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തി 10 അലമാര വാങ്ങിയിട്ടുണ്ടെങ്കിലും, കടയ്ക്കാട് സ്കൂളിൽ പ്രഥമാധ്യാപികയുടെ സാന്നിധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ 9 അലമാര (സ്റ്റീൽ ക്യാബിനറ്റ്) മാത്രമേ പ്രസ്തുത സ്ഥാപനത്തിൽ കണ്ടെത്താൻ സാധിച്ചുള്ളൂ. സ്കൂളിന്റെ സ്റ്റോക്ക് രജിസ്റ്ററിലും 9 എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. Gst ഉൾപ്പെടെ 9999 രൂപ വിലയുള്ള ഒരു അലമാര സംബന്ധിച്ച് വ്യക്തതയില്ല.
2. സ്കൂളിന് വിതരണം ചെയ്ത 15 സീലിംഗ് ഫാനുകൾ, 1 മൈക്ക് സെറ്റ് എന്നിവ ഒരു വർഷത്തിനു ശേഷവും ഇൻസ്റ്റാൾ ചെയ്ത് ഉപയോഗയോഗ്യമാക്കിയിട്ടില്ല. ടി ഇലക്ട്രിക് ഉപകരണങ്ങളുടെ വാറണ്ടി സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.
3. ആവശ്യകത നിർണയിക്കാതെയാണ് കടയ്ക്കാട് എൽ.പി സ്കൂളിലേക്ക് പ്രസ്തുത ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.42/31.01.25 ) മറുപടി ലഭ്യമാക്കിയില്ല.




ഉപയോഗിക്കാത്ത സീലിംഗ് ഫാനുകളും മൈക്ക് സെറ്റും

പരിശോധനയിൽ കണ്ടെത്താൻ സാധിക്കാതിരുന്ന ഒരു അലമാര സംബന്ധിച്ച് വ്യക്തത വരുത്താത്തതിനാൽ അലമാരയുടെ വിലയായ 9999 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കാത്ത പക്ഷം തുക നിരാകരിക്കുന്നതാണ്. സീലിംഗ് ഫാനുകളും മൈക്ക് സെറ്റുകളും ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - പ്രോജക്റ്റ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് ഡയറക്ടർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ) (516/2023-24) എന്ന പ്രോജക്ടിനുവേണ്ടി ബിൽ നമ്പർ 57/10.7.2023 പ്രകാരം 400000 രൂപ (ധനകാര്യകമ്മീഷൻ അവാർഡ്) ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിയും (11/25.01.2025) 29.1.2025-നു പ്രത്യേകം ഓഡിറ്റ് റിക്വിസിഷനും നൽകി ഈ പ്രോജക്റ്റിന്റെ ചെലവ് രേഖകൾ ആവശ്യപ്പെട്ടെങ്കിലും ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഈ പ്രോജക്റ്റിന്റെ ഫയലുകൾ, അനുബന്ധ രേഖകൾ, രജിസ്റ്ററുകൾ എന്നിവ ലഭ്യമാക്കാത്ത പക്ഷം 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 (2) പ്രകാരം ഈ രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 400000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-34 DPR തയ്യാറാക്കുന്നതിനുള്ള തുക യഥാസമയം നൽകാത്തതിനാൽ ക്രിമറ്റോറിയം നിർമ്മാണം നടപ്പായില്ല

കരാർ പ്രകാരമുള്ള തുക യഥാസമയം നൽകാത്തതിനാൽ ക്രിമറ്റോറിയം നിർമ്മാണം, 2 TPD കപ്പാസിറ്റിയുള്ള RRF നിർമ്മാണം, ഹരിത കർമ്മ സേനയ്ക്കും സാനിറ്റേഷൻ തൊഴിലാളികൾക്കുമായി അമെനിറ്റീസ് സെന്റർ നിർമ്മാണം എന്നിവയുടെ DPR തയ്യാറാക്കാനായിട്ടില്ല. DPR തയ്യാറാക്കുന്നതിനായി സർക്കാർ ഇതര അക്രഡിറ്റഡ് ഏജൻസിയായ ഹാബിറ്റാറ്റിനെ തെരഞ്ഞെടുത്തിരുന്നു. എന്നാൽ കരാർ തയ്യാറാക്കി 9 മാസങ്ങൾക്കു ശേഷവും തുക പൂർണ്ണമായും കൈമാറാനോ DPR തയ്യാറാക്കാനോ കഴിഞ്ഞിട്ടില്ല.

കരാർ പ്രകാരം, എഗ്രിമെന്റിൽ ഏർപ്പെടുന്ന സമയത്ത് സെന്റേജ് ചാർജിന്റെ 20%, മണ്ണ് പരിശോധനയുടെ 1.2 ലക്ഷം മാസ്റ്റർ പ്ലാൻ ചാർജിന്റെ 30% എന്നിവ ചേർത്ത് ആകെ 420000 രൂപയും GST യും നഗരസഭ ഹാബിറ്റാറ്റിനു നൽകേണ്ടിയിരുന്നു. എന്നാൽ തനതു ഫണ്ട് 2 ലക്ഷം വകയിരുത്തി പ്രസ്തുത തുക മാത്രമാണ് നഗരസഭ 2023-24-ൽ നൽകിയിട്ടുള്ളത്. തുടർന്ന്

നാളിതു വരെ ഹാബിറ്റാറ്റിനു തുകയൊന്നും നൽകിയിട്ടില്ല. ഇക്കാരണത്താൽ മണ്ണ് പരിശോധനയും DPR തയ്യാറാക്കലും നാളിതുവരെ നടപ്പാക്കാനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം/പേര് | 553/2023-24, DPR തയ്യാറാക്കൽ ക്രിമറ്റോറിയം |
| ഫണ്ട് വകയിരുത്തിയത് | തനതു ഫണ്ട് - 200000 |
| തുക ചെലവഴിച്ചത് | 200000 (ചെക്ക് നം. 111301/30.03.2024) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |

ഹാബിറ്റാറ്റിൽ നിന്നും 26.12.2023-ലെ HTG/2023/12/1108 കത്ത് പ്രകാരം എസ്റ്റിമേറ്റ് പ്രപ്പോസൽ തയ്യാറാക്കി സമർപ്പിച്ചതായി SWM എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആകെ പദ്ധതി ചെലവിന്റെ 1.5% (കുറഞ്ഞത് 7.5 ലക്ഷം രൂപ) സെന്റേജ് ചാർജ് ആകും എന്ന് ഹാബിറ്റാറ്റിന്റെ ഈ കത്തിൽ അറിയിച്ചിരുന്നു. എന്നാൽ ഇതിനു പുറമേ പന്തളം നഗരസഭയുടെ മാസ്റ്റർ പ്ലാനിനും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നതിനുമായി ( Preperation Of Comprehensive Master Plan) ₹5,00,000 രൂപ കൂടി ചേർത്തു കൊണ്ട് പുതിയൊരു പ്രപ്പോസൽ 28.12.2023 ൽ ഹാബിറ്റാറ്റ് ലഭ്യമാക്കി. ഇതനുസരിച്ചുള്ള പേയ്മെന്റ് ഷെഡ്യൂൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് 12.03.2024-ൽ മുനിസിപ്പൽ സെക്രട്ടറിയും ഹാബിറ്റാറ്റ് ചെയർമാനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. DPR തയ്യാറാക്കി അംഗീകരിക്കപ്പെട്ടതിനു ശേഷമേ ബിൽഡിംഗ് പ്രവർത്തനങ്ങൾ നടത്തുന്നതിനും നിർമ്മാണത്തിനുള്ള കരാർ ഏജൻസിയെ കണ്ടെത്തുന്നതിനും കൺസൾട്ടൻസി സ്ഥാപനമായ (PMC) ഹാബിറ്റാറ്റിനു കഴിയുകയുള്ളൂ.

അടിയന്തിര പദ്ധതികൾക്കുള്ള തുക കൈമാറാതെ വൈകുന്നതിനു വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/28.01.2025) മറുപടി നൽകിയില്ല. കരാറിൽ ഏർപ്പെട്ടിട്ടും സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നതിന് അധികൃതരുടെ ഭാഗത്തു നിന്ന് വീഴ്ചയുണ്ടായിട്ടുണ്ട്. DPR തയ്യാറാക്കി പദ്ധതികൾ പൂർത്തീകരിക്കാൻ നഗരസഭാ കൗൺസിൽ ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 അമൃത് കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം.

കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പൈപ്പ് വിതരണസംവിധാനം മെച്ചപ്പെടുത്തുന്നതിനും 3500 കണക്ഷനുകൾ (FHTS) നൽകുന്നതിനുമായി കേരള വാട്ടർ അതോറിറ്റി നിർവ്വഹണ ഏജൻസിയായി 10.45 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. AMRUT പദ്ധതിയുടെ (Project Code-**PTAAMRUT**022315502) ഭരണാനുമതി 104500000 രൂപയും (GO(Rt) 473/2023/LSGD) സാങ്കേതിക അനുമതി 82000000 (TS/4079/2022/26/11) രൂപയുമാണ്. എന്നാൽ പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നു. രണ്ടു സാമ്പത്തിക വർഷങ്ങളിലായി 72 ലക്ഷം രൂപ നഗരസഭ അമൃത് മിഷനു കൈമാറിയിട്ടുണ്ട്.

ആകെ അടങ്കൽ തുകയുടെ 12.5% നഗരസഭ വിഹിതം അടവാക്കുന്നതിനായി 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ പദ്ധതി തയ്യാറാക്കുകയും 72 ലക്ഷം രൂപ അമൃത് മിഷൻ ഡയറക്ടർക്കു നൽകുകയും ചെയ്തിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | 2023-24 | 2024-25 |
|---|---|---|
| പ്രൊജക്റ്റ് നം, പേര് | 299/2023-24, അമൃത് പദ്ധതി | 155/2024-25, അമൃത് 2.0- നഗരസഭ വിഹിതം |
| ഫണ്ട് വകയിരുത്തിയത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 2400000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 4800000 |
| ചെലവഴിച്ചത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 2400000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 4800000 |
| ഏജൻസി | അമൃത് മിഷൻ ഡയറക്ടർ, തിരുവനന്തപുരം | അമൃത് മിഷൻ ഡയറക്ടർ, തിരുവനന്തപുരം |

പദ്ധതിയുടെ എസ്റ്റിമേറ്റ് വിശദാംശങ്ങൾ കേരള വാട്ടർ അതോറിറ്റിയോ മിഷൻ ഡയറക്ടറോ നഗരസഭയ്ക്ക്

കൈമാറിയിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുന്നതിനു ഓഡിറ്റ് എൻക്വയറി (നം.23/28.01.2025) മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. അതിനാൽ തന്നെ പദ്ധതിയുടെ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമല്ല. തുക കൈമാറി വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതി തുടക്കം കുറിച്ചിട്ടുണ്ടോ എന്നതിൽ വ്യക്തതയില്ല. വാട്ടർ അതോറിറ്റിയുടെ വെബ് പോർട്ടലിലും രേഖകൾ ലഭ്യമല്ല. പദ്ധതി നടപ്പാക്കുന്നതിനു ഭരണസമിതി തലത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 അങ്കണവാടി നിർമ്മിക്കുന്നതിനു മുന്നോടിയായുള്ള ചുറ്റുമതിൽ നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചു.

13-ാം വാർഡിൽ അങ്കണവാടി നിർമ്മിക്കുന്നതിനു മുന്നോടിയായി ചുറ്റുമതിൽ നിർമ്മിക്കുന്നതിനു 5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പദ്ധതി ടെണ്ടർ ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കിയില്ല. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഭൂമി റോഡ് നിരപ്പിൽ നിന്നും ഉയർന്നതാണെന്നും സംരക്ഷണ ഭിത്തി നിർമ്മിച്ച് ചുറ്റുമതിൽ നിർമ്മിച്ചെങ്കിലേ അങ്കണവാടി നിർമ്മിക്കാൻ കഴിയൂ എന്നു രേഖപ്പെടുത്തിയിരുന്നു. എന്നാൽ കരാറുകാരൻ 31.3 M നീളത്തിൽ സംരക്ഷണ ഭിത്തി മാത്രം നിർമ്മിക്കുകയും ചുറ്റുമതിൽ നിർമ്മിക്കാതെ പദ്ധതി ഉപേക്ഷിച്ചതായും വ്യക്തമായിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം, പേര് | 491/2022-23, 377/2023-24, അങ്കണവാടി നിർമ്മാണം- വാർഡ് 13 |
| വകയിരുത്തിയ തുക | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 425000 |
| ചെലവഴിച്ച തുക | 148092 |
| കരാറുകാരൻ | ഉണ്ണികൃഷ്ണൻ, കോയിക്കാര്യം, കരമ്പാല |
| എഗ്രിമെന്റ് നമ്പർ, തീയതി | 98/22-23; 18.03.2023 |

മതിൽ നിർമ്മാണത്തിന്റെ ടെണ്ടർ ക്ഷണിച്ചതിനെത്തുടർന്ന് 360117 രൂപ ക്വോട്ട് ചെയ്ത ഉണ്ണികൃഷ്ണൻ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയും (Estimate PAC-423667, Agreed PAC 15% Below-360117) 18.03.23 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. എന്നാൽ 2023-24 ൽ സംരക്ഷണ ഭിത്തി നിർമ്മാണം മാത്രം നടത്തിയതിന്റെ തുക മാത്രമാണ് കരാറുകാരനു നൽകിയിട്ടുള്ളത്. സംരക്ഷണഭിത്തി സിമന്റ് പോയിന്റിംഗ്, PCC കോൺക്രീറ്റിംഗ്, സിമന്റ് കട്ട വച്ച് ചുറ്റുമതിൽ നിർമ്മിക്കുക, പെയിന്റിംഗ്, ഗേറ്റ് നിർമ്മാണം എന്നിവ നടത്തിയിട്ടില്ല. കരാർ ലംഘനം നടത്തിയതിനു തുടർനിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് അറിയിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/28.01.2025) എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ മറുപടി നൽകിയിട്ടില്ല.

കരാറുടമ്പടി പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനു കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ നിയമാനുസൃതം നോട്ടീസ് അയച്ച് 14 ദിവസങ്ങൾക്കു ശേഷം കരാർ റദ്ദാക്കുന്നതും പ്രവൃത്തി മറ്റൊരു ഏജൻസി വഴി പൂർത്തീകരിക്കേണ്ടതുമാണ്. ഇപ്രകാരമുണ്ടാകുന്ന അധിക ചെലവു മുഴുവൻ കരാറുകാരന്റെ ബിൽ തുകയിൽ നിന്നും ജാമ്യനിക്ഷേപത്തിൽ നിന്നും സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും വസൂലാക്കുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാറുകാരൻ നോട്ടീസുകൾ അവഗണിക്കുന്ന പക്ഷം നിയമാനുസൃത നടപടികൾ സ്വീകരിച്ച് കരാർ റദ്ദ് ചെയ്യേണ്ടതും മറ്റൊരു ഏജൻസിയെ വച്ച് നിർമ്മാണം പൂർത്തീകരിക്കേണ്ടതുമാണ്. കൗൺസിൽ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 അയ്യങ്കാളി തൊഴിലുറപ്പു പദ്ധതിയിൽ സമയബന്ധിതമായി വേതനം നൽകുന്നില്ല.

വിവിധ വാർഡുകളിലെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിച്ചതിൽ നിന്നും തൊഴിലാളികൾക്കുള്ള വേതനം സമയബന്ധിതമായി നൽകുന്നില്ല എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടാം വാർഡിലെ തൊഴിലാളികൾക്ക് രണ്ടു പ്രവൃത്തികളുടെ വേതനം ലഭിച്ചിട്ടില്ലായെന്ന് 05-05-2024 ൽ നടത്തിയ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുപോലെ മറ്റെല്ലാ വാർഡുകളിലും വേതനം നൽകാനുണ്ട്. ജോലി ചെയ്തിട്ടു വേതനം ലഭിക്കാൻ ഒരു വർഷം വരെ കാലതാമസം വരുന്നതിനാലും തൊഴിലുറപ്പ് ജോലി കുറവായതു കൊണ്ടും പല തൊഴിലാളികളും മറ്റു ജോലികൾക്കു പോകുകയാണെന്നു 02-06-2024 ൽ നടത്തിയ മൂന്നാം വാർഡിന്റെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അയ്യങ്കാളി തൊഴിലുറപ്പു പദ്ധതിയുടെ വരവു ചെലവു കണക്കുകൾ പരിശോധിച്ചതിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച 2.39 കോടി രൂപയിൽ 1.83 കോടി രൂപ മാത്രമേ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ. 55.78 ലക്ഷം രൂപ ചെലവഴിക്കാനാകാതെ ട്രഷറി അക്കൗണ്ടിൽ അവശേഷിച്ചത് ലാപ്സാകുകയും ചെയ്തു. 24-03-2024 ൽ തുക വന്നിരുന്നെങ്കിലും ട്രഷറിൽ ബിൽ തുക മാറാൻ കഴിയാത്തതിനാലാണ് 55.78 ലക്ഷം ചെലവഴിക്കാൻ കഴിയാതിരുന്നതെന്നു അധികൃതർ ഓഡിറ്റിനെ അറിയിച്ചു. പദ്ധതിയുടെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| മുന്നിരുപ്പ്-ക്യാഷ് | 0 | AUEGS ചെലവ് | 19815841 |
| മുന്നിരുപ്പ്-ബാങ്ക് (KGB) | 7597 | ക്ഷീര കർഷകർക്കുള്ള തുക | 1838321 |
| മുൻ വർഷ ട്രഷറി ബാലൻസ് | 311418 | PMAY ചെലവ് | 147530 |
| ഡയറക്ടറേറ്റ് (തൻ വർഷം-ട്രഷറി) | 23935000 | എസ്റ്റാബ്ലിഷ്മെന്റ് | 242028 |
| മുനിസിപ്പാലിറ്റി | 3694512 | ഓഡിറ്റ് ഫീ | 8000 |
| പലിശ | 790 | ട്രഷറിയിൽ മുൻവർഷ ബാലൻസ് തിരിച്ചടവ് | 311418 |
| **ആകെ വരവ്** | **27941720** | **ആകെ ചെലവ്** | **22363138** |
| | | നീക്കിയിരിപ്പ് -ക്യാഷ് | 0 |
| | | നീക്കിയിരിപ്പ് -ബാങ്ക് | 7455 |
| | | **ട്രഷറി ബാലൻസ്** | **5578724** |
| **ഒട്ടാകെ** | **27949317** | **ഒട്ടാകെ** | **27949317** |

പ്രവൃത്തികൾ പൂർത്തീകരിച്ച കഴിഞ്ഞാൽ കാലതാമസം കൂടാതെ തൊഴിലാളികൾക്ക വേതനം നൽകുന്നതിന വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. കൗൺസിലിന്റെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതാണ്.

## 1-38 റോഡ് ടാറിംങ്/റീ ടാറിംങ് പ്രവൃത്തികളിൽ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നില്ല.

വിവിധ റോഡ് ടാറിംങ്/റീ ടാറിംങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും നഗരസഭയിൽ MSS Roadwork With Shredded Plastic എന്നയിനം ഉപയോഗിക്കുന്നില്ല എന്ന കാണുന്നു. ടാറിംഗിൽ ടാക്ക് കോട്ടിന ശേഷം 20 Mm ചിപ്പിംഗ് കാർപ്പറ്റ് എന്ന പ്രവൃത്തിയും അതിന മുകളിൽ സീൽ കോട്ട് എന്ന പ്രവൃത്തിയുമാണ് നിലവിൽ ചെയ്തു വരുന്നത്. എന്നാൽ ടാക്ക് കോട്ടിന ശേഷം മിക്സഡ് സീൽ സർഫസ് എന്ന ഇനം ഉപയോഗിച്ചാൽ സീൽ കോട്ട് എന്ന ഇനം ഒഴിവാക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 17.08.2022-ലെ No.DB1/1966/21/CE സർക്കുലർ പ്രകാരം തദ്ദേശ ഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളിൽ MSS ഉപരിതലം പരിഗണിക്കണമെന്നും ഇതിനായി 5.11.1.A.2a/75.5.11.1.A.2pb എന്നീ MORD സ്പെസിഫിക്കേഷനാണ് നൽകേണ്ടതെന്നും നിർദ്ദേശിച്ചിരുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 17.06.2023-ലെ No.LSGD/PD/40538/2023-DB3 സർക്കുലർ പ്രകാരം റോഡ് നിർമ്മാണത്തിനായി 25% എങ്കിലും ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ടാറിങ്ങിൽ ഉൾപ്പെടുത്തണം. നഗരപ്രദേശങ്ങളിൽ 50% വും ഗ്രേഡ് -1മുനിസിപ്പാലിറ്റികളിൽ 30% വും ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ടാറിങ്ങിൽ ഉൾപ്പെടുത്തണം എന്നും നിർദ്ദേശിച്ചിരുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 01.12.2023-ലെ LSGD/PD/30783/2023-DB3 സർക്കുലർ പ്രകാരം ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തി Mix Seal Surfacing (MSS) റോഡ് വർക്കിന്റെ അംഗീകൃത ഡേറ്റ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയുടെ ടാറിങ് പ്രവൃത്തികളിൽ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടില്ല. റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് വിനിയോഗിച്ച് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക്കിന്റെ പുനരുപയോഗം ഉറപ്പാക്കാവുന്നതാണ്. സർക്കാർ നിർദ്ദേശം പാലിയ്ക്കുന്നതിന് അധികൃതർ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല-

സാമൂഹ്യ ക്ഷേമ പെൻഷൻ വാങ്ങിയ ഗുണഭോക്താക്കൾ മരണപ്പെട്ടശേഷം അവരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും യഥാസമയം സസ്പെന്റ് ചെയ്യാത്തതിനാൽ മരണശേഷം ഇവരുടെ അക്കൌണ്ടിലേക്ക് കൈമാറുന്ന തുക അനർഹർ കൈപ്പറ്റാൻ സാധ്യതയുണ്ട്. മരണപ്പെട്ടിട്ടും പെൻഷൻ സസ്പെൻറ് ചെയ്യാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നം./തീയതി | പെൻഷൻ സ്റ്റാറ്റസ് | അനർഹമായി ക്രെഡിറ്റ് ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | ഗ്രേസി | 112610202116 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 09-09-2023 | 389/2023 | ആക്ടീവ് | 4800 |
| 2 | രാജൻ എൻ. | 112610203569 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 30-10-2024 | 461/2024 | ആക്ടീവ് | |
| 3 | പാറുക്കുട്ടിയമ്മ | 104150600091 | വിധവാ പെൻഷൻ | 10-06-2024 | 265/2024 | ആക്ടീവ് | |
| 4 | ജമാലുദീൻ | 112610202705 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 05-02-2024 | 84/2024 | ആക്ടീവ് | 4800 |
| 5 | കമലാക്ഷിയമ്മ | 104150200299 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 17-12-2024 | 511/2024 | ആക്ടീവ് | |
| 6 | പൊന്നമ്മ ബേബി | 104150201564 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 31-08-2024 | 356/2024 | ആക്ടീവ് | 3200 |
| 7 | ഗീത കുയാട്ട് ശങ്കരൻ | 112610203364 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18-04-2024 | 191/2024 | ആക്ടീവ് | 1600 |
| 8 | അംബുജാക്ഷി | 104150600359 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 20-07-2024 | 308/2024 | ആക്ടീവ് | |
| 9 | സരസ്വതിയമ്മ | 104150601023 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 24-08-2023 | 390/2023 | ആക്ടീവ് | 14400 |
| 10 | സുമതിയമ്മ | 104150200227 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 03-12-2024 | 24/2025 | ആക്ടീവ് | |
| 11 | രാമൻ എ | 104150200170 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18-03-2024 | 118/2024 | ആക്ടീവ് | 3200 |
| 12 | രാജമ്മ | 112610202896 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 31-01-2024 | 72/2024 | ആക്ടീവ് | 6400 |
| 13 | പൊന്നമ്മ | 104150201250 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 01-05-2024 | 178/2024 | ആക്ടീവ് | |

| | | | | | | | |
|---|---|---|---|---|---|---|---|
| 14 | ജാനകി | 104150100588 | കർഷക തൊഴിലാളി പെൻഷൻ | 03-11-2024 | 460/2024 | ആക്ടീവ് | |
| 15 | വി എം ശ്രീധരൻ | 112610200125 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18-12-2023 | Jan-24 | ആക്ടീവ് | 8000 |
| 16 | ജി കൃഷ്ണക്കുറുപ്പ് | 112610200137 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 04-09-2023 | 395/2023 | ആക്ടീവ് | 12800 |
| 17 | അയൂബ് ഹസ്സൻ റാവുത്തർ | 104150201657 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 08-11-2023 | 525/2023 | ആക്ടീവ് | 9600 |
| 18 | രാജമ്മ | 104150100656 | കർഷക തൊഴിലാളി പെൻഷൻ | 16-06-2024 | 259/2024 | ആക്ടീവ് | |
| 19 | രവി | 112610203068 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 30-12-2023 | 13/2024 | ആക്ടീവ് | 8000 |
| 20 | മീനാക്ഷിയമ്മ | 104150500014 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 28-04-2024 | 226/2024 | ആക്ടീവ് | |
| 21 | ബാലൻ എം.റ്റി | 112610201014 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 16-11-2024 | 477/2024 | ആക്ടീവ് | |
| 22 | എം സി ചെല്ലപ്പൻ | 112610200509 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 03-07-2024 | 280/2024 | ആക്ടീവ് | |
| 23 | പൊടിയമ്മ | 104150200777 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 29-08-2023 | 384/2023 | ആക്ടീവ് | 14400 |
| 24 | നളിനി | 104150201600 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 08-02-2024 | 95/2024 | ആക്ടീവ് | |
| 25 | പാപ്പിജോണി | 112610200886 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 26-11-2023 | 490/2023 | ആക്ടീവ് | 3600 |
| 26 | മറിയാമ്മാജോണി | 112610200888 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18-04-2024 | 163/2024 | ആക്ടീവ് | 600 |

| | | | | | | | |
|---|---|---|---|---|---|---|---|
| 27 | രാഘവൻപിള്ള | 104150200984 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 16-12-2023 | 524/2023 | ആക്ടീവ് | 8000 |
| 28 | ലക്ഷ്മിക്കുട്ടിയമ്മ | 104150600189 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 17-11-2023 | 484/2023 | ആക്ടീവ് | |
| 29 | ചിന്നമ്മ | 104150601620 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 30-09-2023 | 433/2023 | ആക്ടീവ് | 12800 |
| 30 | ഭാർഗവി | 104150100700 | കർഷക തൊഴിലാളി പെൻഷൻ | 26-09-2023 | 435/2023 | ആക്ടീവ് | 12800 |
| 31 | സദാനന്ദൻ | 104150200126 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 19-08-2023 | 376/2023 | ആക്ടീവ് | 14400 |
| 32 | കെ ജി വർഗ്ഗീസ് | 112610202023 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 13-02-2024 | 63/2024 | ആക്ടീവ് | 4800 |
| 33 | പരമേശ്വരൻ സി എ | 104150200891 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 20-09-2023 | 413/2023 | ആക്ടീവ് | 12800 |
| 34 | നൂർജഹാൻ | 112610202791 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 26-06-2023 | 287/2023 | ആക്ടീവ് | 17600 |
| 35 | സോമൻ നായർ | 112610202533 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24-09-2023 | 417/2023 | ആക്ടീവ് | 12800 |
| | ആകെ | | | | | | 191400 |

ഓഡിറ്റ് നടത്തിയ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങളിലെ കൃത്യത മരണ രജിസ്റ്ററും സേവന പെൻഷൻ ഡാറ്റയുമായി ഒത്തുനോക്കിയും, ആവശ്യമെങ്കിൽ ഫീൽഡ് പരിശോധന നടത്തിയും ഉറപ്പുവരുത്തി വിശദാംശം ഓഡിറ്റിൽ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28, 28.01.2025) മേൽ ഗുണഭോക്താക്കളെല്ലാം മരണപ്പെട്ടവരാണെന്നും, പ്രസ്തുത അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കി. അനർഹമായി നൽകിയ പെൻഷൻ തുകകൾ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## 1-40 പോർട്ടബിൾ ബയോകമ്പോസ്റ്റർ ബിൻ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 545/24 |
| പ്രോജക്റ്റിന്റെ പേര് | പോർട്ടബിൾ ബയോ കമ്പോസ്റ്റർ ബിൻ |
| അടങ്കൽ | 1000000(ധനകാര്യ കമ്മീഷൻ അവാർഡ്)+100000(ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 178150 |
| ബിൽ നം/തീയതി | പി.എഫ്.എം.എസ് ട്രാൻസ്ഫർ 30.03.2024 |

| ഫയൽ നം | എച്ച്3-20706/23 |
|---|---|

നഗരസഭാ പ്രദേശത്തെ ഗുണഭോക്താക്കൾക്ക് പോർട്ടബിൾ ബയോ കമ്പോസ്റ്റർ ബിൻ വാങ്ങി നൽകുന്നതിന് അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും പർച്ചേയ്സ് ചെയ്യാനാണ് പ്രോജക്റ്റിൽ തീരുമാനമെടുത്തിരുന്നത്. ഐ.ആർ.ടി.സി., റെയ്ഡ്കോ, സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷൻ എന്നീ അക്രഡിറ്റഡ് ഏജൻസികളോട് നിരക്കുകൾ സമർപ്പിക്കാൻ ആവശ്യപ്പെടുകയും കുറഞ്ഞ നിരക്കായ 1750 രൂപ ക്വോട്ട് ചെയ്ത റെയ്ഡ്കോയിൽ നിന്നും 509 പോർട്ടബിൾ ബയോ ബിൻ വാങ്ങാൻ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. റെയ്ഡ്കോയുടെ 25.03.24 ലെ PTA/1285/2023-24-ാം നം ടാക്സ് ഇൻവോയ്സ് പ്രകാരം 509 ബയോബിന്നുകളുടെ തുകയായ 890750 രൂപയുടെ ഇൻവോയ്സ് സ്ഥാപനം ലഭ്യമാക്കിയിട്ടുണ്ട്. ബയോബിന്നിന്റെ സ്റ്റോക്ക്. വിതരണം എന്നിവ പരിശോധിച്ചതിൽ മുൻവർഷത്തെ 199 ബയോബിന്നുകളുടെ വിതരണം മാത്രമാണ് വിതരണ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നത്. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല. സ്ഥാപനത്തിന് 178150 രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. മേൽ വിഷയങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അഡ്വാൻസ് തുക മാത്രമാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളതെന്നും ബിന്നുകൾ ലഭിച്ചിട്ടില്ല എന്നും അറിയിച്ചു. 2024-25 വർഷത്തെ സ്പിൽ ഓവർ ലിസ്റ്റിൽ പദ്ധതി ഉൾപ്പെടാത്ത സാഹചര്യം ഉണ്ടാകുകയും റിവിഷനിൽ ടി.പ്രോജക്റ്റ് പൂർത്തീകരിക്കുന്നതിന് പുതിയ പദ്ധതിയായി വച്ചിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കി. 509 ബയോബിന്നുകളുടെ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കിയിട്ടും സ്ഥാപനത്തിൽ നിന്നും ബയോബിൻ ലഭിച്ചിട്ടില്ല എന്ന മറുപടിയുടെ നിജസ്ഥിതി ഓഡിറ്റിൽ പരിശോധിച്ച് ബോധ്യപ്പെടാനായിട്ടില്ല. മാത്രമല്ല, 2023-24ൽ വിതരണം ചെയ്ത ബയോബിന്നുകളുടെ തുക അനുവദിക്കുവാൻ അപേക്ഷിച്ച് റെയ്ഡ്കോ മാനേജർ നഗരസഭയ്ക്ക് 19.08.2024 ൽ കത്ത് നൽകിയിട്ടുള്ളതിൽ നിന്നും ബയോബിന്നുകൾ റെയ്ഡ്കോ സപ്ലൈ ചെയ്തിട്ടുണ്ടെന്നാണ് വ്യക്തമാകുന്നത്. മേൽ വിഷയത്തിൽ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ബയോബിന്നുകൾ സ്റ്റോക്കിലെടുത്ത് അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റേയും ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ പ്രോജക്റ്റിന് ചെലവഴിച്ച തുകകളുടേയും രേഖകൾ ഹാജരാക്കേണ്ടതാണ്. വിതരണ വിവരം ഗുണഭോക്തൃ വിഹിതം, പിരിവ് എന്നിവയുടെ അഭാവത്തിൽ 178150 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-41 ദുരിതാശ്വാസ നിധി നിർജ്ജീവം

പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, മാറാരോഗങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്നവരും നഗരസഭയുടെ പരിധിയിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ നഗരസഭയിലും ഒരു പ്രമേയം മൂലം നഗരസഭയുടെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് 2003-ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടം 3(1) വ്യക്തമാക്കുന്നു. ആയതനുസരിച്ച് നഗരസഭയിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളതും ചട്ടം 3(4) പ്രകാരം ദുരിതാശ്വാസ നിധിയുടെ വരവ് ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി പത്തനംതിട്ട ജില്ലാ സഹകരണബാങ്ക് പന്തളം ശാഖയിൽ സെക്രട്ടറിയുടെ പേരിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതുമാണ്.

20-09-2006-ൽ ദുരിതാശ്വാസ നിധി രൂപീകരിച്ചെങ്കിലും ആയത് നിർജ്ജീവമാണ്. 2023-24 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 8820 രൂപയാണ് അക്കൗണ്ടിലെ ബാലൻസ് തുക. 10-09-2013ന് ശേഷം യാതൊരുവിധ ഇടപാടുകളും ഈ അക്കൗണ്ട് വഴി നടന്നിട്ടില്ല. ഇടപാടുകൾ നടക്കാത്തതിനാൽ 1361 രൂപ ബാങ്ക് ചാർജ്ജിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ ഇത് സംബന്ധിച്ച ചട്ടങ്ങളിൽ വിശദമാക്കിയിട്ടുണ്ടെങ്കിലും ആയത് പ്രാവർത്തികമാക്കുവാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. ഇത് കാരണം അടിയന്തിര ധനസഹായം ആവശ്യമായ വ്യക്തികൾക്ക് യഥാസമയം ധനസഹായം ലഭ്യമാക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ നിലവിലുള്ള ദുരിതാശ്വാസ നിധി സജീവമാക്കേണ്ടതും ആയതിലേക്ക് ധനം സമാഹരിക്കുന്നതിനുള്ള സത്വരവും ക്രിയാത്മകവുമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-42 സിവിൽ നിക്ഷേപങ്ങൾ-കാലഹരണപ്പെട്ട 20.25 ലക്ഷം രൂപ നഗരസഭയുടെ ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1, അനുച്ഛേദം 282 പ്രകാരം, മൂന്ന് വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും നഗരസഭ ഋണശീർഷ കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു. കരാറുകാർ, സപ്ലയേഴ്സ്, എന്നിവരിൽ നിന്നുള്ള നിരതദ്രവ്യം, സെക്യൂരിറ്റി നിക്ഷേപം എന്നീ ഇനങ്ങളിലായി 31-03-2021-ന് മുമ്പ് ലഭിച്ചിട്ടുള്ളതും വാർഷിക കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതുമായ തുകകൾ ഇതിനോടകം കാലഹരണപ്പെട്ടിട്ടുള്ളതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബാലൻസ്ഷീറ്റ് പ്രകാരമുള്ള തുക (31-03-2024) | കാലഹരണപ്പെട്ടത് |
|---|---|---|

| | | |
|---|---|---|
| Contractors' Earnest Money Deposit-Specific Grants | 37050 | 37050 |
| Contractors' Earnest Money Deposit-Special Fund | 1857340 | 1857340 |
| Contractors' Security Deposit-Municipal Fund | 6203 | 6203 |
| Contractors' Security Deposit-Special Funds | 5847 | 5847 |
| Suppliers' Security Deposit-Municipal Fund | 3043 | 3043 |
| Library Deposit | 650 | 650 |
| Election Deposit (Candidate) | 113000 | 113000 |
| Other Deposit Received | 2000 | 2000 |
| **Total** | **2025133** | **2025133** |

കാലഹരണപ്പെട്ട നിക്ഷേപം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി നഗരസഭയുടെ ബാധ്യതയിൽ നിന്നും ഒഴിവാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വറിക്ക് (നം. 29/28-01-2025) മറുപടി ലഭ്യമാക്കിയില്ല. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ബാധ്യത ക്രപ്പെടുത്തേണ്ടതാണ്.

## 1-43 ഹെൽത്ത് ഗ്രാന്റ് - വിനിയോഗം വർദ്ധിപ്പിക്കുന്നതിനു നടപടി ഊർജ്ജിതപ്പെടുത്തേണ്ടതാണ്

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഹെൽത്ത് ഗ്രാന്റിന്റെ രണ്ടാം ഗഡു മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അനുവദിച്ചിരുന്നതിന്റെ വിനിയോഗം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ 20.05.2023-ലെ സ.ഉ(സാധാ) നം 1078/2023/എൽ.എസ്.ജി.ഡി നം. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഹെൽത്ത് ഗ്രാന്റിനത്തിൽ 2 അക്കൌണ്ടുകളിലായി നഗരസഭയ്ക്ക് തൻ വർഷം ലഭിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് | തുക |
|---|---|
| Health Account<br>Canara Bank | 3156421 |
| Health N Wellness Account<br>Canara Bank | 3174624 |
| **Total** | **6331045** |

ഓഡിറ്റ് വർഷം 4 പ്രോജക്ടുകളിലായി ഹെൽത്ത് ഗ്രാന്റിനത്തിൽ 6029000 രൂപ വകയിരുത്തുകയും 3756035 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രം ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയ്ക്ക് വകയിരുത്തിയതിൽ തൻവർഷം ചെലവഴിക്കാതെ അവശേഷിച്ച തുക 2258181 രൂപയുടെ പദ്ധതികൾ സ്പിൽ ഓവറാകുകയുണ്ടായി. 2023-24 ൽ 62.29 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. രണ്ട് അക്കൗണ്ടിലുമായി 8098501 രൂപ (5523491 രൂപ മുന്നിരിപ്പ് ഉൾപ്പെടെ) 31.03.2024-ൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. സ്പിൽ ഓവറാക്കിയ പ്രോജക്ടിന് വകയിരുത്തിയ 2258181 രൂപ കിഴിച്ച് 5840320 രൂപ ഹെൽത്ത് ഗ്രാന്റിനത്തിൽ അവശേഷിക്കുന്നുണ്ട്. അവശേഷിച്ച തുക മാർഗ്ഗരേഖാ നിർദ്ദേശപ്രകാരം ആരോഗ്യ മേഖലയിലെ സമഗ്രമായ വികസനത്തിനായി പ്രയോജനപ്പെടുത്തേണ്ടതാണ്.

## 1-44 മുൻകൂർ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 അനുച്ഛേദം 99 പ്രകാരം താൽക്കാലിക അഡ്വാൻസുകൾ, വർക്ക് അഡ്വാൻസുകൾ എന്നിവ കൈപ്പറ്റി 3 മാസത്തിനകം ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക അനുവദിച്ച തീയതി മുതൽ ചെലവ് രേഖകൾ ഹാജരാക്കി തുക ക്രമീകരിക്കുന്ന തീയതി വരെയുള്ള കാലയളവിൽ 18% പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവ് ജി.ഒ (പി) 419/11 ഫിൻ /തീയതി 4-10-2011-ൽ വ്യവസ്ഥ ചെയ്യുന്നു.

നഗരസഭയുടെ നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തിയിരുന്നുവെങ്കിലും തുകകൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. 2023-24 വാർഷികകണക്കുകൾ പ്രകാരം ആകെ 2073158 രൂപയുടെ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നു. 2017-18 സാമ്പത്തിക വർഷം മുതലുള്ള മുൻകൂറുകളാണിത്.

മുൻകൂറുകൾ കൈപ്പറ്റിയിട്ട് ക്രമീകരിക്കാത്ത/തിരിച്ചടയ്ക്കാത്ത ജീവനക്കാരുടെ ശമ്പളത്തിൽനിന്നോ,

റവന്യൂറിക്കവറിയിലൂടെയോ തുക ഈടാക്കാൻ 43/12/ധനം. തീയതി: 24.07.2012-നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിക്കുന്നുണ്ട്. നാളിതുവരെ ക്രമീകരിക്കാത്ത മുൻകൂർ തുകകൾ 18% പലിശ സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-45 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ- അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം

മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന 16 കുട്ടികളെ ഉൾപ്പെടുത്തി 2019 മാർച്ച് 13-ാം തീയതി മുതൽ മങ്ങാരം ഗവ. എൽ. പി. സ്കൂളിൽ ബഡ്സ് സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചിരുന്നു. ബഡ്സ് സ്കൂൾ പ്രവർത്തിച്ച് തുടങ്ങിയ സമയത്ത് എത്തിച്ചേർന്ന കുട്ടികൾക്ക് 18 വയസ്സ് തികഞ്ഞപ്പോൾ അവരെ സ്കൂളിൽ നിലനിർത്തുന്നതിനായി കുട്ടികളുടെ പ്രായം, നിലവിലെ മാനസിക വളർച്ച എന്നിവ കണക്കിലെടുത്ത് 22.11.2021 മുതൽ ബഡ്സ് സ്കൂളിനെ ബഡ്സ് ആൻഡ് റീഹാബിലിറ്റേഷൻ സെന്റർ ആയി മാറ്റി. നഗരസഭയുടെ ഉടമസ്ഥതയിലുള്ള പൂഴിക്കാട് കമ്പ്യൂട്ടർ സെന്റർ കെട്ടിടത്തിന്റെ ഒരു ഭാഗത്ത് നവീകരണ പ്രവർത്തനങ്ങൾ നടത്തി 2023 മാർച്ച് 4- മുതൽ ഔദ്യോഗികമായി ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചു വരുന്നു.

നിലവിൽ കുടുംബശ്രീയുടെ താത്കാലിക അഫിലിയേഷൻ പ്രകാരമാണ് പ്രവർത്തിച്ചു വരുന്നത്. ബഡ്സ് സ്കൂളിന് റൈറ്റ് ഓഫ് പേഴ്സൺ വിത്ത് ഡിസ്എബിലിറ്റി ആക്ട് 2016 പ്രകാരമുള്ള അംഗീകാരം സാമൂഹിക നീതി വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നുണ്ട്.

കുട്ടികളും മുതിർന്നവരുമായി ആകെ 32 പേർ നിലവിൽ സെന്ററിൽ വരുന്നുണ്ട്. ഇവർക്കായി വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു അദ്ധ്യാപികയും രണ്ട് ഹെൽപർ-കം-കുക്കും ആണ് നിലവിലുള്ള ജീവനക്കാർ. കുട്ടികൾക്ക് കരകൗശല സാധന നിർമ്മാണ പരിശീലനം നൽകുന്നുണ്ട്. ജില്ലാ തല ബഡ്സ് ഫെസ്റ്റിൽ ഓവറോൾ ഫസ്റ്റ് പ്രൈസും സംസ്ഥാന തല ഫെസ്റ്റിൽ കരകൗശല വിഭാഗത്തിൽ രണ്ടാം സ്ഥാനവും ബി.ആർ.സി.ക്ക് ലഭിച്ചിട്ടുണ്ട്. കുട്ടികൾ നിർമ്മിക്കുന്ന കരകൗശല ഉൽപ്പന്നങ്ങൾ കുടുംബശ്രീ ഉൾപ്പെടെ സംഘടിപ്പിക്കുന്ന വിവിധ മേളകളിൽ വിൽപന നടത്തി വരുമാനം ലഭിക്കുന്നുമുണ്ട്.

അദ്ധ്യാപകർ ഉൾപ്പെടെ ജീവനക്കാരുടെയും ക്ലാസ് മുറികളുടെയും എണ്ണത്തിലുള്ള കുറവാണ് ബി.ആർ.സി. നിലവിൽ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ജീവനക്കാരെ നിയമിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ശുപാർശകൾ-**

1. വിവിധ പ്രായത്തിലുള്ള 32 കുട്ടികൾക്കായി ഒരു ക്ലാസ്സ് മുറിയാണ് ഉപയോഗിക്കുന്നത്. തൊഴിൽ പരിശീനത്തിനും മറ്റുമായി കെട്ടിടത്തിന്റെ ബാക്കി ഭാഗം ഉപയോഗിക്കാവുന്നതാണ്.

2. നിലവിലുള്ള കെട്ടിടത്തിന് പലഭാഗത്തും ചോർച്ച ഉള്ളതിനാൽ റൂഫിംഗ് നടത്തേണ്ടതാണ്.

3. 8 കുട്ടികൾക്ക് ഒരു അധ്യാപകൻ എന്ന അനുപാതത്തിൽ അധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4. കുട്ടികൾക്കായി ഫിസിയോ അല്ലെങ്കിൽ സ്പീച്ച് തെറാപ്പികൾ ചെയ്യുന്ന തെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാക്കേണ്ടതാണ്.

5. കുട്ടികൾ നിർമ്മിക്കുന്ന ഉൽപന്നങ്ങൾ വിൽപന നടത്തുന്നതിന് വിപണനകേന്ദ്രം ആരംഭിക്കാവുന്നതാണ്.

## 1-46 മുട്ടാർ നീർച്ചാലിലെ മാലിന്യം നീക്കം ചെയ്യൽ - പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ.

മുട്ടാർ നീർച്ചാലിലെ ലെഗസി മാലിന്യം നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനായി 2023-24, 2024-25 സാമ്പത്തിക വർഷം ആകെ 14.73 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ നടപടികളിലെ അവ്യക്തതകൾ, കോരിയെടുത്ത മണ്ണ് ലേലം ചെയ്യാത്തത്, GST നൽകിയതിലെ അധിക ചെലവ് എന്നിങ്ങനെ പദ്ധതിയുടെ നിർവ്വഹണത്തിൽ നിരവധി അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

പദ്ധതിയുടെ നടത്തിപ്പിനായി 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2023-24 ൽ തയ്യാറാക്കിയിരുന്നു. 1.618 K.m നീളത്തിലും ഒരു മീറ്റർ ആഴത്തിലും ശരാശരി 3.5 M വീതിയിലും 5663 M3 മണ്ണ് കുഴിച്ചെടുത്ത് മാറ്റുന്നതിനായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. പദ്ധതിയുടെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം , പേര് | 297/2023-24, SO 332/2024-25, മുട്ടാർ നീർച്ചാലിലെ ലെഗസി മാലിന്യം നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കൽ |
| ഫണ്ട് വകയിരുത്തിയത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 15000000 |
| ചെലവഴിച്ചത് | 2023-24 -₹239157 (BRN No.3126116101230135/26.03.2024)<br>2024-25- ₹331454 (BRN No.3126116101240047/29.06.2024)<br>2024-25- ₹903329 (BRN No.3126116101240088/15.10.2024)<br>ആകെ - ₹1473940 |

| | |
|---|---|
| കരാറുകാരൻ | എം ബി ബിനുകുമാർ, മുകടിയിൽ തെക്കേതിൽ, മങ്ങാരം, പന്തളം |
| എഗ്രിമെന്റ് നമ്പർ /തീയതി | 10/AE/LSGD/PDLM/23-24; 16.08.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |

പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതിയുടെ ടെണ്ടർ സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. ചീഫ് എഞ്ചിനീയറുടെ 04.04.2023-ലെ LIDEW7/2023-DB6/CE/LSGD സർക്കുലർ പ്രകാരം 01.04.2023 മുതൽ എല്ലാ പ്രവൃത്തികൾക്കും ഇ-ടെണ്ടർ ബാധകമാണ്. ടെണ്ടർ സ്പെസിഫിക്കേഷൻ, പങ്കെടുത്ത കരാറുകാർ, ക്വോട്ട് ചെയ്ത തുകയുടെ പ്രൈസ് കമ്പാരിസൺ സ്റ്റേറ്റ്മെന്റ് എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. കരാറുകാർ സമർപ്പിച്ച ഇ-ടെണ്ടർ ഷെഡ്യൂളുകളും ഫയലിൽ ഇല്ല. പകരം 1270381 രൂപയ്ക്ക് പ്രവൃത്തി ഏറ്റെടുക്കാം (എസ്റ്റിമേറ്റ് നിരക്കിൽ) എന്നുള്ള ശ്രീ ബിനുകുമാറിന്റെ കത്ത് മാത്രമാണ് ലഭ്യമായത്. തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ 31.07.2023-ൽ ഈ കരാറുകാരനു സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. 16.08.2023-ൽ ഈ പ്രവൃത്തിയ്ക്കായി എഗ്രിമെന്റ് തയ്യാറാക്കിയെങ്കിലും കരാറുകാരൻ ഒപ്പിട്ടിട്ടില്ല.

2) മുട്ടാർ നീർച്ചാൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ ആസ്തിയാണെന്നു സമീപവാസികളുടെ പരാതി ഫയലിൽ ഉണ്ട്. നീർച്ചാൽ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതാണോ അതോ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ ആസ്തിയാണോ എന്നതിൽ വ്യക്തതയില്ല. നിലവിൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് മുട്ടാർ നിർച്ചാലിന്റെ ചില ഭാഗങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നുണ്ട്. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ അധീനതയിലുള്ളതാണെങ്കിൽ പ്രസ്തുത വകുപ്പിൽ നിന്നും അനുമതി വാങ്ങിയതായുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല.

3) താഴെ പറയുന്ന അളവിൽ ചെളിയും മണ്ണും ജെ.സി.ബി ഉപയോഗിച്ച് കുഴിച്ചെടുത്ത് തോടിന്റെ ഇരുവശങ്ങളിലും കൂട്ടിയിട്ടതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ബിൽ തീയതി | ബിൽ തുക | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് (M3) |
|---|---|---|---|
| 1 | 30.03.2024 | 239157 | 879.75 |
| 2 | 09.08.2024 | 331454 | 1296.169 |
| 3 | 25.11.2024 | 903329 | 3485.264 |
| | **ആകെ** | **₹1473940** | **5661.18 M3** |

ഇപ്രകാരം ആകെ 5661 M3 മണ്ണ് കുഴിച്ചെടുത്തതിൽ 40% ലെഗസി മാലിന്യം ഒഴിവാക്കിയാൽ അവശേഷിക്കുന്ന 3397 M3 മണ്ണ് ലേലം ചെയ്യാവുന്നതായിരുന്നു. ഇത് നിലവിൽ തോടിന്റെ ഇരുവശത്തും കൂട്ടിയിട്ടിരിക്കുന്നതാകയാൽ അടുത്ത കാലവർഷത്തിൽ തിരികെ തോട്ടിലേക്ക് തന്നെ വീഴാനും ഇതിനായി ചെലവഴിച്ച 14.73 ലക്ഷം രൂപ പാഴായി പോകാനും സാധ്യതയുണ്ട്. എന്നാൽ മണ്ണ് ലേലം ചെയ്തു മാറ്റുന്നതിനു തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.



4) ഈ പ്രവൃത്തിയ്ക്ക് കരാറുകാരന് 18% GST നൽകിയിട്ടുണ്ട്. 2017 ലെ CGST ആക്ട്, സെക്ഷൻ 2 ക്ലോസ്സ് 119 പ്രകാരം ( കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ (ഡിപ്പാർട്ട്മെന്റ് ഓഫ് റവന്യൂ) 13.10.2017 ലെ നോട്ടിഫിക്കേഷൻ നം 31/2017 ) കരാർ പ്രവൃത്തിമൂല്യത്തിന്റെ 75% ൽ അധികം എർത്ത് വർക്ക് ആണെങ്കിൽ 5% GST മാത്രമാണ് ബാധകമാകുക. GST കൌൺസിലിന്റെ 47ാമത് മീറ്റിംങിലെ തീരുമാനപ്രകാരം (Notification No.03/2022-CT®, തീയതി 13.07.2022) നിലവിൽ എർത്ത് വർക്കിന്റെ GST 12% ആയി ഉയർത്തിയിട്ടുണ്ട്. അതിനാൽ കരാറുകാരന് 18% GST നൽകിയതു മൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 1249101 |
| നൽകിയ 18% GST തുക | 224839 |
| അനുവദിക്കാവുന്ന 12% GST തുക | 149892 |
| അധികം നൽകിയത് | 74947 |

ഇപ്രകാരം അധികമായി കരാറുകാരന് 74947 രൂപ നൽകിയതിനും മേൽ വിവരിച്ച അപാകതകൾക്കും വിശദീകരണവും ആവശ്യപ്പെട്ട രേഖകളും ഓഡിറ്റിനു ലഭ്യമാക്കണമെന്നാവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.39/31-01-2025) മുനിസിപ്പൽ എഞ്ചിനീയർ മറുപടി നൽകിയില്ല. അപാകതകൾ പരിഹരിക്കും വരെ ആകെ ചെലവു തുകയിൽ **₹13,98,993 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.** GST ഇനത്തിൽ കരാറുകാരന് അധികം നൽകിയ **₹74,947 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.** ഈ തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

## 1-47 വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചത് -പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച

| | |
|---|---|
| പ്രൊജക്റ്റ് നം, പേര് | 446/24, ശബരിമല തീർത്ഥാടനം - വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| ഫണ്ട് വകയിരുത്തിയത് | ശബരിമല ഫണ്ട് - 1630000 |
| ഫണ്ട് ചെലവഴിച്ചത് | ₹1038223<br>തീയതി - 20.03.2024 |
| കരാറുകാരൻ | രാജു കെ ജി, കോണത്തു തുണ്ടിയിൽ, കാരയ്ക്കാട് |
| എഗ്രിമെന്റ് നം. | 62/AE/LSGD/PDM/23-24; 05-01-2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |

ശബരിമല ഫണ്ട് വിനിയോഗിച്ച് 10.38 ലക്ഷം രൂപയ്ക്ക് 6 മിനിമാസ്റ്റ് ലൈറ്റുകൾ വാങ്ങിയതിന്റെ ടെണ്ടർ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കിയില്ല. സ്ഥാപിക്കപ്പെട്ട ആറു മിനിമാസ്റ്റ് ലൈറ്റുകളിൽ മൂന്നെണ്ണത്തിന്റെ ഓട്ടോമാറ്റിക് സംവിധാനം നിലവിൽ പ്രവർത്തിക്കുന്നില്ല. പദ്ധതിയുടെ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത (1052160) രാജു കെ ജി എന്നയാൾക്ക് പ്രവൃത്തി നൽകാൻ കൌൺസിൽ തീരുമാനിച്ചതായി ഫയൽ നോട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കരാറുകാരന് Bid Approval നൽകിയപ്പോൾ Two Stage എന്ന് തെറ്റായി രേഖപ്പെടുത്തിയതു മൂലം ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചില്ല എന്നും Price സോഫ്റ്റ്‌വെയറിൽ ടെണ്ടർ ക്യാൻസൽ ചെയ്ത ശേഷം റീടെണ്ടർ മുഖേന ഈ കരാറുകാരനു തന്നെ സെലക്ഷൻ നോട്ടീസ് നൽകി എന്നും തീയതി വയ്ക്കാതെ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

31.10.2023-ൽ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ സെലക്ഷൻ നോട്ടീസ് പ്രകാരം 08.08.2023-ൽ രാജു കെ.ജി എന്നയാൾ സമർപ്പിച്ച ടെണ്ടർ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. ഉടർന്ന് കരാറുകാരനുമായി 05-01-2024-ൽ അസിസ്റ്റന്റ് എഞ്ചിനീയർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് 6 സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിനു DLTCE മെമ്പർ

14.03.2024-ൽ മെഷർമെന്റ് ചെക്ക് മെഷർമെന്റ് എന്നിവ നടത്തിയതായി കത്ത് നൽകിയതിനെത്തുടർന്ന് കരാറുകാരനു തുക നൽകിയിട്ടുണ്ട്.(e-m Book No.LSGD/CELSGD/MB/87262/2022) .

പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതിയുടെ എസ്റ്റിമേറ്റ്, ടെണ്ടർ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.17.11.2015 ലെ G.O(P) No.524/15/Fin ഉത്തരവ് പ്രകാരം 5 ലക്ഷം രൂപയ്ക്കു മുകളിൽ അടങ്കൽ വരുന്ന മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യേണ്ടതാണ്. ചീഫ് എഞ്ചിനീയറുടെ 04.04.2023 ലെ LIDEW7/2023-DB6/CE/LSGD സർക്കുലർ പ്രകാരം 01.04.2023 മുതൽ എല്ലാ പ്രവൃത്തികൾക്കും ഇ-ടെണ്ടർ ബാധകമാണ്. ടെണ്ടർ സ്പെസിഫിക്കേഷൻ, പങ്കെടുത്ത കരാറുകാർ, ക്വോട്ട് ചെയ്ത തുകയുടെ പ്രൈസ് കമ്പാരിസൺ സ്റ്റേറ്റ്മെന്റ് എന്നിവ ഫയലിൽ ലഭ്യമല്ല.അതിനാൽ തന്നെ ഈ പദ്ധതി ഇ-ടെണ്ടർ മുഖേനയാണോ നടപ്പാക്കിയതെന്നു ഓഡിറ്റിനു വ്യക്തമല്ല.

2) കരാറുകാരനെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എങ്ങനെയാണെന്നു വ്യക്തമല്ല. ഏറ്റവും കുറവ് ക്വോട്ട് ചെയ്തതാണോ അതോ ഗുണനിലവാരം, പ്രവൃത്തികൾ മുമ്പ് നിർവ്വഹിച്ച പരിചയം എന്നിവയിൽ ഏതാണ് മാനദണ്ഡം എന്നു വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. മ ആദ്യ ടെണ്ടർ, റീടെണ്ടർ എന്നിവ നടന്നോയെന്നും ഇതിനായി പത്രപ്പരസ്യം നൽകിയോ എന്നും വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) സ്ഥാപിക്കപ്പെട്ട മിനിമാസ്റ്റുകളുടെ സ്പെസിഫിക്കേഷൻ വ്യക്തമല്ല. ബിൽ സ്റ്റേറ്റ്മെന്റ് പ്രകാരം 6 ഇണകൾ സ്ഥാപിക്കുന്നതിനും 26 LED Flood Light കൾ സ്ഥാപിക്കുന്നതിനുമാണ് 10.38 ലക്ഷം രൂപ നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | Octagonal Pole 70mm Top Diameter And 155 Mm Bottom Diameter | 6 | 31000 | 186000 |
| 2 | 150 W LED Flood Light With 105 Lumen | 26 | 13680 | 355680 |
| | | | ആകെ | 541680 |

ആകെ പ്രവൃത്തിമൂല്യമായ 851969 രൂപയിൽ 541680 രൂപ മേൽ ചെലവാണ്. അവശേഷിക്കുന്ന 310289 രൂപ പോളുകൾ കോൺക്രീറ്റ് ചെയ്യുന്നതിനും എർത്തിംഗിനും വയറിംഗിനുമൊക്കെയായിട്ടാണ് ബില്ലിൽ കാണിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

4) 03.05.2024-ൽ നഗരസഭ ചെയർപേഴ്സൺ മുനിസിപ്പൽ എഞ്ചിനീയർക്കു നൽകിയ കത്തു പ്രകാരം സ്ഥാപിക്കപ്പെട്ട 6 മിനിമാസ്റ്റ് ലൈറ്റുകൾ ഓട്ടോമാറ്റിക് സംവിധാനത്തിലൂടെ പ്രവർത്തിക്കേണ്ടതാണെന്നും എന്നാൽ മുടിയൂർകോണം (വാർഡ് -33), വാർഡ് -17, വാർഡ് -19 എന്നിവിടങ്ങളിലെ മിനിമാസ്റ്റുകളിൽ ഓട്ടോമാറ്റിക് സംവിധാനം പ്രവർത്തിക്കുന്നില്ല എന്നു പരാതി നൽകിയിരുന്നു. ഇതു പ്രകാരം കരാറുകാരനു 27.05.2024, 06.09.2024 എന്നീ തീയതികളിൽ അപാകതകൾ പരിഹരിക്കാൻ കത്ത് നൽകിയിരുന്നെങ്കിലും ആയത് പരിഹരിച്ചതായി കാണുന്നില്ല.

5) കരാറുകാരൻ പെർഫോമൻസ് ഗ്യാരന്റി (കരാർ തുകയുടെ 3%) അടവാക്കിയതിന്റെ (₹30112) രേഖകൾ ഓഡിറ്റിനു ഹാജരാക്കിയില്ല. ഈ പ്രവൃത്തിയുടെ Defect Liability Period എന്നു വരെയാണെന്നും പെർഫോമൻസ് ഗ്യാരന്റി തുക തിരികെ നൽകിയോ എന്നതിലും വ്യക്തതയില്ല.

6) കരാറുകാരൻ ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റിന്റെ 10% ൽ താഴെയാണെങ്കിൽ G.O(P) 168/2019/Fin; 17.03.2019 പ്രകാരം ഈടാക്കേണ്ട അഡീഷണൽ പെർഫോമൻസ് ഗ്യാരന്റി കരാറുകാരൻ അടവാക്കേണ്ടതാണ്. സെലക്ഷൻ നോട്ടീസ് പ്രകാരം ₹233896 രൂപ അടവാക്കാൻ കരാറുകാരനു നിർദ്ദേശം നൽകിയിരുന്നു. ഈ തുക ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച് ഈ തുക തിരികെ നൽകിയോ എന്നതിലും വ്യക്തതയില്ല.

7) തദ്ദേശ സ്ഥാപനങ്ങൾക്ക് മിനിമാസ്റ്റ് ഉൾപ്പെടെയുള്ള ലൈറ്റുകൾ അക്രഡിറ്റഡ് ഏജൻസിയായ SILK മുഖേന സ്ഥാപനിക്കാവുന്നതാണ്. ഇതോടൊപ്പം മൂന്നു വർഷത്തെ പരിപാലന ചെലവ് (AMC) ഉൾപ്പെടെ നൽകാം എന്ന് 14.09.2021 ലെ 2.3(8) ാം നമ്പർ തീരുമാന പ്രകാരം കോർഡിനേഷൻ കമ്മിറ്റി നിർദ്ദേശം നൽകിയിരുന്നു. ഇലക്ട്രോ മെക്കാനിക്കൽ വർക്കുകളിലെ PMC സ്ഥാപനമായ KEL മുഖേന ലൈറ്റുകൾ സ്ഥാപിക്കാമെന്ന് 18.01.2019 ലെ സ.ഉ (സാധാ ) നം.91/2019 /തസ്വഭവ ഉത്തരവ് മുഖേന സർക്കാർ നിർദ്ദേശവും നിലവിലുണ്ടായിരുന്നു.എന്നാൽ ഇത്തരം സ്ഥാപനങ്ങളെ അവഗണിച്ച് ലൈസൻസ് പോലും ഉണ്ടോ എന്നുറപ്പില്ലാത്ത കരാറുകാരനു പ്രവൃത്തി നൽകിയത് ക്രമപ്രകാരമല്ല.

മേൽ അപാകതകളിന്മേൽ രേഖകൾ ഹാജരാക്കുന്നതിനും ഓഡിറ്റിനു വിശദീകരണവും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിയ്ക്ക് (നം.26/28.01.2025) മുനിസിപ്പൽ എഞ്ചിനീയർ മറുപടി നൽകിയില്ല. ടെണ്ടർ രേഖകൾ ഹാജരാക്കുന്നതു വരെ പദ്ധതിയ്ക്കായി ചെലവഴിച്ച ₹10,38,223 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-48 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കുന്നില്ല

അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റമതിൽ, കുടിവെള്ളം, ഫർണ്ണീച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ തുടങ്ങിയവ പ്രദാനം ചെയ്ത് ബാല സൗഹൃദമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്ന് 19.04.2022-ലെ സ.ഉ(കൈ)86/2022/എൽ.എസ്.ജി.ഡി നം. പദ്ധതി മാർഗ്ഗരേഖ 8.8.2 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ നിലവിലും അംഗൻവാടികൾ ബാലസൗഹൃദമാക്കുന്നതിനുള്ള നടപടികൾ ഏറെ പിന്നിലാണ്. നഗരസഭാ പ്രദേശത്ത് 48 അംഗൻവാടികളാണുള്ളത്. 20 അങ്കണവാടികൾ സ്വന്തം കെട്ടിടത്തിലും 2 അങ്കണവാടികൾ സ്കൂൾ കെട്ടിടത്തിലും ബാക്കി 26 അംഗനവാടികൾ വാടകക്കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. 19 അംഗനവാടികൾക്ക് സ്വന്തമായി സ്ഥലം ഇല്ല. 5 എണ്ണത്തിന് സ്ഥലം ലഭിച്ചുവെങ്കിലും കെട്ടിട നിർമ്മാണത്തിന് പദ്ധതികൾ ഏറ്റെടുത്തിട്ടില്ല. 4 അംഗന വാടികൾക്ക് കുടിവെള്ളം ലഭ്യമല്ല. എല്ലാ അംഗനവാടിയിലും വൈദ്യുതി കണക്ഷൻ ഉണ്ടെങ്കിലും 27, 28 നമ്പർ അംഗൻവാടികളിൽ താത്ക്കാലിക കണക്ഷൻ ആണുള്ളതെന്ന് ഭൗതിക പരിശോധനയിൽ കണ്ടെത്തി. 48 അംഗൻവാടികൾക്കും ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് സംവിധാനമില്ല. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം അനുസരിച്ച് അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി നഗരസഭ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-49 ഹരിത കർമ്മ സേന - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനാ സംവിധാനമാണ് ഹരിത കർമ്മ സേന. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാഥമിക ഉത്തരവാദിത്തത്തിൽപ്പെടുന്ന ഖരമാലിന്യ പരിപാലനം ഫലപ്രദമായി നടപ്പാക്കുന്നതിന് കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ നിന്നും കണ്ടെത്തിയ ഹരിതകർമ്മ സേനാംഗങ്ങളും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരും ഒരുമിച്ചുള്ള പ്രവർത്തനം ഏറെ മുന്നേറിയിട്ടുണ്ട്. പഞ്ചായത്തുകളും നഗരസഭകളും മുൻകൈയ്യെടുത്ത് രൂപീകരിച്ചിട്ടുള്ള ഈ സംവിധാനം പ്രധാനമായും അജൈവ മാലിന്യത്തിന്റെയും ചിലയിടങ്ങളിൽ ജൈവ മാലിന്യത്തിന്റെയും വാതിൽപ്പടി ശേഖരണം നടത്തുന്നു. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങിയാണ് ഇവർ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വാതിൽപ്പടി ശേഖരണം നടത്തുന്നത്. അജൈവമാലിന്യം ശേഖരിക്കുന്ന ഇടങ്ങളിൽ പ്രതിമാസവും ജൈവമാലിന്യം ശേഖരിക്കുന്ന ഇടങ്ങളിൽ പ്രതിദിനവും ഇവർ സേവനം പ്രദാനം ചെയ്യുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തരം തിരിക്കപ്പെട്ട അജൈവ മാലിന്യം വാതിൽപ്പടി ശേഖരണത്തിലൂടെ ശേഖരിച്ച മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിൽ എത്തിച്ച് തരം തിരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകി വരുന്നു.

നഗരസഭയിലെ 33 വാർഡുകളിൽ 31 വാർഡുകളിൽ മാത്രമാണ് നിശ്ചിത എണ്ണം ഹരിതകർമ്മസേനാംഗങ്ങൾ ഉള്ളത് . 15-ാം വാർഡിൽ ഒരാളെ മാത്രമാണ് ഹരിത കർമ്മസേനാംഗമായി തെരഞ്ഞെടുത്തിട്ടുള്ളത്. 11-ാം വാർഡിൽ ഹരിത കർമ്മ സേനാംഗങ്ങൾ ഇല്ല. ഹരിത കർമ്മസേനാ കൺസോർഷ്യം രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു.



**അടിസ്ഥാന വിവരങ്ങൾ**

**നഗരസഭാ** പ്രദേശത്ത് നിലവിൽ 11167 വീടുകളും 1440 വാണിജ്യ സ്ഥാപനങ്ങളും ഉണ്ട്. 93 ശതമാനത്തോളം സ്ഥാപനങ്ങളും വീടുകളും ഹരിത കർമ്മസേനയുടെ സേവനം നിലവിൽ പ്രയോജനപ്പെടുത്തി വരുന്നു.

**ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ**

മാലിന്യ സംസ്കരണത്തിനായി നഗരസഭ സ്ഥാപിച്ചിട്ടുള്ള സംവിധാനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| എം.സി.എഫ്. | 1 |
| മിനി എം.സി.എഫ് | 34 |
| പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് | 1 |
| തുമ്പൂർ മുഴി മോഡൽ കമ്പോസ്റ്റ് പിറ്റ് | 1 |

നഗരസഭാ പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള എം.സി.എഫ് 335 $M^2$ വിസ്തീർണ്ണമുള്ളതാണ്. എം.സി.എഫിനു മൺതറയാണുള്ളത്. നഗരസബയുടെ എം.സി.എഫിൽ പ്ലാസ്റ്റിക് ഷെഡിംഗ് യൂണീറ്റ് ബെയ്‌ലിംഗ് യൂണീറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ടെങ്കിലും

പ്രവർത്തനക്ഷമമല്ല. പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണീറ്റ് 3 വർഷമായും ബെയ്‌ലിംഗ് യൂണിറ്റ് 6 മാസമായും പ്രവർത്തനരഹിതമാണ്. ആയത് ഉപയോഗ ശൂന്യമാക്കുന്നതിന് വരുന്ന ഭാരിച്ച ചെലവ് ഹരിതകർമ്മസേന അക്കൗണ്ടിൽ നിന്നും കണ്ടെത്താൻ സാധിക്കുന്നില്ല. എന്നാണ് നേരിട്ടുള്ള അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. ടാപ്പിംഗ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിംഗ് ഏരിയ, മെഷീനറി ഏരിയ ,അന്തിമ സംഭരണ ഏരിയ എന്നിങ്ങനെ തിരിച്ചിട്ടില്ല. പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ്, ബെയ്‌ലിംഗ് യൂണിറ്റ് എന്നിവ പ്രവർത്തനക്ഷമമല്ല. ഓഫീസ് മുറികളുണ്ടെങ്കിലും ഉപയോഗയോഗ്യമല്ലാത്ത വിധം സാധനങ്ങൾ കൂട്ടിയിട്ട നിലയിലാണ്. ടോയ്‌ലറ്റ് സൌകര്യം ഉണ്ട്.

**ബോധവത്ക്കരണം**

എല്ലാ സ്ഥാപനങ്ങളെയും ഭവനങ്ങളെയും ഹരിതകർമ്മ സേനയുടെ പ്രവർത്തന പരിധിയിൽ കൊണ്ടുവരുന്നതിന് കുട്ടികളുടെ ഹരിതസഭയും വാർഡ് തല, നഗരസഭാതല ക്യാമ്പയിനും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ഇതിനായി സ്വച്ഛതാ ഹി സേവയുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

**മാലിന്യ ശേഖരണം**

നിലവിൽ മാലിന്യ ശേഖരണം പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ നടന്നുവരുന്നു.

**ലെഗസി വേസ്റ്റ്**

ലെഗസി വേസ്റ്റ് നീക്കുന്നതിനായി 231950 രൂപ നഗരസഭ ചെലവഴിച്ചിട്ടുണ്ട്.

**മാലിന്യം അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതിന് പിഴ ഈടാക്കൽ**

മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ പിഴ ചുമത്തുകയും നിരോധിത പ്ലാസ്റ്റിക്ക് വിൽപ്പന നടത്തുന്നത് സ്ക്വാഡ് പരിശോധനയിൽ കണ്ടെത്തി പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം 129190 രൂപ നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്

**മാലിന്യ സംസ്കരണം – കാര്യക്ഷമതാ പരിശീലനങ്ങൾ**

ഹരിത കർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് ഹരിത സഹായ സ്ഥാപനം IRTC യെ നിയോഗിച്ചിട്ടുണ്ട് . കൂടാതെ KSWMP യുടെ നേതൃത്വത്തിലും പരിശീലനം നൽകുന്നുണ്ട്.

**വാഹന ഉപയോഗം**

ഇലക്ട്രിക്ക് ഓട്ടോയും ടിപ്പറുമാണ് നിലവിൽ മാലിന്യ സംസ്കരണത്തിനായി ഉപയോഗിക്കുന്നത്. സേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകിയിട്ടില്ല.

**തൊഴിൽ സൃഷ്ടിക്കൽ**

ഹരിതകർമ്മ സേനാംഗങ്ങളായി 63 പേരും, ഡ്രൈവറായി 2 പേരും പ്രവർത്തിച്ചു വരുന്നു. 2024 മാർച്ച് മാസത്തെ ശരാശരി പ്രതിമാസ വരുമാനം 11640 രൂപയാണ്. മുൻ വർഷങ്ങളിൽ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിച്ചിരുന്നെങ്കിലും നിലവിൽ വി.ജി.എഫ്. നൽകിയിട്ടില്ല. ഹരിത കർമ്മ സേനയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും, സേനാംഗങ്ങൾക്ക് മാന്യമായ വേതനം ഉറപ്പു വരുത്തുന്നതിനുമുള്ള പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനം ആവിഷ്കരിച്ചിട്ടില്ല.

**യൂസർ ഫീ**

യൂസർ ഫീ ഇനത്തിൽ 2023-24 സാമ്പത്തിക വർഷം ആകെ 3611996 രൂപ ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | യൂസർ ഫീ ഇനത്തിൽ ലഭിച്ച തുക |
|---|---|
| ഏപ്രിൽ | 170250 |
| മെയ് | 212507 |
| ജൂൺ | 235600 |
| ജൂലൈ | 192400 |
| ആഗസ്റ്റ് | 286272 |
| സെപ്റ്റംബർ | 271100 |
| ഒക്ടോബർ | 105100 |
| നവംബർ | 557062 |
| ഡിസംബർ | 345064 |
| ജനവരി | 238825 |
| ഫെബ്രുവരി | 264326 |
| മാർച്ച് | 733490 |
| **ആകെ** | 3611996 |

**വരുമാനം വർദ്ധിപ്പിക്കൽ**

വരുമാന വർദ്ധനവിന് വേണ്ടി ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ, ജൈവവള സംസ്കരണ പ്ലാന്റുകൾ എന്നിവയൊന്നും സ്ഥാപിച്ചിട്ടില്ല.

**മാലിന്യങ്ങളുടെ ഉറവിട സംസ്കരണം**

ഉറവിട സംസ്കരണവുമായി ബന്ധപ്പെട്ട് മുൻവർഷം പോർട്ടബിൾ ബയോബിൻ വിതരണം ചെയ്തിട്ടുണ്ട്. ഇത് മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ഗുണഭോക്താക്കൾ ഉപയോഗപ്പെടുത്തുന്നു. ഓഡിറ്റ് വർഷം മാലിന്യ സംസ്കരണത്തിനായി വിവിധ പ്രോജക്ടുകൾ ആവിഷ്കരിച്ചുവെങ്കിലും പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ഹരിത കർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നത് പ്രകാരമുള്ള ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടുത്തി എം.സി.എഫ് കെട്ടിടം മെച്ചപ്പെടുത്തുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. പ്ലാസ്റ്റിക് ഷെഡിംഗ് യൂണിറ്റ്, ബെയ്ലിംഗ യൂണിറ്റ് എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിരമായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

2. നഗരസഭയിൽ നിന്നുള്ള സേവനങ്ങൾ നൽകുന്നതിന് മുന്നോടിയായി വീടുകളിൽനിന്നും വാണിജ്യ സ്ഥാപനങ്ങളിൽനിന്നും യൂസർ ഫീ പൂർണ്ണമായും ഈടാക്കേണ്ടതാണ്.

3. ഹരിത കർമ്മസേന കൺസോർഷ്യം മുഖേന മാലിന്യ സംസ്കരണ പ്ലാന്റുകൾ, ജൈവവള പ്ലാന്റുകൾ, മൊബൈൽ കമ്പോസ്റ്റിംഗ് സേവനങ്ങൾ, ബദൽ ഉത്പന്നങ്ങളുടെ നിർമ്മാണം മുതലായ പ്രവർത്തനങ്ങളുടെ സാധ്യത കണ്ടെത്തി ഹരിത കർമ്മസേനയുടെ ഭാഗമായി സൂക്ഷ്മ സംരംഭങ്ങൾ - പരിസ്ഥിതി സൗഹൃദ യൂണിറ്റുകൾ രൂപീകരിക്കാവുന്നതാണ്. ഹരിത കർമ്മസേനാംഗങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിന് പ്രവർത്തന സഹായമായി റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കാവുന്നതാണ്.

4. വസ്തു നികുതി ഈടാക്കുന്നതോടൊപ്പം യൂസർ ഫീ ഇനത്തിൽ ഉള്ള കുടിശ്ശിക പിരിച്ചെടുക്കാവുന്നതാണ്.

5. ഹരിത കർമ്മസേനാംഗങ്ങളുടെ സേവനം ഹരിത പ്രോട്ടോക്കോൾ പാലിക്കേണ്ട ഇടങ്ങളിൽ ഉപയോഗപ്പെടുത്താവുന്നതാണ്.

6. ഹരിതകർമ്മസേനാംഗങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിന് ഇൻഷ്വറൻസ്, രോഗ പ്രതിരോധ സംവിധാനങ്ങൾ എന്നിവ ആവിഷ്കരിക്കേണ്ടതാണ്.

7. മാലിന്യ സംസ്കരണ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവനുസരിച്ചുള്ള ചുമതലകൾ നിറവേറ്റുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മുട്ടാർ നീർച്ചാലിലെ മാലിന്യം നീക്കം ചെയ്യൽ-പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ

മുട്ടാർ നീർച്ചാലിലെ ലെഗസി മാലിന്യം നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനായി 2023-24, 2024-25 സാമ്പത്തിക വർഷം ആകെ 14.73 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ നടപടികളിലെ അവ്യക്തതകൾ, കോരിയെടുത്ത മണ്ണ് ലേലം ചെയ്യാത്തത്, GST നൽകിയതിലെ അധിക ചെലവ് എന്നിങ്ങനെ പദ്ധതിയുടെ നിർവ്വഹണത്തിൽ നിരവധി അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

പദ്ധതിയുടെ നടത്തിപ്പിനായി 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2023-24-ൽ തയ്യാറാക്കിയിരുന്നു. 1.618 K.m നീളത്തിൽ ഒരു മീറ്റർ ആഴത്തിലും ശരാശരി 3.5 M വീതിയിലും 5663 $M^3$ മണ്ണ് കുഴിച്ചെടുത്ത് മാറ്റുന്നതിനായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. പദ്ധതിയുടെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം , പേര് | 297/2023-24, മുട്ടാർ നീർച്ചാലിലെ ലെഗസി മാലിന്യം നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കൽ |
| ഫണ്ട് വകയിരുത്തിയത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 15000000 |
| ചെലവഴിച്ചത് | 2023-24 -₹239157 |

| | |
|---|---|
| | 2024-25- ₹1234783<br>ആകെ - ₹1473940 |
| കരാറുകാരൻ | എം ബി ബിനുകുമാർ, മുകുടിയിൽ തെക്കേതിൽ, മങ്ങാരം, പന്തളം |
| എഗ്രിമെന്റ് നമ്പർ /തീയതി | 10/AE/LSGD/PDLM/23-24; 16.08.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |

ഈ പ്രവൃത്തിയ്ക്ക് കരാറുകാരനു 18% GST നൽകിയിട്ടുണ്ട്. 2017 ലെ CGST ആക്റ്റ്, സെക്ഷൻ 2 ക്ലോസ്സ് 119 പ്രകാരം ( കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ (ഡിപ്പാർട്ട്മെന്റ് ഓഫ് റവന്യൂ) 13.10.2017 ലെ നോട്ടിഫിക്കേഷൻ നം 31/2017 ) കരാർ പ്രവൃത്തിമൂല്യത്തിന്റെ 75% ൽ അധികം എർത്ത് വർക്ക് ആണെങ്കിൽ 5% GST മാത്രമാണ് ബാധകമാകുക. GST കൗൺസിലിന്റെ 47ാമത് മീറ്റിംങിലെ തീരുമാനപ്രകാരം (Notification No.03/2022-CT®, തീയതി 13.07.2022) നിലവിൽ എർത്ത് വർക്കിന്റെ GST 12% ആയി ഉയർത്തിയിട്ടുണ്ട്. അതിനാൽ കരാറുകാരനു 18% GST നൽകിയതു മൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 1249101 |
| നൽകിയ 18% GST തുക | 224839 |
| അനുവദിക്കാവുന്ന 12% GST തുക | 149892 |
| അധികം നൽകിയത് | 74947 |

ഇപ്രകാരം അധികമായി കരാറുകാരനു 74947 രൂപ നൽകിയതിനും മേൽ വിവരിച്ച അപാകതകൾക്കു വിശദീകരണവും ആവശ്യപ്പെട്ട രേഖകളും ഓഡിറ്റിനു ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.39/31-01-2025) മുനിസിപ്പൽ എഞ്ചിനീയർ മറുപടി നൽകിയില്ല. അപാകതകൾ പരിഹരിക്കും വരെ ആകെ ചെലവു തുകയിൽ **₹13,98,993 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.** GST ഇനത്തിൽ കരാറുകാരനു അധികം നൽകിയ **₹74,947 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.** ഈ തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്. (വിശദാംശങ്ങൾ ഖണ്ഡിക 1-46-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്കായി തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ മുൻകറുകൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | വിവിധ ഡിവിഷനുകളിൽ തെരുവിളക്കിന് ലൈൻ വലിക്കലും പോസ്റ്റ് സ്ഥാപിക്കലും ഡിവിഷൻ 1 2 7 9 11 13 14 18 26 28 29 32 | 45418 | 45418 | ഇല്ല | വിനിയോഗ സാക്ഷ്യപത്രം 23-07-2024-ൽ ലഭ്യമാക്കി |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്കായി മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

### 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പി.എം.എ.വൈ, ലൈഫ് ഭവന പദ്ധതി | 6,58,93,332 | 92,00,000 | 7,50,93,332 | 68,26,666 | -- | 6,82,66,666 |

വാർഷിക കണക്ക് പ്രകാരമുള്ള വായ്പ നീക്കിയിരിപ്പ് തുകയും (₹6,82,41,667) യഥാർത്ഥ തുകയും തമ്മിൽ (₹ 6,82,66,666) 24999 രൂപയുടെ വ്യത്യാസമുണ്ട്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 67,85,836 |
| തന്നാണ്ടിൽ നിക്ഷേപിച്ച തുക | -- |
| ആകെ | 67,85,836 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 67,85,836 |

2023-24 വർഷം സ്ഥിര നിക്ഷേപത്തിൽ നിന്നും പലിശയിനത്തിൽ ലഭിച്ച 4,27,261 രൂപ തനത് ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ-വിശദാംശങ്ങൾ**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്, പന്തളം (A/C No. 60.101.20322) | 31/12/2023 | 31/12/2024 | 6785836 |

## 4-6 ഓഡിറ്റ് റിക്കവറി

2023-24 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നം./തീയതി | തുക (₹ ) | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | തുക ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് |
|---|---|---|---|---|
| 123020103541/ 16-06-2023 | 6,138 | 2021-22 | 3-1 | ശ്രീ. ബിനിൽ കുമാർ എസ്.എസ്. മുനിസിപ്പൽ എഞ്ചിനീയർ |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *ഓഡിറ്റ് വർഷം* | *ഖണ്ഡിക* | *സമാഹൃത റിപ്പോർട്ട് വർഷം* | *ഖണ്ഡിക* | *വിഷയം* |
|---|---|---|---|---|
| 2000-01 | 9 | 2004-05 | 3-4 | രസീതുകൾ ഹാജരാക്കിയിട്ടില്ല. |
| 2000-01 | 17, 19 | 2004-05 | 3-3(5) | മുൻകൂർ വാങ്ങി പണി പൂർത്തിയാക്കിയിട്ടില്ല |
| 2001-02 | 20 (എ) | 2004-05 | 3-1 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് -പ്രവൃത്തി പൂർത്തീകരിച്ചില്ല |
| | 20 (ബി) | | 3-3(2) | മരാമത്ത് പ്രവൃത്തികൾ പൂർത്തീയാക്കാതെ ഉപേക്ഷിച്ചു |
| | 9 | | 3-4 | രസീതുകൾ ഹാജരാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 2002-03 | 2-44 | 2007-08 | 3-13(1) | വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കുന്നതിൽ വീഴ്ച |
| | 2-21 | 2007-08 | 3-15(1) | കൊച്ചിൻ റിഫൈനറിയിൽ നിന്നും ടാർ വാങ്ങിയതിന്റെ വില ഡി.ഡി. ആയി നൽകി |
| 2002-03 ചെലവ് | 2-46 | 2007-08 | 3-15(2) | ആധുനിക അറവുശാല നിർമ്മാണം |
| 2012-13 | 3-9 | 2013-14 | | ടാർ വിതരണത്തിൽ തിരിമറി |
| 2012-13 | ലഘു അവലോകനം | 2013-14 | | പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം |
| 2019-20 | 1-25-2 | 2021-22 | 2.2.6 | ഡയറക്ട് - റ്റു - ഹോം പെൻഷൻ - മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ സഹകരണ ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്നു. |
| 2019-20 | 1-25-4 | 2021-22 | 2.2.5 | മരണപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക കൈമാറി |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 16 പ്രകാരം ചാർജ്-സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെയും തുക ഈടാക്കിയതിന്റെയും പുരോഗതി വിവരം താഴെ കൊടുക്കുന്നു.

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്<br>(ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | Rs. 331251094 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്<br>(ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | Rs. 383013443 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 74947 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3497215 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളിന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 1-46 | | ₹74,947 | രാധിക എസ്, മുനിസിപ്പൽ എഞ്ചിനീയർ |
| **ആകെ** | | **74,947** | |

### (സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 650000 | പുഷ്പകുമാർ കെ, പ്രോജക്ട് ഓഫീസർ |
| 1-32 | 9999 | സുനിൽകുമാർ. ജി, പ്രിൻസിപ്പൽ |

| | | |
|---|---|---|
| 1-33 | 400000 | പുഷ്പകുമാർ കെ, പ്രോജക്ട് ഓഫീസർ |
| 1-46 | 13,98,993 | രാധിക എസ് , മുനിസിപ്പൽ എഞ്ചിനീയർ |
| 1-47 | 10,38,223 | രാധിക എസ് , മുനിസിപ്പൽ എഞ്ചിനീയർ |
| **ആകെ** | **3497215** | |

**(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

1-39

**(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രാധിക എസ്, മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, കൊല്ലം കോർപ്പറേഷൻ | കല്ലുവിള വീട്, പൂവറ്റൂർ ഈസ്റ്റ്, കുളക്കട പി.ഒ |
| സുനിൽകുമാർ. ജി, പ്രിൻസിപ്പൽ | GHSS, ചീമേനി, ചീമേനി (പി.ഒ), കാസർകോഡ് | അഷ്ടപദി, ഇറവങ്കര പി.ഒ, ആലപ്പുഴ. |
| പുഷ്പകുമാർ കെ. പ്രോജക്ട് ഓഫീസർ | പ്രോജക്ട് ഓഫീസർ, പുനലൂർ നഗരസഭ | ഇടക്കുമ്പളവേലിൽ, വലഞ്ചുഴി ,പത്തനംതിട്ട |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ |
|---|---|
| 1993-94 | നം. എൽ.എഫ്.പിറ്റിഎ.പി.3-635/01/31.12.2001 |
| 1994-95 | നം. എൽ.എഫ്.പിറ്റിഎ.പി.3-633/01/27.02.2002 |
| 1995-96 | നം. എൽ.എഫ്.പിറ്റിഎ.പി.4-1143/07/31.03.2009 |
| 1996-97 | നം. എൽ.എഫ്.പിറ്റിഎ.പി.4-1144/07/31.03.2009 |
| 1997-98 | നം. എൽ.എഫ്.പിറ്റിഎ.പി.4-1145/07/31.03.2009 |
| 2000-01 (ജനകീയാസൂത്രണം) | നം. എൽ.എഫ്.പിറ്റിഎ.പി.2-456/2003/10.09.2004 |
| 2001-02 (ജനകീയാസൂത്രണം) | നം. എൽ.എഫ്.പിറ്റിഎ.പി.2-457/2003/10.09.2004 |
| 2000-01 (ജനകീയാസൂത്രണം ഒഴികെ ചെലവ്) | നം.എൽ.എഫ്.പിറ്റിഎ.പി.2-471/2005/17.12.2005 |
| 2002-03 (ചെലവ്) | നം. എൽ.എഫ്.പിറ്റിഎ.പി.4-214/07/26.03.2007 |
| 2003-04 | നം. എൽ.എഫ്.പിറ്റിഎ.പി.7-8/2009/06.01.2010 |
| 2004-05 | നം. എൽ.എഫ്.പിറ്റിഎ.പി.-7-9/2009/06.01.2010 |
| 2005-06 | നം. എൽ.എഫ്.പിറ്റിഎ.പി.7-161/10/ 07.12.2010/23.08.2011 |
| 2006-07 | നം. എൽ.എഫ്.പിറ്റിഎ.പി.7-162/10/02.11.10 /03.08.11 |
| 2007-08, 2008-09, 2009-10 | നം. എൽ.എഫ്.പിറ്റിഎ.പി..5-818/12/25.10.12/ 26.03.13 |
| 2010-11, 2011-12 | നം. എൽ.എഫ്.പി.റ്റിഎപി.11-171/14/02.05.14/ 30.08.14 |
| 2012-13, 2013-14 | നം. എൽ.എഫ്.പിറ്റിഎ.പി.11-296/15/25.07.15 |
| 2014-15 | നം. കെ.എസ്.എ.പിറ്റിഎ.പി.11-714/2015/10.08.15 |
| 2015-16 | നം. കെ.എസ്.എ.പിറ്റിഎ.പി.2-104/17/18.02.17 |

| | |
|---|---|
| 2016-17 | നം. കെ.എസ്.എ.പിറ്റിഎ.പി.2-1214/17<br>തീയതി 14.12.17 |
| 2017-18 | നം. കെ.എസ്.എ.പിറ്റിഎ.പി.2- 428/19<br>തീയതി 24.05.2019 |
| 2018-19 | നം. കെ.എസ്.എ.പിറ്റിഎ.പി2-17/2020<br>തീയതി 16.3.2020 |
| 2019-20 | നം. കെ.എസ്.എ.പിറ്റിഎ.പി2-496/2022<br>തീയതി 25.6.2022 |
| 2020-21 | നം. കെ.എസ്.എ.പിറ്റിഎ.പി2-/701/2022<br>തീയതി 17.08.2022 |
| 2021-22 | നം. കെ.എസ്.എ.പിറ്റിഎ.പി2-210/2023<br>തീയതി 30.03.2023 |
| 2022-23 | നം. കെ.എസ്.എ.പിറ്റിഎ.പി2-/131/24 തീയതി<br>30.03.202319/03/2024 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട.**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 30-07-2024 and submitted on 03-09-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the PANDALAM Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of PANDALAM Municipality as on 31-03-2024

**Date:** **28/03/2025**

**Senior Deputy Director**
**District Office Pathanamthitta**
**Kerala State Audit Department**

## Audit Report appended to the Audit Certificate of PANDALAM Municipality for the Year 2023-2024 .

**1.Major Observations**

1. The Annual Financial Statements for the year ended 31-03-2024 are subject to uncertainty to some extent, particularly regarding the position ofassets and liabilities, due to the integration challenges encountered during
the transition from Saankhya Software to K-Smart application.The non adaptability issues related to the porting
of data from K-Smart to Saankhya are detailed in the audit report as separate paragraphs.
2. The asset value shown in the Balance Sheet is not traceable to the asset register due to the unsupported design of the existing asset register.

**2.Other Observations**

1. Demand, collection and balance of Property Tax as per the Annual Financial Statement do not agree with respective figures in Sanchaya software.
2. Lapses in making timely and accurate demand entries in respect of tax and non tax revenues.
3. Schedule B-18: The figures shown as advances and deposits in the annual financial statement do not match with the figures in the advance register and deposit register.
4. Schedule B-4: Correctness of the Grant liability shown in Schedule B-4 cannot be ascertained due to non-reconciliation of bank book with concerned Register.
5. Schedule B-5: Loan From KURDFC -The liability shown in the Balance Sheet does not match with the entries in the Loan Register.
6. Schedule B-7: Deposits Received - The accuracy of the figures shown as liabilty in respect of various deposits received could not be ascertained as registers were not maintained for such items.
7. Schedule B-7: Other Liabilities - The accuracy of the figures shown as Other Liabilities could not be ascertained as registers and supporting documents are not maintained for the same.
8. Schedule B-11: The expenditure incurred for the purchase of furniture and equipments has been wrongly accounted as Capital-Work-in Progress. The expenditure incurred for the creation of fixed assets has not been transferred to capital contribution as liability.
9. Schedule B-17: Cash and Bank Balances - Bank reconciliation has not been done for all accounts.
10. Schedule I-4(b): The expenditure incurred for water and electricty charges are erroneously booked as income in the Income & Expenditure Statement.
11. The actual income and expenditure in respect of MGNREGS does not agree with the respective figures in the Annual Financial Statement.
12. Schedule I-18: The adjustment entries recorded as Prior Period items are not substantiated by supporting documents.
13. Journal entries are not substantiated by supporting documents.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പന്തളം മുനിസിപ്പാലിറ്റിയുടെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്